# കക്കോടിഗ്രാമപഞ്ചായത്ത്

പതിനാലാം പഞ്ചവത്സര പദ്ധതി (2022–2027)

# സ്റ്റാറ്റസ് റിപ്പോർട്ട് 2025–26

# ആമുഖം

കേരളത്തിലെ ജനകീയ ആസൂത്രണപ്രസ്ഥാനം കാൽ നൂറ്റാണ്ടിലെ ത്തിയിരിക്കുകയാണ്. കഴിഞ്ഞ 25 വർഷത്തെ വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനങ്ങളിലൂടെ പ്രാദേശിക ഭരണത്തിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാനും രാജ്യവും ലോകവും ഉറ്റുനോക്കുന്ന വികസനത്തിന്റെ മാതൃക സംസ്ഥാനമായി മാറുവാനും കേരളത്തിന് കഴിഞ്ഞു. കേരളത്തിലെ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് മികച്ച മാതൃക യാണ്. 73,74 ഭരണഘടന ഭേദഗതികൾക്ക് ശേഷം, ഒൻപതാം പദ്ധതി മുതൽ കേരളത്തിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനമാണ് നമ്മുടെ സംസ്ഥാനത്തെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാക്കിയത്. ഒട്ടേറെ വികസന മാതൃകകൾ സൃഷ്ടിക്കാൻ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾക്ക് കഴിഞ്ഞു. ഏറ്റവും മഹത്തായ സവിശേഷത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനങ്ങളുമായുള്ള അടുപ്പം തന്നെയാണ്. ജനകീയാസൂത്രണത്തിനൊപ്പം നിരവധി നടപടി കൾ അന്ന് മുതൽ കൈകൊള്ളുകയുണ്ടായി. 1996 ൽ രൂപീകരിച്ച സെൻ കമ്മറ്റിയും സെൻകമ്മറ്റി റിപ്പോർട്ടിൻമേലുള്ള നടപടികളും 2017 ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുവാൻ സഹായിച്ചു. അതോടൊപ്പം പുതിയ കേരള സൃഷ്ടിക്കായ് നവകേരള കർമ്മ പരിപാടി പ്രഖ്യാപിക്കപ്പെട്ടു.. ഹരിത കേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും അവരുടെ പിൻതുണയോടെയും മുന്നോട്ട് കൊണ്ട് പോയി.

പതിനാലാം പഞ്ചവത്സര പദ്ധതിക്ക് നിശ്ചയി ച്ചിട്ടുള്ള പൊതുലക്ഷ്യങ്ങൾ, സവിശേഷ വികസന ലക്ഷ്യങ്ങൾ, പൊതു മുൻഗണനകൾ എന്നിവ കണക്കിലെടുത്ത്, ഈ ഭരണ സമിതിയുടെ കാലയളവിലെ അവസാന വാർഷിക പദ്ധതിയിൽ അതിദാരിദ്ര്യ മുക്ത പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് ലക്ഷ്യമിട്ട് കൊണ്ടുള്ള പദ്ധതികൾ 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ- സ്മാർട്ട് അപ്ലിക്കേഷൻ നടപ്പിലാവുന്നതിലൂടെ പൊതുജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസിൽ എത്താതെ തന്നെ തങ്ങളുടെ സേവന ആവശ്യങ്ങൾ നിർവഹിക്കപ്പെടും എന്ന് പ്രതീക്ഷിക്കുകയാണ്. കടലാസ് രഹിത ഓഫീസുകളിലേക്കുള്ള മാറ്റം നാം പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു.

പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസരങ്ങളുടെ സൃഷ്ടിയും പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളായതിനാൽ, നമ്മുടെ പഞ്ചായത്തും സ്വയം തൊഴിൽ സംരംഭങ്ങളും, തൊഴിൽ ദായക സംരംഭങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമാക്കി തൊഴിലില്ലായ്മ പരിഹരിക്കുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്. എന്റെ തൊഴിൽ എന്റെ അഭിമാനം എന്ന ക്യാമ്പയിനും, വ്യവസായ വകുപ്പിൻെറ ഇടപെടലും കൂടിയായപ്പോൾ നമ്മുടെ പഞ്ചായത്തിൽ 270 ഓളം സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചു. പഞ്ചായത്ത് പദ്ധതിയിലൂടെ വനിതകളുടെ കാറ്ററിംഗ് യൂണിറ്റ് ഉൾപ്പെടെ ആരംഭിച്ചിട്ടുണ്ട്. ബാലസൗഹൃദ അങ്കണവാടികൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് പഞ്ചായത്തിലെ എല്ലാ അങ്കണവാടികളും സ്മാർട്ട് ആക്കുന്നതിന് ഈ പദ്ധതിയിൽ ലക്ഷ്യം വച്ചിട്ടുണ്ട്.

സമ്പൂർണ്ണ ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കി പഞ്ചായത്തിനെ മാലിന്യമുക്തമാക്കുന്നതിനുള്ള സമഗ്ര പദ്ധതിയുടെ ഭാഗമായി സ്വച്ച് ഭാരത് മിഷൻ ഗ്രാന്റ്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, എന്നീ ഫണ്ടുകൾ ഉപയോഗപ്പെടുത്തി ഈ മേഖലയിൽ മാറ്റങ്ങൾ വരുത്താൻ നമുക്ക് കഴിയണം.

ഇതിനായി കൂട്ടായി പരിശ്രമിക്കാം.
സ്നേഹപൂർവ്വം,

**കെ. പി. ഷീബ**

**പ്രസിഡണ്ട്**

**കക്കോടി ഗ്രാമപഞ്ചായത്ത്**

# കക്കോടി ഗ്രാമപഞ്ചായത്ത്

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| പഞ്ചായത്ത് | – കക്കോടി |
| റവന്യൂ വില്ലേജ് | – കക്കോടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | – കക്കോടി, മോരീക്കര, പാലത്ത് (W 9,11,12, 13) ഒളോപ്പാറ (W 2,3) |
| ബ്ലോക്ക് പഞ്ചായത്ത് | – ചേളന്നൂർ |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | – കക്കോടി |
| താലൂക്ക് | – കോഴിക്കോട് |
| ജില്ല | – കോഴിക്കോട് |
| അസംബ്ലി മണ്ഡലം | – എലത്തൂർ |
| ലോക് സഭ | – കോഴിക്കോട് |
| വിസ്തീർണ്ണം | – 18.59 ച.കി.മീ |
| ജനസംഖ്യ | – 42,866 (2011 ലെ സെൻസസ് ) |
| വാർഡുകളുടെ എണ്ണം | – 21 |
| പ്രസിഡണ്ട് | – ശ്രീമതി. കെ. പി. ഷീബ |
| വൈസ് പ്രസിഡണ്ട് | – ശ്രീ. ടി. ടി. വിനോദ് |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ | – ശ്രീമതി. താഴത്തയിൽ ജുമൈലത്ത്, |
| | – ശ്രീ. കൈതമോളി മോഹനൻ |
| | – ശ്രീമതി. പുനത്തിൽ മല്ലിക |
| ജില്ലാ പഞ്ചായത്തംഗം | – ശ്രീ. ഇ. ശശീന്ദ്രൻ |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | – ശ്രീ. കെ. പി സുനിൽകുമാർ |
| | – ശ്രീമതി. സുജ അശോകൻ |
| | – ശ്രീ. എൻ. ഫാസിൽ |
| | – ശ്രീമതി. ഷീന ചെറുവലത്ത് |
| സെക്രട്ടറി | – ശ്രീ. നിഷാന്ത് ആർ |

# കക്കോടി ഗ്രാമപഞ്ചായത്ത്

# ഭരണസമിതി അംഗങ്ങൾ

| പേര് | വാർഡ് നമ്പറും പേരും | സ്ഥാനം |
|---|---|---|
| കെ. പി. ഷീബ | 9 കണ്ണാടിച്ചാൽ | പ്രസിഡണ്ട് |
| വിനോദ് ടി.ടി | 6 കോട്ടക്കൽ താഴം | വൈസ് പ്രസിഡണ്ട് |
| താഴത്തയിൽ ജുമൈലത്ത് | 17 കക്കോടി | ചെയർപേഴ്സൺ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി |
| കൈതമോളി മോഹനൻ | 10 പടിഞ്ഞാറ്റുംമുറി | ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി |
| പുനത്തിൽ മല്ലിക | 1 ചെറുകുളം | ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി |
| പ്രമീള എൻ | 2 ബദിരൂർ | അംഗം |
| രാജേഷ് തേവളളകണ്ടി | 3 കോട്ടൂപ്പാടം | അംഗം |
| അഡ്വ. സി. ടി. ശിവാനന്ദൻ | 4 തെക്കണ്ണിത്താഴം | അംഗം |
| സി. പി. വിനീത | 5 ചെലപ്രം | അംഗം |
| ശ്രീലത കണ്ടിയിൽ | 7 കൂടത്തുംപൊയിൽ | അംഗം |
| ബിന്ദു മാമ്പറ്റ | 8 പെരിഞ്ചിലമല | അംഗം |
| എൻ. കെ. ഉപശ്ലോകൻ | 11 കണിയാറക്കൽ | അംഗം |
| ഇ. എം. ഗിരീഷ് കുമാർ | 12 വളപ്പിൽതാഴം | അംഗം |
| അജിത നെരവത്ത് | 13 കിഴക്കുംമുറി | അംഗം |
| നിഷ പിലാക്കാട്ട് | 14 കക്കാട്ടുമല | അംഗം |
| കെ.ടി. സാഹിദ് | 15 കിരാലൂർ | അംഗം |
| എം. ശോഭ | 16 കക്കോടിബസാർ ഈസ്റ്റ് | അംഗം |
| കെ. ടി. സിയാബ് | 18 മോരീക്കര | അംഗം |
| വിജയൻ ചാനാരി | 19 മോരീക്കര നോർത്ത് | അംഗം |
| വളപ്പിൽ രാജൻ | 20 ഒറ്റത്തെങ്ങ് സൗത്ത് | അംഗം |
| ശുഭ പി ചെറുകണ്ടിയിൽ | 21 ഒറ്റത്തെങ്ങ് | അംഗം |

| ആസൂത്രണസമിതി അംഗങ്ങളുടെ വിവരങ്ങൾ | | | |
|---|---|---|---|
| ക്രമനമ്പർ | പേരും വിലാസവും | ആസൂത്രണസമിതിയിലെ സ്ഥാനം | ഫോൺ നമ്പർ |
| 1 | കെ. പി ഷീബ, പ്രസിഡണ്ട്, കക്കോടി ഗ്രാമപഞ്ചായത്ത് | ചെയർപേഴ്സൺ | 9496048194 |
| 2 | നിഷാന്ത്.ആർ, സെക്രട്ടറി, കക്കോടി ഗ്രാമപഞ്ചായത്ത് | കൺവീനർ | 9496048195 |
| 3 | പി ശോഭീന്ദ്രൻ , പണിക്കോട്ടിൽ ,കക്കോടി | വൈസ് ചെയർമാൻ | 9995205960 |
| 4 | വിനോദ്. ടി ടി, വൈസ് പ്രസിഡണ്ട് | അംഗം | 9995320417 |
| 5 | താഴത്തയിൽ ജുമൈലത്ത്, ചെയർപേഴ്സൺ വികസന സ്റ്റാൻറിംഗ് കമ്മറ്റി | അംഗം | 9995438731 |
| 6 | മല്ലിക പുനത്തിൽ, ചെയർപേഴ്സൺ, ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മററി | അംഗം | 9946793385 |
| 7 | കൈതമോളി മോഹനൻ, ചെയർമാൻ , ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മറ്റി | അംഗം | 9447633581 |
| 8 | കോട്ടയിൽ ഉണ്ണി, ദീപ്തി, കിഴക്കുംമുറി | അംഗം | 9446439920 |
| 9 | ഡോ പി. ബി. സന്തോഷ് കുമാർ, മഞ്ജീരം , പടിഞ്ഞാറ്റുമുറി | അംഗം | 9446067362 |
| 10 | എം രാജേന്ദ്രൻ, മേടയിൽ, കക്കോടി | അംഗം | 9495160228 |
| 11 | വി മുകുന്ദൻ, വട്ടോത്ത്, മക്കട | അംഗം | 9400965561 |
| 12 | സി ശിവദാസൻ , ശിശിരം | അംഗം | 9497303180 |
| 13 | പി ബാലചന്ദ്രൻ , രാഗം, എൻ വി റോഡ് | അംഗം | 9447446175 |
| 14 | എം ആലിക്കോയ, മഠത്തിൽ | അംഗം | 9895549699 |
| 15 | എം.കെ.നാരായണൻ, മൂശാരികണ്ടിയിൽ | അംഗം | 8129234378 |
| 16 | കെ. കെ. ചോയിക്കുട്ടി, കിഴക്കെകുനിയിൽ | അംഗം | 6238871564 |
| 17 | അഞ്ജലി.എസ് .അസിസ്റ്റന്റ് സെക്രട്ടറി | അംഗം | 9495308770 |
| 18 | പൂതലേടത്ത് പ്രകാശൻ | അംഗം | 9946391778 |

# (1)

# പൊതുഭരണവും ധനകാര്യവും

## വർക്കിംഗ് ഗ്രൂപ്പംഗങ്ങളുടെ വിവരങ്ങൾ (2025-26)

**പൊതുഭരണവും ധനകാര്യവും (കണക്കുകൾ ,രേഖകൾ എന്നിവ തയ്യാറാക്കൽ ,ഭരണം മെച്ചപ്പെടുത്തൽ ,മുതലായവ**

| ക്രമ നമ്പർ | പേരും വിലാസവും | ഫോൺ,ഇമെയ് | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | എസ്.സി സി /മറ്റുള്ളവ | വിദ്യാഭ്യാസയോഗ്യത | തൊഴിൽ |
|---|---|---|---|---|---|---|
| 1 | ടി.ടി വിനോദ് വൈസ് പ്രസിഡണ്ട് | 9995320417 | ചെയർമാൻ | ജനറൽ | | |
| 2 | കെ.കെ ചോയിക്കുട്ടി | 9349404005 | വൈസ് ചെയർമാൻ | ജനറൽ | | |
| 3 | നിഷാന്ത് ആർ സെക്രട്ടറി കക്കോടി ഗ്രാമപഞ്ചായത്ത് | 9446161787 | കൺവീനർ | ജനറൽ | | |
| 4 | ജയൻ പൂരങ്ങോട്ടുമ്മൽ | 9048483597 | അംഗം | ജനറൽ | S S L C | Security |
| 5 | രാജൻ കിഴപ്പറ്റ്യാട്ട് ചെറുകുളം | 8086318366 | അംഗം | ജനറൽ | Pree- Degree | |
| 6 | സി രവീന്ദ്രൻ | 9447209224 | അംഗം | ജനറൽ | Degree | Pensioner |
| 7 | ടി പ്രമോദ് | | അംഗം | ജനറൽ | | |
| 8 | എം.എ ഷാജി മേലേടത്ത്,മോരിക്കര | 9446316687 | അംഗം | ജനറൽ | Degree | Pensioner |
| 9 | ഭാഗ്യേശ്വരി | | അംഗം | ജനറൽ | | |
| 10 | റിലിംഷ പറമ്പത്ത് | 9846674819 | അംഗം | ജനറൽ | Degree | |
| 11 | സുബേഷ് പറമ്പിലാടത്ത് | | അംഗം | ജനറൽ | | |
| 12 | സുനിൽ പി അക്കൗണ്ടൻറ് | | അംഗം | ജനറൽ | | അക്കൗണ്ടൻറ് |
| 13 | രാജേഷ് തേവളുകണ്ടിയിൽ -മെമ്പർ | | അംഗം | | | |
| 14 | ശരത് ലാൽ വാർഡ് 9 | 9846516282 | അംഗം | | | |
| 15 | എം എ സിറാജ് | | അംഗം | | | |
| 16 | ഉഷ കെ CDS Ward 2 | | | | | |

## അധ്യായം 1

1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

കേരളത്തിൽ ആരംഭിച്ച വികേന്ദ്രീകൃത ആസൂത്രണത്തിൻറെയും പങ്കാളിത്ത ജനാധിപത്യത്തിൻറെയും ഭാഗമായുള്ള ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ ഏറെക്കാലം നീണ്ട നിന്ന വിദേശാധിപത്യം ചൈതന്യം ചോർത്തി കളഞ്ഞ നമ്മുടെ രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാനായിരുന്നു സ്വാതന്ത്ര്യാനന്തര ഭാരതത്തിൻറെ ഭരണ നേതൃത്വം ആസൂത്രിത വികസനത്തിന് വേണ്ടി 1951 ൽ പഞ്ചവത്സര പദ്ധതി ആവിഷ്കരിച്ചത് . ഇതിലൂടെ ഒരുപാട് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു എങ്കിലും ലക്ഷ്യമിട്ട നേട്ടങ്ങളിലേക്ക് എത്താൻ കഴിഞ്ഞില്ല എന്നത് യാഥാർത്ഥ്യമാണ്. കേന്ദ്രീകൃത ഭരണവ്യവസ്ഥക്ക് കീഴിൽ കേന്ദ്രീകൃതമായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ ജനങ്ങളുടെ ആവശ്യങ്ങളിൽ നിന്ന് ഉയർന്നു വന്നതായിരുന്നില്ല., മാത്രവുമല്ല ഈ പദ്ധതികൾ ജനങ്ങളിൽ നിന്നും അന്യവത്ക്കരിക്കപ്പെട്ടു. ജനങ്ങളുടെ വിയർപ്പിൽനിന്നും കോടിക്കണക്കിന് രൂപ സ്വരൂപിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടത്തിയത് ജനങ്ങളുടെ ക്ഷേമത്തിനായിരുന്നെങ്കിലും അത് അവർക്ക് അനുഭവപ്പെട്ടിരുന്നില്ല. മറിച്ച് നേട്ടങ്ങളിൽ കൊയ്ത്ത് നടത്തിയവർ ഇടനിലക്കാരായിരുന്നു എന്ന വസ്തുതയാണ്

ആസൂത്രിത വികസനം സംബന്ധിച്ച് പുനർവിചിന്തനം നടത്താനും അധികാര വികേന്ദ്രികരണത്തെ ആസ്പദമാക്കി 73,74 ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തീരാജ് നഗരപാലിക നിയമം പാർലിമെൻറിൽ പാസാക്കാനും ഇട വന്നത്. ഇന്ത്യക്ക് മാതൃകയായ പല ഭരണനടപടികളും സ്വീകരിച്ച കേരളം ഈ ഭരണഘടനാ ഭേദഗതിയെ സമർത്ഥമായി ഉപയോഗിച്ചു. ആസൂത്രണ രംഗത്ത് ജനകീയ പങ്കാളിത്തം ഉറപ്പ് വരുത്തി വികേന്ദ്രീകൃത ആസൂത്രണം പ്രഖ്യാപിച്ചു. അതാണ് ജനകീയാസൂത്രണ പദ്ധതി. അധികാരം ജനങ്ങളിലേക്ക് എന്ന ലക്ഷ്യത്തിൻറെ അടിസ്ഥാനത്തിലാണ് ഈ പ്രവർത്തനം 1996 ഓഗസ്റ്റ് 17 ന് കേരളം പ്രഖ്യാപിച്ചത്.

ഉല്പാദന മേഖലയിൽ വേണ്ടത്ര നേട്ടം കൈവരിക്കാതെ സേവന മേഖല പുഷ്ടിപ്പെടുത്തികൊണ്ട് ജീവിത ഗുണമേൻമ നേടിയ ഒരു ജനത എന്ന നിലയയിൽ കേരള മോഡൽ വികസനം ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെട്ടുന്നുവെങ്കിലും കേരളം നേരിടാനിരിക്കുന്ന വലിയ സാമ്പത്തിക പ്രതിസന്ധി സാമ്പത്തിക വിദഗ്ധൻമാർ ചൂണ്ടിക്കാണിച്ചു. ഉല്പാദന മേഖല മുരടിച്ചു നിൽക്കുന്ന അവസ്ഥയിൽ നാം നിത്യ ജിവിതത്തിനു വേണ്ട വിഭവങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചിരുന്നു. ഒരു ഉപഭോക്തൃ സംസ്ഥാനം എന്ന നിലക്ക് നമ്മുടെ സാമ്പത്തിക സ്രോതസ്സിലൊന്ന് ഗൾഫിൽ നിന്നും മറ്റും വരുന്ന പണമായിരുന്നു. അതിനു തടസ്സം നേരിട്ടുന്ന സമീപനങ്ങൾ ഗൾഫ് രാജ്യങ്ങളിൽ നിന്നുണ്ടായി. കാർഷിക വ്യവസായ മുരടിപ്പിന് അതിവേഗം പരിഹാരം കണ്ടില്ലെങ്കിൽ ഒരു ജനത എന്ന നിലക്ക് നമ്മുടെ നിലനിൽപ്പ് അപകടപ്പെട്ടും എന്നതായിരുന്നു അവസ്ഥ. ഈ സന്നിഗ്ദാവസ്ഥയെ മറി കടക്കാൻ 9 ാം പദ്ധതിയെ ജനകീയ പദ്ധതിയായി അവതരിപ്പിച്ചുകൊണ്ട് ജനകീയാസൂത്രണ പ്രക്രിയകൾക്ക് തുടക്കമിട്ടു. കക്കോടി ഗ്രാമപഞ്ചായത്ത് ഈ പ്രവർത്തനത്തിൽ സജീവ പങ്കാളിയായി.

1996 സപ്തംബർ 3,4,5 തിയ്യതികളിൽ നടന്ന ജില്ലാതല പരിശീലനത്തിൽ 9 പേർ പങ്കെടുത്തു. 10.09.96 ന് കലാസാംസ്കാരിക സ്ഥാപനങ്ങളുടെ യോഗം ചേരുകയും 9 ാം പദ്ധതിയുടെയും ഗ്രാമസഭകളുടെയും പ്രചരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. 11.09.96 ന് 1 ാം ഘട്ട പഞ്ചായത്ത്തല പരിശീലനത്തിൽ 42 പേർ പങ്കെയുത്തു. 17.09.96 ന് പ്രചരണ പരിപാടി സംഘടിപ്പിച്ചു. 21.09.96 മുതൽ 02.10.96 വരെയുള്ള കാലയളവിൽ ഒഴിവ് ദിവസങ്ങളിൽ 12 വാർഡുകളിലും ഗ്രാമസഭകൾ വിജയകരമായി നടന്നു. ഗ്രാമസഭകളിൽ മൊത്തം 2668 പേർ പങ്കെടുത്തു. ഇതിൽ 654 പേർ സ്ത്രീകളായിരുന്നു. തുടർന്ന് 05.10.96 ന് ജില്ലാതല പരിശിലക യോഗം ചേർന്ന് 13.10.96 ന് ദ്വിതീയ വിവരശേഖരണത്തിന് തുടക്കമിട്ടു. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളുടെയും ദ്വിതീയ വിവരശേഖരണത്തിൻറെയും അടിസ്ഥാനത്തിൽ കരട് റിപ്പോർട്ട് തയ്യാറാക്കി. ഒക്ടോബർ 22,23,24 വീണ്ടും ജില്ലാതല പരിശീലനം നടന്നു. ഇതിൽ ഉദ്യോഗസ്ഥരും പങ്കാളികളായി . 27.10.96 ന് പഞ്ചായത്ത് തലത്തിൽ പഠന പര്യടനം നടന്നു. ആവേശകരമായ ഈ പഠനയാത്രയിൽ പഞ്ചായത്ത് ഭൂപ്രകൃതിയെ സംബന്ധിച്ചും വിളകളെ സംബന്ധിച്ചും മറ്റും സമഗ്രമായ വിവരശേഖരണമാണ് ഈ പഠനപര്യടന സംഘം നടത്തിയത്. തുടർന്ന് വീണ്ടും പഞ്ചായത്ത്തല പരിശീലനം നടത്തി, വികസന സെമിനാറിലേക്ക് വികസനറിപ്പോർട്ട് തയ്യാറാക്കാൻ 12 ഗ്രൂപ്പുകൾ രൂപീകരിച്ചു. കേരളപ്പിറവിയുടെ 40 ാം വാർഷികമായ 96 നവംബർ 1 ന് ജനകീയാസൂത്രണ പ്രവർത്തനത്തിൻറെ ഭാഗമായി പുനരർപ്പണ ദിനമായി ആചരിക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുക്കുകയും 12 വാർഡുകളിൽ സന്നദ്ധ പ്രർത്തനം നടത്തുവാൻ തീരുമാനിക്കുകയും ചെയ്തു. ആവശ്യമായ സാധന സാമഗ്രികൾ പഞ്ചായത്ത് ചിലവിൽ വാങ്ങ്ങാൻ തീരുമാനിച്ചു. 22 വികസന പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചത്. ആയിരത്തിലേറെ പേർ നവംബർ 1 ന് മാത്രം ശ്രമദാനം നടത്തി. രണ്ടര ലക്ഷത്തോളം രൂപയുടെ സാധനസാമഗ്രികളും 2000 തത്തോളം മനുഷ്യാദ്ധ്വാനവും ചിലവഴിച്ചു നടത്തിയ പ്രസ്തുത വികസന പ്രവർത്തനങ്ങളുടെ മതിപ്പ് മൂല്യം 5 ലക്ഷത്തിലേറെ രൂപക്കുള്ളതാണ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിൻറെ പ്രവർത്തനം ആരംഭിച്ച ശേഷം ഈ പുതുയ ആശയത്തെ നെഞ്ചേറ്റുവാനും എല്ലാ സങ്കുചിത ചിന്താഗതികൾക്കും അതീതമായി കൂട്ടായ്മയോടെ പ്രവർത്തിക്കുവാൻ സന്നദ്ധപ്രവർത്തകർ മുന്നോട്ട് വന്നിട്ടുണ്ട്. ഉദ്യോഗസ്ഥരും വിദഗ്ധരും പൊതു പ്രവർത്തകരും ജനപ്രതിനിധികളും അടങ്ങുന്ന 12 ഗ്രൂപ്പുകൾ രാപ്പകൽ ഭേദമന്യേ തയ്യാറാക്കിയ വികസനരേഖയാണ് തുടർന്നുള്ള പഞ്ചവത്സരപദ്ധതികൾക്ക് മാർഗ്ഗരേഖയായി വർത്തിച്ചത്.

# ജനകീയാസൂത്രണ  ആരംഭകാലത്തെ  ഗ്രാമപഞ്ചായത്ത്

| | |
|---|---|
| പഞ്ചായത്ത് | കക്കോടി |
| റവന്യൂവില്ലേജ് | കക്കോടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | കക്കോടി |
| ബ്ലോക്ക് പഞ്ചായത്ത് | ചേളന്നൂർ |
| താലൂക്ക് | കോഴിക്കോട് |
| ജില്ല | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | കൊടുവള്ളി |
| ലോക സഭ | കോഴിക്കോട് |
| ജനസംഖ്യ | 30024 |
| വിസ്തീർണ്ണം | 18.59 ച.കി.മീ |
| വാർഡുകളുടെ എണ്ണം | 12 |

## ഗ്രാമപഞ്ചായത്ത്  ഭരണസമിതി

| വാർഡ് | പേര് | സ്ഥാനം |
|---|---|---|
| 1 | കെ. കെ. ചോയിക്കുട്ടി | പ്രസിഡണ്ട് |
| 2 | എം. വാസുമാസ്റ്റർ | വൈസ് പ്രസിഡണ്ട് |
| 3 | എം എ സിറാജ് | സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| 4 | വി. എം. രവീന്ദ്രൻ | മെമ്പർ |
| 5 | കയ്യട്ടയിൽ പുഷ്പ | ,, |
| 6 | എം. രാജേന്ദ്രൻ | ,, |
| 7 | ചാലിൽ ബീന | ,, |
| 8 | ഷീബ ശശി | ,, |
| 9 | കെ. രാമകൃഷ്ണൻ | ,, |
| 10 | എൻ ജയകൃഷ്ണൻ മാസ്റ്റർ | ,, |
| 11 | സുജ അശോകൻ | ,, |
| 12 | മാടിച്ചേരി ഗംഗാധരൻ | ,, |

## ഗ്രാമപഞ്ചായത്ത്  ഉദ്യോഗസ്ഥർ

| പേര് | സ്ഥാനം |
|---|---|
| പി. രാജൻ | സെക്രട്ടറി |
| വി. കൃഷ്ണൻകുട്ടി | ജെ.എസ് |
| കെ. ഗോവിന്ദൻ നമ്പൂതിരി | യു.ഡി.സി |
| എ.ഡി. സത്യനാഥൻ | യു.ഡി.സി |
| പി.കെ. രാധ | യു.ഡി.സി |

| | |
|---|---|
| ടി.പി. ഉഷാഭായ് | യു.ഡി.സി |
| പി.കെ. രത്നകല | യു.ഡി.സി |
| കെ.ടി. ഗംഗാഭായ് | യു.ഡി.സി |
| എം. ബാലചന്ദ്രൻ നായർ | യു.ഡി.സി |
| എം.വി. ഭാനുമതി | പ്യൂൺ |
| ആർ. നാരായണി | പി.ടി.എസ് |
| സി. ബാവ | പി.ടി.എസ് |
| കെ.പി. ശ്യാമള | ലൈബ്രേറിയൻ |

ഇന്നത്തെ അവസ്ഥ

ഗ്രാമപഞ്ചായത്ത് ഓഫീസിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് എന്നിങ്ങനെ തൊട്ട് എഫ്.ടി.എസ് സംവിധാനം വരെ 21 ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. ഭരണപരമായ ചുമതലകൾ വർദ്ധിച്ചു., ജനകീയാസൂത്രണത്തിന്റെ ആദ്യ അഞ്ചുവർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ എല്ലാ സൗകര്യങ്ങളോടുകൂടിയ ഓഫീസ് കെട്ടിടം ആവശ്യമാണ് എന്ന് ഭരണസിമിതി തീരുമാനിച്ച് ഇപ്പോഴുള്ള ഓഫീസ് കെട്ടിടനിർമ്മാണം ആരംഭിച്ചത്. പുഴയുടെ സമീപത്തായതിനാൽ ഈ കെട്ടിട നിർമ്മാണം യാതൊരു പോരായ്മയോ പ്രശ്നങ്ങളോ ഉണ്ടാകുവാൻ പാടില്ലെന്ന ഭരണസമിതിയുടെ കാഴ്ചപ്പാടിന്റെ ഭാഗമായി ഇതിന്റെ Structural Design ചെയ്തത് റീജ്യനൽ എഞ്ചിനീയറിംഗ് കോളജിലെ (ആർ.ഇ.സി) ആർക്കിടെക്റ്റുകൾ ആയിരുന്നു. വിവിധ ഫണ്ടുകളുടെ ഏകോപനം വഴിയാണ് ഈ കെട്ടിടം നിർമ്മാണം നടന്നത്. എല്ലാ ഘടകസ്ഥാപനങ്ങളും ഒരു കുടക്കീഴിൽ എന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണ് കെട്ടിടനിർമ്മാണം നടന്നത്. 2001-06 ഭരണസമിതിയുടെ കാലയളവിൽ ഓഫീസ് പ്രവർത്തനം ഈ പുതിയ കെട്ടിടത്തിലേക്ക് മാറി. ശ്രീമതി. സുജ അശോകൻ പ്രസിഡണ്ടും KCK ഉണ്ണി വൈസ് പ്രസിഡണ്ടുമായ കാലഘട്ടത്തിലാണ് ഈ ഓഫീസ് മാറ്റം ഉണ്ടായത്. ഈ 25 വർഷം പിന്നിടുമ്പോൾ ഈ ഓഫീസ് സ്ഥലമില്ലായ്മകൊണ്ട് വീർപ്പുമുട്ടുന്നു. ഇതിന്റെ പരിമിതിക്കുള്ളിലാണ് പഞ്ചായത്ത് മീറ്റിംഗ് ഹാൾ പ്രവർത്തിച്ചുവരുന്നത്. എല്ലാ സൗകര്യങ്ങളോടുകൂടിയ ഓഫീസ് - സൗകര്യപ്രദമായി ഇരുന്ന് ജോലിചെയ്യാനുള്ള സൗകര്യം പൊതുഭരണം വിജയപ്രദമാക്കുവാൻ സാധിക്കുന്ന ഘടകങ്ങളിൽ ഒന്നാണ്.

**ഉദ്യോഗസ്ഥ ഘടന**

| | |
|---|---|
| സെക്രട്ടറി | 1 |
| അസി. സെക്രട്ടറി | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| അക്കൗണ്ടന്റ് | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| സീനിയർ ക്ലാർക്ക് | 4 |
| ക്ലാർക്ക് | 5 |
| ഡ്രൈവർ | 1 |
| ഓഫീസ് അറ്റൻഡർ | 2 |
| ഫുൾടൈം സ്വീപ്പർ | 3 |
| പാർട്ട് ടൈം ലൈബ്രേറിയൻ | 1 |

ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ഘടകസ്ഥാപനങ്ങളിൽ നിന്നുമുള്ള സേവനങ്ങൾ കാലതാമസം കൂടാതെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഭരണസമിതി ലക്ഷ്യമിടുന്നത്. ആയതിലേക്കായി ഗ്രാമപഞ്ചായത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. VEO, ICDS സൂപ്പർ വൈസർ എന്നിവർക്ക് പ്രത്യേകം ഓഫീസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. സേവനങ്ങൾ

മെച്ചപ്പെടുത്തുന്നതിനായി ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. ഫോട്ടോ നിലവിൽ വന്നു. ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് ആവശ്യമായ പുതിയ ഇരിപ്പിടങ്ങളും ഒരുക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ സഹായത്തോടെ ബൈപ്പാസ് റോഡ് മുതൽ ഗ്രാമപഞ്ചായത്ത് ഓഫീസ് വരെ 10 സി.സി. ടി.വി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളും മറ്റ് കെട്ടിടങ്ങളും സ്ത്രീ സൗഹൃദ ഓഫീസ് ആക്കുന്നതിന്റെ ഭാഗമായി 22 നാപ്കിൻ വെൻഡിംഗ് & ഡിസ്പോസർ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസ് സമുച്ചയത്തിലെ കെട്ടിടങ്ങളിലേക്ക് വെള്ളം ലഭ്യമാക്കുന്നതിനായി ഉപയോഗശൂന്യമായി കിടന്ന കിണർ നവീകരിച്ച് ഉപയോഗപ്രദമാക്കി.

കോഴിക്കോട് നഗരാതിർത്തിയോട് ചേർന്നുകിടക്കുന്ന ഈ ഗ്രാമപഞ്ചായത്തിൽ സേവനങ്ങൾ പരമാവധി വേഗത്തിൽ നൽകിവരുന്നുണ്ട്. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതാണ്ട് നൂറോളം അപേക്ഷകൾ ഓരോ മാസവും വരുന്നുണ്ട്. ഇതിൽ അപാകതകൾ ഇല്ലാത്തവ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നുണ്ട്.

2021-22 വർഷം വസ്തുനികുതി പിരിവ്, വാർഷിക പദ്ധതി ചെലവ് പുരോഗതി എന്നിവയിൽ 100% നേട്ടം കൈവരിച്ചിട്ടുണ്ട്. ഈ വർഷവും 100% നികുതി പിരിവും 100% പദ്ധതി വിഹിതം വിനിയോഗിക്കലും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. നികുതിപിരിവ് നാളിതുവരെ 25% പിരിച്ചെടുത്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിസരങ്ങളിൽ പച്ചത്തുരുത്ത് നിർമ്മിക്കുന്നതിന്റെ ഭാഗമായി വൃക്ഷതൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ സേവനങ്ങൾ ഇന്ന് മിക്കവയും ഓൺലൈനായി ലഭ്യമാണ്. ജനന-മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ, പെൻഷൻ, കെട്ടിടനിർമ്മാണ അപേക്ഷകൾ എന്നിവ ഇന്ന് ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ മുഴുവനായും ഇപ്പോള് ഓൺലൈനിൽ ലഭ്യമാണ്. കെട്ടിട നികുതി, മറ്റ് അപേക്ഷാ ഫീസുകൾ എന്നിവ ഗ്രാമപഞ്ചായത്തിലേക്ക് ഓൺലൈനായി അടക്കാനുള്ള സൗകര്യം ഇപ്പോൾ ലഭ്യമാണ്. പേപ്പർരഹിത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്കാണ് ഗ്രാമപഞ്ചായത്ത് ശ്രമം നടത്തുന്നത്.

പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനുള്ള നടപടികളും കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. ഗ്രാമപഞ്ചായത്തും എല്ലാ ഘടക സ്ഥാപനങ്ങളും ISO നിലവാരത്തിലെത്തിച്ച് പൊതുജനങ്ങൾക്ക് സമയബന്ധിതമായും വേഗത്തിലും സേവനം നൽകുക എന്നതാണ് വരുംവർഷങ്ങളിലേക്കായി ലക്ഷ്യമാക്കുന്നത്.

## 2025-26 ഘടകസ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഘടന

## ഫാമിലി ഹെൽത്ത് സെന്റർ

| ജീവനക്കാർ | 1996-97 | 2025-26 |
|---|---|---|
| മെഡിക്കൽ ഓഫീസർ | 1 | 2 |
| നേഴ്സ് (Head) | 1 | 2 |
| നേഴ്സ് | - | 2 |
| ഹെൽത്ത് ഇൻസ്പെക്ടർ | - | 1 |
| ജൂനി. ഹെൽത്ത് ഇൻസ്പെക്ടർ | - | 3 |
| ജൂനി. പബ്ലിക് ഹെൽത്ത് നേഴ്സ് | - | 5 |
| ക്ലാർക്ക് | - | 1 |
| അറ്റൻഡർ | - | 1 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |
| ഫാർമസിസ്റ്റ് | - | 3 |
| ലാബ് ടെക്നീഷ്യൻ | - | 1 |
| നഴ്സിങ് അസിസ്റ്റന്റ് | - | 1 |

| | | |
|---|---|---|
| എച്ച്.എ | - | 1 |

**ഹോമിയോ ഡിസ്പെൻസറി**

| ജീവനക്കാർ | 1996-97 | 2025-26 |
|---|---|---|
| Medical Officer | - | 1 |
| Pharmacist | - | 1 |
| Attender | - | 1 |
| Casual Sweeper | - | 1 |

## ആയുർവേദം

| ജീവനക്കാർ | 2025-26 |
|---|---|
| Medical Officer | 1 |
| Attender | 1 |
| Sweeper | 1 |

**കൃഷിഭവൻ**

| ജീവനക്കാർ | 2025-26 |
|---|---|
| കൃഷി ഓഫീസർ | 1 |
| കൃഷി അസിസ്റ്റന്റ് | 3 |
| പി.ടി.എസ് | 1 |

**വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ്**

| ജീവനക്കാർ | 2025-26 |
|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 2 |

**ശിശുവികസന പദ്ധതി ഓഫീസ്**

| ജീവനക്കാർ | 2025-26 |
|---|---|
| ശിശുവികസന പദ്ധതി ഓഫീസർ | 1 |

## LSGD എഞ്ചിനീയറിംഗ് വിഭാഗം

| Sl. No. | ജീവനക്കാർ | 2025-26 |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |
| 2 | ഓവർസിയർ | 2 |

## പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളുടെ വിവരം

| | | |
|---|---|---|
| 1 | പൊതു-സ്വകാര്യ-സഹകരണ ധനകാര്യ സ്ഥാപനങ്ങൾ | 12 |
| 2 | ചെറുകിട വ്യവസായ സംരംഭങ്ങൾ (ആയുർവേദ-ഹോമിയോ മാനുഫാക്ചറിംഗ് യൂനിറ്റുകൾ ഉൾപ്പെടെ) | 20 |
| 3 | പ്രിന്റിംഗ് പ്രസ്സുകൾ | 3 |
| 4 | സൂപ്പർ മാർക്കറ്റുകൾ (സപ്ലൈകോ ഉൾപ്പെടെ) | 6 |
| 5 | രജിസ്ട്രാപ്പീസ് | 1 |
| 6 | പോസ്റ്റോഫീസ് | 3 |
| 7 | ബി.ആർ.സി (വിദ്യാഭ്യാസം) | 1 |
| 8 | ഇറിഗേഷൻ ഓഫീസ് (കെ. വൈ. ഐ. പി) | 1 |
| 9 | എം.ഇ.എസ് ആർക്കിടെക്ട് കോളജ് | 1 |
| 10 | പ്രീ മെട്രിക് ഹോസ്റ്റൽ | 1 |
| 11 | ബി.എസ്.എൻ.എൽ. | 1 |
| 12 | പെട്രോൾ പമ്പ് | 1 |
| 13 | കെ.എസ്.എഫ്.ഇ. ലിമിറ്റഡ് | 1 |
| 14 | കെ.എസ്.ഇ.ബി. | 1 |
| 15 | ലബോറട്ടറി | 6 |

| അംഗൻവാടികളുടെ വിശദവിവരം | |
|---|---|
| ആകെ | 33 അംഗൻവാടികൾ |
| വർക്കർമാർ | 33 |
| ഹെൽപർമാർ | 33 |

| | |
|---|---|
| കുട്ടികളുടെ എണ്ണം | 2921 |
| 2024 ൽ ചെലവഴിച്ച പദ്ധതിവിഹിതം | ലക്ഷം രൂപ |

**ഇപ്പോഴത്തെ LP സ്കൂളുകളുടെ അവസ്ഥ**

| സ്കൂൾ | Govt./ Aided | M | F | SC/ ST |
|---|---|---|---|---|
| മക്കട വെസ്റ്റ് ALPS | Aided | 36 | 31 | 8 |
| ബദിരൂര് ALPS | Aided | 96 | 76 | 32 |
| മക്കട ALPS | Aided | 52 | 43 | 11 |
| മക്കട പെരിഞ്ചിലമല ALPS | Aided | 16 | 14 | 8 |
| മോരിക്കര ALPS | Aided | 15 | 16 | 2 |
| MILPS കക്കോടി | Aided | 104 | 89 | 7 |
| കുരുവട്ടൂർ വെസ്റ്റ് ALPS | Aided | 24 | 22 | 13 |
| ഗവ: ALPS | Govt. | 152 | 141 | 34 |

**യു.പി സ്കൂളുകളുടെ ഇന്നത്തെ അവസ്ഥ**

| സ്കൂളിന്റെ പേര് | Govt./ Aided | M | F | SC/ ST |
|---|---|---|---|---|
| ഗവ. യു പി.സ്കൂൾ പടിഞ്ഞാറ്റുമുറി | Aided | 343 | 280 | 63 |
| മാതൃബന്ധു വിദ്യാശാല UPS | Aided | 76 | 59 | 14 |
| കിരാലൂർ AUPS | Aided | 61 | 53 | 12 |
| ഒറ്റത്തെങ്ങ് ഗവ. യു പി.സ്കൂൾ | Aided | 55 | 40 | 20 |

**<u>ഗവ: ഹൈസ്കൂൾ കക്കോടി</u>**

ജനകീയാസൂത്രത്തിന്റെ വിവിധ പദ്ധതികൾ, MLA ആസ്തി വികസനങ്ങൾ തുടങ്ങിയവയിലൂടെ സ്കൂളുകളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി. മറ്റു Aided സ്കൂളുകളോട് കിട പിടിക്കുന്ന സ്ഥാപനമായി മാറി. ശക്തമായ PTA, കർത്തവ്യബോധമുള്ള അദ്ധ്യാപകർ , നാട്ടുകാരുടെ ഇടപ്പെടൽ, തദ്ദേശസ്ഥാപനങ്ങളുടെ കൃത്യമായ ഇടപ്പെടൽ ഇവ മൂലം ഹൈസ്കൂൾ ഉന്നതനിലവാരത്തിലേക്ക് ഉയർന്നു. ഓരോ വർഷം കഴിയും തോറും കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. SSLC യ്ക്ക് 100% വിജയം ഒരു തുടർക്കഥയായി തുടരുന്നു.

## ഗവ: ഹയർ സെക്കണ്ടറി സ്കൂൾ

കാലയളവിലാണ് ഹയർ സെക്കണ്ടറി സ്കൂൾ ലഭിച്ചത്. ഹൈസ്കൂളിനോട് ചേർന്ന് കൊണ്ട് തന്നെ HSC പ്രവർത്തിക്കുന്നു. ജില്ലാ പഞ്ചായത്തിന് കീഴിലാണ് സ്ഥാപനം. തദ്ദേശസ്ഥാപനങ്ങളുടെ കൃത്യമായ ഇടപ്പെടൽ ഉണ്ടായിരുന്നു. Play ground,ലാബ് സൗകര്യം, NSS യൂണിറ്റ് തുടങ്ങിയവ. കൊമേഴ്സ്, സയൻസ്, ഹ്യൂമാനിറ്റീസ് എന്നീ മൂന്ന് ഗ്രൂപ്പുകൾ ഉണ്ട്.

### ഇപ്പോഴത്തെ അവസ്ഥ

| സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | M | F | അധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| ഗവ. ഹയർ സെക്കൻഡറി സ്കൂൾ കക്കോടി | 255 | 159 | 96 | - |

കക്കോടി ഗ്രാമപഞ്ചായത്തിന് പതിനാലാം പഞ്ചവത്സര പദ്ധതിയിൽ ലഭ്യമാവുമെന്ന പ്രതീക്ഷിക്കുന്ന വിഭവങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വിഭവസ്രോതസ്സ് | 2022-23 | 2023-24 | 2024-25 | 2025-26 | 2026-27 |
|---|---|---|---|---|---|---|
| 1 | പൊതുവിഭാഗം (ജനറൽ) | 22724000 | 24996400 | 27496040 | 30245644 | 33270208.4 |
| 2 | പ്രത്യേക ഘടകപദ്ധതി | 8561000 | 9417100 | 10358810 | 11394691 | 12534160.1 |
| 3 | ധനകാര്യ കമ്മീഷൻ വിഹിതം | 10957000 | 12052700 | 13257970 | 14583767 | 16042143.7 |
| 4 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 11322000 | 30015700 | 33017270 | 36318997 | 39950896.7 |
| 5 | മെയിന്റനൻസ് ഗ്രാൻ (നോൺ റോഡ്) | 7964000 | 5326200 | 5858820 | 6444702 | 7089172.2 |
| 6 | തനത് ഫണ്ട് വിഹിതം | 5300000 | 5830000 | 6413000 | 7054300 | 7759730 |
| 7 | ബ്ലോക്ക് -ജില്ല പഞ്ചായത്ത് വിഹിതം | - | - | - | - | - |
| 8 | നഗര സഞ്ചയ ഫണ്ട് വിഹിതം | 3000000 | 3300000 | 3630000 | | - |

2025-26 വാർഷിക പദ്ധതി ബജറ്റ് വിഹിതം -**AS PER BUDGET PROVISION 07-02-2025**

| | പ്ലാൻ (ജന) | FFC BASIC | FFC TIED | എസ്.സി.പി | ആകെ പ്ലാൻ | MG ROAD | MG NON ROAD |
|---|---|---|---|---|---|---|---|
| | 38745000 | 5508000 | 8262000 | 10032000 | 62547000 | 27900000 | 6742000 |
| **അനിവാര്യ വകയിരുത്തൽ** | | | | | | | |
| പാർപ്പിടം 20% | 7749000 | | | 2006400 | 9755400 | | |
| പാർപ്പിടം മേഖലയ്ക്ക് വകയിരുത്തിയതിന് ശേഷം വരുന്ന തുക (പ്ലാൻ ജനറൽ) | | | | | 30996000 | | |
| ഉത്പാദന മേഖല (പാർപ്പിട മേഖല കഴിച്ച പ്ലാൻ ജനറൽ .) min 30% | | | | | 9298800 | | |
| പശ്ചാത്തല മേഖല (പാർപ്പിട മേഖല കഴിച്ച പ്ലാൻ ജനറൽ . Max. 30%) | | | | | 9298800 | | |
| വനിത ഘടക പദ്ധതി (പാർപ്പിട മേഖല കഴിച്ച പ്ലാൻ ജനറൽ +എസ് .സി .പി ) 10% | | | | | 4102800 | | |
| കുട്ടികൾ, ഭിന്നശേഷി ഉള്ളവർ, ട്രാൻസ് ജെൻഡേഴ്സ് (പാർപ്പിട മേഖല കഴിച്ചപ്ലാൻ ജനറൽ +എസ് .സി .പി ) 5% | | | | | 2051400 | | |
| വയോജനക്ഷേമം, പാലിയേറ്റീവ് കെയർ (പാർപ്പിട മേഖല കഴിച്ചപ്ലാൻ ജനറൽ +എസ് .സി .പി ) 5% | | | | | 2051400 | | |
| പട്ടികജാതി ഉപപദ്ധതി പശ്ചാത്തലം (30%) | | | | | 3009600 | | |

## വർക്കിംഗ് ഗ്രൂപ്പംഗങ്ങളുടെ വിവരങ്ങൾ (2025-26)

### പൊതുഭരണവും ധനകാര്യവും (കണക്കുകൾ ,രേഖകൾ എന്നിവ തയ്യാറാക്കൽ ,ഭരണം മെച്ചപ്പെടുത്തൽ ,മുതലായവ

| ക്രമ നമ്പർ | പേരും വിലാസവും | ഫോൺ ,ഇമെയിൽ ഐ.ഡി | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | എസ്.സി/മറ്റുള്ളവ | വിദ്യാഭ്യാസയോഗ്യത | തൊഴിൽ |
|---|---|---|---|---|---|---|
| 1 | ടി.ടി വിനോദ് വൈസ് പ്രസിഡണ്ട് | 9995320417 | ചെയർമാൻ | ജനറൽ | | |
| 2 | കെ.കെ ചോയിക്കുട്ടി | 9349404005 | വൈസ് ചെയർമാൻ | ജനറൽ | | |
| 3 | നിഷാന്ത് ആർ സെക്രട്ടറി കക്കോടി ഗ്രാമപഞ്ചായത്ത് | 9446161787 | കൺവീനർ | ജനറൽ | | |
| 4 | ജയൻ പൂരങ്ങോട്ടുമ്മൽ | 9048483597 | അംഗം | ജനറൽ | S S L C | Security |
| 5 | രാജൻ കിഴപ്പറ്റ്യാട്ട് ചെറുകുളം | 8086318366 | അംഗം | ജനറൽ | Pree- Degree | |
| 6 | സി രവീന്ദ്രൻ | 9447209224 | അംഗം | ജനറൽ | Degree | Pensioner |
| 7 | ടി പ്രമോദ് | | അംഗം | ജനറൽ | | |
| 8 | എം.എ ഷാജി മേലേടത്ത്,മോരിക്കര | 9446316687 | അംഗം | ജനറൽ | Degree | Pensioner |
| 9 | ഭാഗ്യേശ്വരി | | അംഗം | ജനറൽ | | |
| 10 | റിലിംഷ പറമ്പത്ത് | 9846674819 | അംഗം | ജനറൽ | Degree | |
| 11 | സുബേഷ് പറമ്പിലാടത്ത് | | അംഗം | ജനറൽ | | |
| 12 | സുനിൽ പി അക്കൗണ്ടൻറ് | | അംഗം | ജനറൽ | | അക്കൗണ്ടൻറ് |
| 13 | രാജേഷ് തേവളുകണ്ടിയിൽ -മെമ്പർ | | അംഗം | | | |
| 14 | ശരത് ലാൽ വാർഡ് 9 | 9846516282 | അംഗം | | | |
| 15 | എം എ സിറാജ് | | അംഗം | | | |

കോഴിക്കോട് താലൂക്കിൽ, കോഴിക്കോട് കോർപ്പറേഷന് തൊട്ട് വടക്കുള്ള കക്കോടി ഗ്രാമപഞ്ചായത്ത് മക്കട, പടിഞ്ഞാറ്റുംമുറി എന്നീ റവന്യൂ വില്ലേജുകളെ സംയോജിപ്പിച്ച് രൂപം കൊടുത്തതാണ്. മക്കട, ബദിരൂർ, മോരീക്കര, മൂട്ടോളി, കിരാലൂർ, പടിഞ്ഞാറ്റുംമുറി,, കിഴക്കുംമുറി എന്നീ ദേശങ്ങൾ ഉൾപ്പെട്ട പ്രദേശം. കുന്നുകളും താഴ്വാരങ്ങളും വയൽപ്രദേശങ്ങളും 42 ഓളം ജലാശയങ്ങളും (കുളം) നിറഞ്ഞ 18.59 ച. കി. മീറ്റർ വിസ്തീർണ്ണമുള്ള ഒരു പ്രദേശമാണിത്. ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 42,866 ആണ്. അനുകൂല ഘടകങ്ങൾ ഉണ്ടെങ്കിലും പറയത്തക്ക വ്യവസായ സംരംഭങ്ങളൊന്നുമില്ലാത്ത ഗ്രാമപഞ്ചായത്ത് പൊതുവെ കാർഷികപ്രധാനമായ പ്രദേശമാണ്. ഇപ്പോൾ നഗരവൽക്കരണം സാരമായി ഈ ഗ്രാമപഞ്ചായത്തിനെ ബാധിച്ചതിനാൽ കാർഷിക ഭൂപ്രദേശങ്ങൾ കുറയുകയും പലയിടങ്ങളിലും വയൽ നികത്തപ്പെടുകയും ചെയ്തിട്ടുണ്ട്. പൂനൂർപുഴ തെക്ക് പടിഞ്ഞാറായി അതിരിട്ടൊഴുകുന്നു. ആദ്യകാലങ്ങളിൽ വളരെയേറെ ഗതാഗതപ്രാധാന്യമുള്ള പുഴയായിരുന്നു ഇത്. നേരത്തെ കക്കോടി പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും കാർഷികവിളകളുടെ നേട്ടകോട്ടങ്ങൾ നിർണ്ണയിക്കുവാൻ പൂനൂർ പുഴയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കരകവിഞ്ഞ് ഒഴുകാത്ത ഒരു മഴക്കാലവും കടന്നുപോകാറില്ല. ഓരോ വർഷവും താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തി നടിയിലാകുമ്പോൾ നിക്ഷേപിക്കപ്പെടുന്ന എക്കൽമണ്ണ് പ്രദേശത്തെ ഫലപുഷ്ടിയുള്ളതാക്കിയിട്ടുണ്ട്.

# മുൻകാല മാതൃകാ വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശ സ്ഥാപനത്തിൻറെ പേര് കക്കോടി　　വർക്കിംഗ് ഗ്രൂപ്പിന്റെ പേര് പൊതുഭരണവും ധനകാര്യവും　　FORM 3

| ക്രമ നമ്പർ | മേഖല / ഉപമേഖല | പ്രോജക്ടിൻറെ പേര് | Gen/SCP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | വിജയം കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | ഉത്പാദനം | ഐ കെ എം വിഹിതം നൽകൽ | Gen | 104306 | ഇ ഗവേണൻസ് മെച്ചപ്പെടുത്തൽ | ഇ ഗവേണൻസ് മെച്ചപ്പെടുത്താൻ സാധിച്ചു | |
| 2 | ഉത്പാദനം | സ്നേഹസപർശം | Gen | 300000 | കിഡ്നിപേഷ്യൻസിന് സഹായം നൽകൽ | കിഡ്നിപേഷ്യൻസിന് സഹായം നൽകൽ | |
| 3 | പശ്ചാത്തലം | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി | Gen | 4103909 | പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തൽ | 15 | |
| | സേവനം | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ,ഫോട്ടോസ്ററാററ് അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | Gen | 508541 | ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ സാധിച്ചു | |
| | സേവനം | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ | Gen | 1789608 | പ്രതിരോധപ്രവർത്തനങ്ങൾ | പ്രതിരോധപ്രവർത്തനങ്ങൾ | |

# പ്രതീക്ഷിച്ച പ്രയോജനം കൈവരിക്കാത്ത പ്രൊജക്ടുകൾ

തദ്ദേശ സ്ഥാപനത്തിൻറെ പേര് കക്കോടി　　വർക്കിംഗ് ഗ്രൂപ്പിൻറെ പേര് പൊതുഭരണവും ധനകാര്യവും　　FORM 4

| ക്രമ നമ്പർ | മേഖല /ഉപമേഖല | പ്രോജക്ടിൻറെ പേര് | Gen/SCP/TSP | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം) | ലക്ഷ്യമിട്ട പ്രയോജനങ്ങൾ ലഭിക്കാത്തതിൻറെ കാരണങ്ങൾ / നിഗമനങ്ങൾ | കൂടുതൽ പ്രയോജനകരമാക്കി ക്കി മാറ്റുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|
| 1 | ഉത്പാദനം | ജനകീയ ഹോട്ടൽ | Gen | കുറഞ്ഞതുകക്ക് ഭക്ഷണം ലഭ്യമാക്കൽ | ഭാഗികമായി പൂർത്തീകരിച്ചു | | |
| 2 | സേവനം | കേരളോത്സവം | Gen | യുവാക്കളുടെ കലാകായിക അഭിരുചി മെച്ചപ്പെടുത്തൽ | ഉപേക്ഷിച്ചു | കോവിഡ് വ്യാപനം | |

# 2024-25 വാർഷിക പദ്ധതി യിൽ നടപ്പിലാക്കിവരുന്ന പ്രൊജക്റ്റുകൾ

തദ്ദേശ സ്ഥാപനത്തിൻറെ പേര് : കക്കോടി　　　　വർക്കിംഗ് ഗ്രൂപ്പിൻറെ പേര് : പൊതുഭരണവും ധനകാര്യവും　　　　FORM 5

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിൻറെ പേര് | so/New | Gen/SCP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്റ്റിൻറെ ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം (രൂപ) | ഭൗതികം | സാമ്പത്തികം (രൂപ) | ഭൗതികം | |
| 1 | 10 | കുടിവെള്ള വിതരണം | so | Gen | 500000 | | | | തുടരുന്നു |
| 2 | 62 | ഗ്രാമപഞ്ചായത്തിന് ഔദ്യോഗിക വാഹനം വാങ്ങൽ | so | Gen | 1000000 | | | | തുടരുന്നു |
| 3 | 66 | സ്ട്രീറ്റ് ലൈററ് സ്ഥാപിക്കൽ | so | Gen | 494000 | | | | തുടരുന്നു |
| 4 | 67 | ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റുകളുടെ അറ്റകുററപ്പണി | so | Gen | 306000 | | | | തുടരുന്നു |

# അധ്യായം 3 വെല്ലുവിളികൾ, വികസന വിടവുകൾ, പ്രശ്ന വിശകലനം, പരിഹാരസാദ്ധ്യതകൾ

തദ്ദേശ സ്ഥാപനത്തിൻറെ പേര് : കക്കോടി　　　　വർക്കിംഗ് ഗ്രൂപ്പിൻറെ പേര് : പൊതുഭരണവും ധനകാര്യവും　　　　FORM 6

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിൻറെ പേര് | so/New | Gen/SCP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്റ്റിൻറെ ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം(രൂപ) | ഭൗതികം | സാമ്പത്തികം(രൂപ) | ഭൗതികം | |
| 1 | 10 | കുടിവെള്ള വിതരണം | so | Gen | 500000 | | | | തുടരുന്നു |
| 2 | 62 | ഗ്രാമപഞ്ചായത്തിന് ഔദ്യോഗിക വാഹനം വാങ്ങൽ | so | Gen | 1000000 | | | | തുടരുന്നു |
| 3 | 66 | സ്ട്രീറ്റ് ലൈററ് സ്ഥാപിക്കൽ | so | Gen | 494000 | | | | തുടരുന്നു |
| 4 | 67 | ഹൈമാസ്റ്റ് മിനി മാസ്റ്റ് ലൈറ്റുകളുടെ അറ്റകുററപ്പണി | so | Gen | 306000 | | | | തുടരുന്നു |
| 5 | 68 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | so | Gen | 13229 | | | | തുടരുന്നു |

## പ്രശ്ന വിശകലനവും പ്രശ്നപരിഹാരസാദ്ധ്യതകൾ

തദ്ദേശ സ്ഥാപനത്തിൻറെ പേര്: കക്കോടി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: പൊതുഭരണം വാർഷിക പദ്ധതി 2024-25

| ക്ര. ന. | പ്രശ്നങ്ങൾ | പ്രശ്നബാധി പ്രദേശം വിഭാഗം | പ്രശ്നത്തിൻറെ തീവ്രത (✓. ചെയ്യുക) | | | പ്രശ്നത്തിനുള്ള കാരണങ്ങൾ /വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാദ്ധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾഎന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | കക്കോടി ബസാർ വെള്ളപ്പൊക്ക പ്രതിരോധ ബണ്ട് | കക്കോടി ബസാറും സമീപ പ്രദേശവും | | | P | | | | | ബണ്ട് ബലപ്പെടുത്തൽ , പുഴതീരം സംരക്ഷണഭിത്തി സംരക്ഷിക്കൽ |
| 2 | പഞ്ചായത്തോഫീസ് മുകൾനില പൂർത്തീകരണം | പഞ്ചായത്ത് | P | | | സാമ്പത്തികം | | | | ആവശ്യമായ ഫണ്ട് വിഹിതം ലഭ്യമാക്കൽ |
| 3 | കൃഷി, വില്ലേജ് ഓഫീസ് നവീകരണം | പഞ്ചായത്ത് | | P | | സാമ്പത്തികം | | | | ആവശ്യമായ ഫണ്ട് വിഹിതം ലഭ്യമാക്കൽ |
| | | | | | | | | | | |

## നിർദ്ദേശങ്ങൾ

- കൃഷി ഓഫീസ്, വില്ലേജ് ഓഫീസ് ഉൾപ്പെടെ പഞ്ചായത്ത് ഓഫീസ് സമുച്ചയം നവീകരണവും, വിപുലീകരിക്കലും പദ്ധതിയിൽ കെട്ടിടത്തിന്റെ സ്റ്റെബിലിറ്റി പരിശോധിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തണം
- പഞ്ചായത്ത് ഓഫീസ് പരിസരത്ത് പൊതുജനങ്ങൾക്കും, ജീവനക്കാർക്കും മേൽക്കൂരയോട് കൂടിയ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തണം. ഇത് ഓപ്പൺ സ്റ്റേജിന്റെ ഉപയോഗം പരമാവധി പ്രയോജനപ്പെടുന്ന രീതിയിൽ രൂപകൽപ്പന ചെയ്യണം ഇപ്രകാരം ചെയ്യുന്നതിലൂടെ പഞ്ചായത്തിന്റെ പൊതു പരിപാടികൾ നടത്തുന്നതിന് സൗകര്യം ലഭ്യമാകും
- മുൻ ജന പ്രതിനിധികളുടെ തിരിച്ചറിയൽ കാർഡ് വിതരണം പ്രവർത്തനം കാര്യക്ഷമമാക്കണം
- മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിട നിർമ്മാണം നടത്തുന്നതിന് സ്ഥലം കണ്ടെത്തുന്നത് ഉൾപ്പെടെ നടപടികൾ ത്വരിതപ്പെടുത്തണം
- പ്രത്യേകമായി ഗ്രാമകേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ ആയത് സജ്ജമാക്കണം
- ഘടകസ്ഥാപനങ്ങൾ ഐ എസ് ഒ നിലവാരത്തിലേക്ക് ഉയർത്തണം

- കളിസ്ഥലം പദ്ധതി ഈ ഭരണസമിതിയുടെ കാലയളവിൽ തന്നെ പൂർത്തിയാക്കണം
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഇടപെടലുകൾ നടത്തണം
- ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഐ എൽ ജി എം എസ് സോഫ്റ്റ്‌വെയർ വിന്യസിച്ചിട്ടുള്ളതിനാൽ ഫയൽ നീക്കവും, അക്കൗണ്ടിങ്ങും കൃത്യമായി നടക്കുന്നുണ്ട്. 2025 ഏപ്രിൽ മാസത്തോടെ കെ സ്മാർട്ട് സജ്ജമാവുന്നതോടെ ജനസേവന പ്രവർത്തനങ്ങൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാവും. സർക്കാർ നിർദ്ദേശം ലഭ്യമാകുന്ന മുറക്ക് കെ സ്മാർട്ട് സജ്ജമാക്കുന്നതിന് അടിയന്തിര ഇടപെടലുകൾ നടത്തണം
- 2025–26 വർഷത്തെ ബജറ്റ് രൂപീകരണ പ്രക്രിയ ക്ഷേമപ്രവർത്തന മേഖലക്ക് പ്രത്യേക പരിഗണന നൽകി സമയബന്ധിതമായി പൂർത്തീകരിക്കണം
- കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ജൽ ജീവൻ പ്രവർത്തനങ്ങൾ ഉൾപ്പെടെ, കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണം സാധ്യമാക്കുന്നതിന് സാധ്യമായ ഇടപെടലുകൾ നടത്തണം.

## അധ്യായം 4 വികസന പരിപ്രേക്ഷ്യം

**വികസന പരിപ്രേക്ഷ്യം ദീർഘകാലം. 2030 ൽ കൈവരിക്കാവുന്നവ**

| ക്രമ നമ്പ്ര് | പരിപ്രേക്ഷ്യം (വികസന സ്വപ്നങ്ങൾ) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | കൈവരിക്കേണ്ട ദീർഘകാല ലക്ഷ്യം |
|---|---|---|---|---|
| 1 | പഞ്ചായത്തിനെ ജനസൗഹൃദമാക്കുക | സേവനം | | പൂർണമാക്കുക |
| 2 | സീറോ ഫയൽ പഞ്ചായത്ത് | സേവനം | | പൂർണമാക്കുക |
| 3 | കടലാസ് രഹിത പഞ്ചായത്ത് | സേവനം | | പൂർണമാക്കുക |
| 4 | വാതിൽപ്പടി സേവനം | സേവനം | | പൂർണമാക്കുക |
| 5 | തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ | ഉല്പാദനം | | പൂർണമാക്കുക |
| 6 | വൈജ്ഞാനിക മേഖലയെ പരിപോഷിപ്പിക്കൽ | ഉല്പാദനം | | പൂർണമാക്കുക |
| 7 | ഗ്രാമകേന്ദ്രങ്ങൾ മിനി പഞ്ചായത്ത് ഓഫീസാക്കി മാറ്റൽ | സേവനം | | പൂർണമാക്കുക |
| 8 | ISO സർട്ടിഫിക്കറ്റ് – ഘടകസ്ഥാപനങ്ങൾ | സേവനം | | പൂർണമാക്കുക |
| 9 | ISO സർട്ടിഫിക്കറ്റ് – ഗ്രാമകേന്ദ്രങ്ങൾ | സേവനം | | പൂർണമാക്കുക |
| 10 | കാർഷിക മേഖലയിലെ സ്വയം പര്യാപ്തത | ഉല്പാദനം | | പൂർണമാക്കുക |
| 11 | മുട്ട, പാൽ, അനുബന്ധ ഉല്പന്നങ്ങളിൽ സ്വയം പര്യാപ്തത | ഉല്പാദനം | | പൂർണമാക്കുക |
| 12 | ആരോഗ്യസംരക്ഷണം | സേവനം | | പൂർണമാക്കുക |
| 13 | വയോജന–ഭിന്നശേഷി–ശിശു സൗഹൃദ ഗ്രാമപഞ്ചായത്ത് | സേവനം | | പൂർണമാക്കുക |

## വികസന പരിപ്രേക്ഷ്യം  ദീർഘകാലം
## 14-ാം പഞ്ചവത്സരപദ്ധതിയിൽ    കൈവരിക്കാവുന്നവ

| ക്രമനമ്പ്ര് മ്പ്ര് | പരിപ്രേക്ഷ്യം (വികസന സ്വപ്നങ്ങൾ) | സൂചിക | കൈവരിക്കേണ്ട ദീർഘകാല ലക്ഷ്യം ഇപ്പോഴത്തെ അവസ്ഥ 2002-23 2023-24 2024-25 2025-26 2026-27 | | | | | |
|---|---|---|---|---|---|---|---|---|
| 1 | ജനസൗഹൃദ പഞ്ചായത്ത് | ജനസംതൃപ്തി പ്തി | 60% | 70% | 80% | 85% | 100% | 100% |

**അധ്യായം    5 -`സംയോജന സാധ്യതകൾ**

ഗ്രാമപഞ്ചായത്തിലെ തനത് വിഭവ സ്രോതസ്സുകൾ അപര്യാപ്തമായ സാഹചര്യത്തിൽ പൊതുഭരണമേഖലയിലെ പ്രൊജക്റ്റുകൾ ഏറ്റെടുക്കുന്നതിന് സർക്കാർ സഹായവും എം.പി, എം.എൽ.എ, ജില്ലാപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാനാവിഷ്കൃത പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി സഹായവും ഉപയോഗപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു.

നീർത്തടാധിഷ്ഠിത പദ്ധതികൾ എന്ന ഒരു വികസന കാഴ്ചപ്പാട് കാർഷിക-കാർഷികാനുബന്ധ മേഖലകളിൽ കൊണ്ടുവരാൻ കഴിയണം. കാർഷിക മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളെ പരസ്പരം സംയോജിപ്പിച്ചും സംസ്ഥാനാവിഷ്കൃത പദ്ധതികളെ കൂട്ടിയോജിപ്പിച്ചും തൊഴിൽ ലക്ഷ്യമിടുന്ന പദ്ധതികൾ ആരംഭിക്കുന്നതാണ്. ആസ്തിനിർമ്മാണങ്ങളിലും കാർഷികാനുബന്ധ മേഖലകളേയും തൊഴിലുറപ്പുപദ്ധതികളേയും സംയോജിപ്പിക്കേണ്ടതുണ്ട്. ഇതോടൊപ്പം ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ ആവിഷ്കരിക്കുന്ന പദ്ധതികൾക്കും ഗ്രാമപഞ്ചായത്തിൻറെ ഈ മേഖലകളിലെ പദ്ധതികൾക്കും സംയോജന സാധ്യതയുടെ മേഖലകൾ കണ്ടെത്തുവാൻ പരമാവധി ശ്രമിക്കും.

# (2)

# കൃഷിയും അനുബന്ധമേഖലകളും

## വർക്കിംഗ് ഗ്രൂപ്പംഗങ്ങളുടെ വിവരങ്ങൾ (2025-26)

### കൃഷി(ഉൽപ്പന്ന സംഭരണവും സംസ്കരണവും വിപണന -വികസനവും ഉൾപ്പെടെ

| ക്രമ നമ്പർ | പേരും വിലാസവും | ഫോൺ,ഇമെയിൽ | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം | എസ്.സി/മറ്റുള്ളവ | വിദ്യാഭ്യാസയോഗ്യത | തൊഴിൽ |
|---|---|---|---|---|---|---|---|
| 1 | വളപ്പിൽ രാജൻ | 9947728141 | ചെയർമാൻ | | | | |
| 2 | പി.എം അശോകൻ | 9946268631 | വൈസ് ചെയർമാൻ | | | | |
| 3 | ആദിത്യ (കൃഷി ഓഫീസർ) | 9400908382 | കൺവീനർ | | | | |
| 4 | ലീല കളോളിപൊയിൽ വാർഡ് 12 | 9495064449 | അംഗം | General | | | |
| 5 | ശ്രീലത ബാബു | 9495900380 | അംഗം | | | | |
| 6 | ദേവകി ചാമപ്പറമ്പത്ത് | | അംഗം | | | | |
| 7 | പി ഹരിദാസൻ | | അംഗം | | | | |
| 8 | ഉപസ്ലോകൻ-മെമ്പർ | 9446419725 | അംഗം | | SC | S S L C | |
| 9 | അജിത AE NREGS | 9048675270 | അംഗം | OBC | | Diploma Civil Engg | |
| 10 | വാസുദേവൻനായർ പൊൻവിള | | അംഗം | | | | |
| 11 | ഹേമൻ തിരുത്തികുന്നത്ത് | 9447468807 | അംഗം | OBC | | S S L C | Mechanic |
| 12 | അബ്രഹാം മാത്യു | | അംഗം | | | | |
| 13 | വി.കെ. രാമദാസൻ | 9048823705 | അംഗം | OBC | | Pre-degree | കൂലി |
| 14 | ത്രിലോകൻ വാർഡ് 18 | 9445055130 | അംഗം | OBC | | Pre-degree | കൃഷി |
| 15 | മധുസൂദനൻ പുതിയേടത്ത് വാർഡ്15 | 9497072293 | അംഗം | General | | S S L C | കൃഷി |
| 16 | ദീപേഷ് കീരിയാടത്ത് | | അംഗം | OBC | | S S L C | Business |
| 17 | ശ്രീനിവാസൻ മാസ്റ്റർ | 9447726745 | അംഗം | OBC | | PDC | Pensioner |
| 18 | രജീഷ് - മത്സ്യകോഡിനേറ്റർ | | അംഗം | | | | |
| 19 | വിജുല ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | | | | | | |

## അധ്യായം 1

## 1996 ലെ അവസ്ഥയും ഇന്നത്തെ അവസ്ഥയും

പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലത്ത് (2017-18 മുതൽ 2021-22 വരെയുള്ള) കക്കോടി ഗ്രാമപഞ്ചായത്ത് കൃഷിഭവൻ മുഖേന വിവിധ കാർഷിക പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇക്കാലയളവിൽ 152,82,036/- രൂപ പദ്ധതിക്കായി വകയിരുത്തുകയും 1,3765,864/- രൂപ ചെലവഴിക്കാനും സാധിച്ചിട്ടുണ്ട്.
കേര കർഷകർക്കായി തെങ്ങ്കൃഷി വികസന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചു. കൂടാതെ നെൽകൃഷി വികസനം, ഇടവിള കൃഷി, വാഴകൃഷി, കുരുമുളക് കൃഷി, ഫലവൃക്ഷങ്ങളുടെ തൈ വിതരണം, വീട്ടുമുറ്റത്തൊരു പച്ചക്കറിത്തോട്ടം, (പച്ചക്കറി തൈകൾ വീട്ടിലെത്തിച്ചു നൽകൽ) എന്നീ പദ്ധതികളും നടപ്പിലാക്കി. വീട്ടുമുറ്റത്തൊരു പച്ചക്കറി പദ്ധതി നടപ്പിലാക്കിയതു വഴി ഗ്രാമപഞ്ചായത്തിലെ എല്ലാ വീട്ടുകാരെയും പച്ചക്കറി കൃഷിയിലേക്ക് എത്തിക്കാനും കഴിഞ്ഞു. ഇടവിളകൃഷി പദ്ധതിയിലൂടെ കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൂടാതെ വാഴ, പയറുവർഗ്ഗ കൃഷികളും പ്രോത്സാഹിപ്പിക്കുവാൻ സാധിച്ചു. തരിശുരഹിത കക്കോടി എന്നാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സുഭിക്ഷ പദ്ധതിയുടെ ഭാഗമായി പട്ടതാ കുളത്തിൽ മത്സ്യകൃഷി നടപ്പിലാക്കുന്നതിനും ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. നാളികേര കൃഷിയിലും നെൽകൃഷിയിലും ഉത്പാദനത്തിൽ നേരിട്ട പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ഫലവൃക്ഷത്തൈ പദ്ധതിയുൾപ്പെടെയുള്ള മറ്റുപദ്ധതികൾ വേണ്ടത്ര രീതിയിൽ വിജയകരമാക്കുവാൻ സാധിക്കാത്തത് ഒരു വസ്തുതയാണ്. 14-ാം പദ്ധതിയിൽ പോരായ്മകൾ നിരത്തിക്കൊണ്ട് കൂടുതൽ ഫലപ്രദമാക്കുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതായിരിക്കും.

ചിരട്ടാട്ടുമല, കമലകുന്ന്, നെടുമലകുന്ന് എന്നിവയുടെ വലിയ ഭാഗം മണ്ണെടുത്തു നിരപ്പായി കഴിഞ്ഞു. പെരിഞ്ചിലമലയുടെ ചെറിയ ഭാഗം മണ്ണ് എടുത്തതായി കാണുന്നു. ഭൂരിഭാഗം സ്വകാര്യ ആവശ്യത്തിനാണ് വിനിയോഗിച്ചത്. മലകളുടെ ചെരിവ് നഷ്ടപ്പെട്ടതിനാൽ ഭൂഗർഭജല സമ്പത്ത് കുറയുകയും കുടിവെള്ളം, കൃഷി എന്നിവയെ സാരമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ 1715 Hec റവന്യൂ രേഖകളിൽ കാണാൻ കഴിയുന്നത്.

ഇതുവഴി സമീപപ്രദേശങ്ങളിൽ 21,1,2,3,4,19,18 വാർഡുകളിൽ ഭൂഗർഭജലവിതാനം ഉയരും.

തോടുകൾ മിക്കവാറും മണ്ണ് വന്ന് അടിയുകയും തോടുകളുടെ ഉപയോഗം നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ മണ്ണ്-ജലസംരക്ഷണ പ്രവൃത്തിയുടെ ഭാഗമായി മിക്കവാറും തോടുകൾ നന്നാക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്തുവരുന്നു. പടിഞ്ഞാറൻ ഭാഗത്തെ തോടുകൾ വഴി പൂനൂർ പുഴയിലെ വെള്ളം ലിഫ്റ്റ് ഇറിഗേഷൻ വഴി എത്തിക്കുവാൻ കഴിഞ്ഞാൽ വേനൽക്കാലവും കാർഷിക പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാം. വലിയ ഒരു ഫണ്ട് ആവശ്യമായതിനാൽ മുൻഭരണസമിതികൾ നബാർഡ് പോലെയുള്ള കേന്ദ്ര-കേരള സർക്കാർ ഏജൻസികൾ വഴി ലഭ്യമാക്കുവാൻ ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 1996-97 സർവേയിൽ 46 കുളങ്ങൾ (മിക്കതും സ്വകാര്യം) കണ്ടെത്തിയിരുന്നു. ഇതിൽ കുറ്റിക്കാട്ടിൽതാഴം കുളം, അടയ്ക്കാകുളം, എടചട്ടികുളം, ചട്ടിക്കുളം എന്നിവ നാശത്തിന്റെ വക്കിലാണ്. വേനൽക്കാലമാവുമ്പോൾ മിക്കതും വറ്റിവരണ്ടിരിക്കും. കനാൽ പോകുന്ന വാർഡുകളിലെ കുളങ്ങൾ വേനൽക്കാലത്തും ജലസമൃദ്ധമായിരിക്കും. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സ്വകാര്യ വ്യക്തികൾക്കായി 3 കുളങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കനാലുകളുടെ ശുചീകരണം തൊഴിലുറപ്പ് പദ്ധതിയിലൂടെ മുൻകാലങ്ങളിൽ ചെയ്തുവന്നിരുന്നു. എന്നാൽ കേന്ദ്രഗവൺമെന്റിന്റെ പുതിയ മാസ്റ്റർ സർക്കുലർ പ്രകാരം ഈ പ്രവൃത്തി ഈ പദ്ധതികളിൽ നിന്ന് എടുത്തുമാറ്റിയിരിക്കുകയാണ്. കനാലുകളിലെ ജലനിർഗ്ഗമന മാർഗ്ഗം ഇപ്പോൾ തടസ്സപ്പെട്ടുകയും കുടിവെള്ളപ്രശ്നം രൂക്ഷമാകുകയും ചെയ്തു.

### ജലസേചന സ്രോതസ്സുകൾ

| പൊതുജലസേചന കിണറുകൾ | | കുഴൽക്കിണറുകൾ | | കുളം/ചിറ | | പുഴ | | തോടുകൾ | |
|---|---|---|---|---|---|---|---|---|---|
| 1996-97 | 2025-26 | 1996-97 | 2025-26 | 1996-97 | 2025-26 | 1996-97 | 2025-26 | 1996-97 | 2025-26 |
| 10 | 10 | 5 | 1 | 46 | 43 | 2 | 2 | 19 | 18 |

## കാലാവസ്ഥ

കാർഷിക വിളകളുടെ വളർച്ചയും വികാസവും പ്രാഥമികമായി കാലാവസ്ഥ, മണ്ണ് തുടങ്ങിയ പരിസ്ഥിതിഘടകങ്ങളെ ആശ്രയിച്ചു നിൽക്കുന്നു. വിളകളുടെ ജയപരാജയസാധ്യത അതത് പ്രദേശത്ത് നിലവിലിരിക്കുന്ന കാലാവസ്ഥയ്ക്കനുസരിച്ച് ബന്ധപ്പെട്ടു കിടക്കുന്നതിനാൽ വിള ഉല്പാദനരീതിയും കാർഷിക മുറകളും ചിട്ടപ്പെടുത്തേണ്ടത് അനിവാര്യമാണ്.

നിലവിലുള്ള കാലാവസ്ഥാ കലണ്ടർ

| കാലാവസ്ഥ | സീസൺ (തുടക്കം) | സീസൺ (അവസാനം) |
|---|---|---|
| വേനൽക്കാലം | ജനുവരി | മെയ് |
| മഴക്കാലം | ജൂൺ | ഒക്ടോബർ |
| മഞ്ഞുകാലം | നവംബർ | ജനുവരി |

കാലവർഷക്കെടുതികൾ വിവരണാതീതമാണ്. ശക്തമായ ഇടവപ്പാതിയിൽ പൂനൂർ പുഴ കരകവിഞ്ഞ് ഒഴുകാറുണ്ട്. ഒരുകാലത്ത് തോണി ഇറക്കിയതായി പഴയകാല ഓർമ്മകളുണ്ട്. 1960 ൽ ബണ്ട് കെട്ടിയതോടെയാണ് വെള്ളപ്പൊക്ക പ്രശ്നം അവസാനിച്ചത്. 2018, 19 കാലയളവിലുണ്ടായ പ്രളയക്കെടുതികൾ വിവരണാതീതമാണ്. കേരളമാകെ പ്രളയം വന്നപ്പോൾ കക്കോടിയിലെ എല്ലാ ഭാഗങ്ങളിലും വെള്ളം കയറി വലിയ നാശനഷ്ടങ്ങളുണ്ടായി. എല്ലാ താഴ്ന്ന പ്രദേശങ്ങളും വെള്ളത്തിനടിയിലായി. നിരവധി വീടുകൾ നശിച്ചു. നിരവധി ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിക്കേണ്ടി വന്നു. പൂനൂർപുഴയുടെ തീരപ്രദേശങ്ങൾ തീർത്തും ദുരിതത്തിലായി. കൃഷി നാശവും കെട്ടിടങ്ങളുടെ നാശവും കാണേണ്ടിവന്നു. പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടം തകർന്നു. നിരവധി കടകളിലും വീടുകളിലൂം വെള്ളം കയറി. ഇത് 2019 ലും ആവർത്തിച്ചു. കാലാവസ്ഥാ വ്യതിയാനം എല്ലാ സ്ഥലങ്ങളെന്നപോലെ കക്കോടിയേയും ബാധിച്ചു. കാലംതെറ്റിവന്ന മഴ കക്കോടിയെ ദുരിതത്തിലാക്കി. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം മുമ്പത്തെക്കാളും ജനങ്ങൾക്ക് ബോധ്യപ്പെട്ടു എന്നത് ശുഭകരമായ കാര്യമാണ്. കാലാവസ്ഥാവ്യതിയാനം കാർഷികവിളകളെ സാരമായി ബാധിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിവിധ കാർഷിക പദ്ധതികൾ ലക്ഷ്യം കാണാതെ പോകുന്ന അവസ്ഥയുണ്ടായി.

## കാർഷികചരിത്രവും സംസ്കാരവും

മക്കടദേശം, മോരിക്കര ദേശം, കിരാലൂർ ദേശം, കിഴക്കുമുറി ദേശം, പടിഞ്ഞാറ്റുംമുറി ദേശം എന്നിങ്ങനെ അഞ്ച് ദേശങ്ങളായി അറിയപ്പെടുന്നു. നിരവധി നീർച്ചാലുകളും സമൃദ്ധമായ തോടുകളും ഉള്ള നാട്. തെങ്ങ് കൃഷി സമൃദ്ധമായിരുന്നു. നാളികേരം പ്രധാന വരുമാനമാർഗ്ഗമായിരുന്നു. ഇതോടൊപ്പം കുരുമുളക് കൃഷിയും നിരവധി ഇടവിള കൃഷികളും സജീവമായിരുന്നു. നെൽകൃഷി വ്യാപകമായിരുന്നു. കരനെൽകൃഷിയും നടത്തിയിരുന്നു. വയലുകൾ സജീവമായിരുന്നു. കിഴക്കും, പടിഞ്ഞാറും, ഉള്ള വയലുകൾ നാട്ടിപ്പാട്ടുകൾ, ഞാറ് നടീൽ, കൊയ്ത്ത് കഴിഞ്ഞാൽ ആടുമാടുകൾ നിറയുന്നു. ഉണങ്ങി പരന്ന വയലുകളിൽ തലപ്പന്ത് കളി ഇതെല്ലാം ഇന്ന് മധുരമായ ഓർമ്മകൾ മാത്രം. നരിക്കോട്ട് താഴം, മരക്കാട്ട്-കമ്മളിതാഴം, എടക്കാട്ട് വളപ്പിൽ താഴം, തിരുത്തിവയൽ നാറാത്ത് താഴം, പറമ്പിടിതാഴം, കിരാലൂർ പുഞ്ചവയൽ അരുത്തിരുത്തി വയൽ, നാലാഞ്ചിറ, ചുഴലിനിലം, ചീരട്ടക്കാട് അയനിക്കാട്ട് നിലം, കോട്ടുപ്പാടം, പറക്കുളം, പറക്കുങ്കൽ നിലം, കുപ്പത്തൊട്ടിനിലം, എന്നിങ്ങനെ നിരവധി നെൽപ്പാടങ്ങൾ നമുക്ക് ഉണ്ടായിരുന്നു.

ഇന്ന് ഇവയിൽ ഭൂരിഭാഗവും വെറും ഓർമ്മകൾ മാത്രം. വളപ്പിൽ താഴം, നരിക്കോട്ട്, മറക്കാട്ട് –കമ്മിളിതാഴം, കോട്ടുപ്പാടം എന്നിങ്ങനെ ചുരുക്കം നെൽപാടങ്ങൾ മാത്രമാണ് ഉള്ളത്. അവ തന്നെ പൂർണ്ണമായും കാർഷിക പ്രവർത്തനങ്ങൾ നടക്കുന്നില്ല.

## ഭൂവിനിയോഗം

1928 ലെ റവന്യൂ സെറ്റിൽമെന്റ് രേഖപ്രകാരം 1872 ഹെക്ടർ വിസ്തൃതി ഈ പഞ്ചായത്തിനുണ്ട്. അവ തരിശ് ഭൂമി, പുറമ്പോക്ക്, നിലം, കര എന്നിങ്ങനെയാണ് വിഭജിച്ചിരിക്കുന്നത്.

| ക്രമനമ്പർ | നിലത്തിന്റെ സ്വഭാവം | വിസ്തീർണ്ണം | |
|---|---|---|---|
| | | 1996-97 | 2025-26 |
| 1 | തരിശ് ഭൂമി | 157-24Hect | 30Hq |
| 2 | പുറമ്പോക്ക് | 131-04Ha | |
| 3 | നിലം | 552.20Ha | 552-24Ha |
| 4 | കര | 1031Ha | |

ആകെയുള്ള നിലങ്ങളിൽ കണ്ടൽകൃഷി ചെയ്തിരുന്നത് 356-7 Hq മാത്രമാണ്. കര നെൽകൃഷിക്ക് അനുയോജ്യമായത് 60Hect ആണ്. ഇപ്പോൾ നെൽകൃഷി ചെയ്യുന്നത് 40 Hect ൽ മാത്രമാണ്.

മറ്റുവിളകളുടെ ഭൂവിനിയോഗം സംബന്ധിച്ച ചാർട്ട്

| | വിസ്തീർണ്ണം | | ഉല്പാദനം | |
|---|---|---|---|---|
| | 1997-97 | 2021-22 | 1997-97 | 2025-26 |
| നെല്ല് | 62-4 Hect | 40 Hect | 1967Kg/Hect | 2500-3000Kg/Hect |
| തെങ്ങ് | 1650Hect | 1550 Hect | 30 nuts/ Palm | 60 Nuts/Palm |
| വാഴ | 20Hect | 15Hect | 5-8Kg/bund | 12-15Kg/Bund |
| മരച്ചീനി | 10Hect | 6Hect | 1-8Kg/stem | 2-2.5Kg/stem |
| കുരുമുളക് | 8Hect | 5 Hect | 1.2Kg/strd | 2Kg/strd |
| കശുമാവ് | 15Hect | 5Hect | 2Kg/Plant | 10-15Kg/plant |
| കവുങ്ങ് | 20Hect | 20Hect | 300nuts /palm | 3000 nuts/Palm |
| റബ്ബർ | 25Hect | 2Hect | - | |
| പച്ചക്കറി | 4Hect | 20Hect | | 10-12 ton/Hect |
| ഇഞ്ചി, മഞ്ഞൾ | - | 4Hect | - | 1800Kg/Hect |

നെൽകൃഷിയുടെ വിസ്തൃതി കുറച്ചു. പക്ഷേ ഉല്പാദനം വർദ്ധിച്ചു. ജനകീയാസൂത്രണ പദ്ധതി പ്രകാരം ത്രിതല പഞ്ചായത്തുകൾ നെൽകൃഷിക്ക് ആവശ്യമായ പ്രോത്സാഹനം നൽകുകയും കൃഷിക്കാരെ സഹായിക്കാൻ വിവിധങ്ങളായ നൂതനങ്ങളായ രീതികൾ അവലംബിക്കുകയും ചെയ്തു. കൂടാതെ സർക്കാരിന്റെ കാർഷിക വികസനവകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് കൃഷിഭവൻ മുഖേന നടപ്പിലാക്കുകയും ചെയ്തു. പാടശേഖരസമിതികളെ സജീവമാക്കി. നീർത്തടാധിഷ്ഠിത പദ്ധതിപ്രകാരം ഓരോ നീർത്തടം എടുത്തുകൊണ്ട് നടപ്പിലാക്കിയ പദ്ധതികളിലൂടെ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കാൻ കഴിഞ്ഞു. കിരാലൂർ പുഞ്ച

വേനൽക്കാലത്തുപോലും കൃഷിക്ക് ഉപയുക്തമായ പ്രദേശമായി മാറി. ഗ്രാമ-ജില്ലാ പഞ്ചായത്ത് സംയുക്തമായി നടപ്പിലാക്കിയ കിരാലൂർ കാർഷിക വികസന പരിപാടിയിലൂടെ എക്കാലത്തും ജലസേചന സൗകര്യമൊരുക്കി കൊടുക്കുവാൻ കഴിഞ്ഞു. അ..... തൊഴിലുറപ്പ് പദ്ധതിയിലൂടെ ചെറുതോടുകൾ നന്നാക്കുകയും, കയർ ഭൂവസ്ത്രം വിരിച്ച് തോട് സംരക്ഷിക്കുകയും ചെയ്തു. പഞ്ചായത്തിലെ ഒരു പ്രധാന തോടാണ് കിരാലൂർ തോട്. കനാൽ തുറന്നാൽ വേനൽക്കാലത്തും ജലസമൃദ്ധമാണ് ഈ തോട്. ഇതിനെ പ്രകൃതിദത്തമായ അതിർത്തി സംരക്ഷണം ഒരുക്കിക്കൊണ്ട് കൃഷിയ്ക്കെന്നപോലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഉപകരിക്കാൻ ആവശ്യമായ പദ്ധതി ആവശ്യമാണ്.

നെൽകൃഷി സംബന്ധിച്ച വിവരങ്ങൾ

| സീസൺ | വിസ്തൃതി | |
|---|---|---|
| | 1996-97 | 2025-26 |
| നെല്ല് - കന്നി | 57-40 Hect | Nil |
| മകരം | 75-6 Hect | 34 Hect |
| പുഞ്ച | 11Hect | 6 Hect |

ഈ താരതമ്യം നെൽകഷി ചുരുങ്ങിവരുന്നതായി സൂചിപ്പിക്കുന്നു. നഗരവൽക്കരണം, പാർപ്പിട സൗകര്യമൊരുക്കൽ, കഷിയോടുള്ള ആഭിമുഖ്യമില്ലായ്മ തുടങ്ങിയവ ഇതിന് കാരണമാണ്. വർദ്ധിച്ചുവരുന്ന ജനസാന്ദ്രതയും കൂട്ടുകുടുംബം അണുകുടുംബമായി മാറിയതും, ഗതാഗത സൗകര്യമൊരുക്കലും, പാടങ്ങളെ ബാധിച്ചു. വയൽ നികത്തൽ വ്യാപകമാകുന്നു. ഇതെല്ലാം നെൽകഷിയെ ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ 70% ഭൂഉടമസ്ഥരും 10 സെന്റിന് താഴെയുള്ളവരാണ്.

ഭൂമിയുടെ കൈവശസ്വഭാവം

| വിവരം | | |
|---|---|---|
| | 1996-97 | 2025-26 |
| നാമമാത്ര കർഷകർ | 4884 | 5600 |
| ചെറുകിട കർഷകർ | 526 | 250 |
| വൻകിട കർഷകർ | 12 | Nil |

ഈ പട്ടിക പരിശോധിക്കുമ്പോൾ കർഷകരുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ഭൂമിയുടെ തുണ്ടുവൽക്കരണവും നഗരകുടിയേറ്റവും ഈ മേഖലയെ ബാധിച്ചിട്ടുണ്ട്. പുരയിടകൃഷി വർദ്ധിച്ചുവരുന്നതായി കാണുന്നു. പച്ചക്കറി വികസനത്തിനായി കഴിഞ്ഞ 25 വർഷ കാലയളവിൽ നടന്ന ശ്രമങ്ങള് വൻ ഫലം കണ്ടതായി മനസ്സിലാക്കാവുന്നതാണ്.

കേരളത്തിന്റെ ശരാശരി ഉല്പാദനം പഞ്ചായത്തിൽ 60 എണ്ണമാണ്. 1996-97 കാലയളവിൽ ഇത് 30 എണ്ണമായിരുന്നു. തെങ്ങ് ഒരു പ്രധാന കൃഷിയും കൃഷിക്കാരുടെ പ്രധാന വരുമാന സ്രോതസ്സുമാണ്. ജനകീയാസൂത്രണ പ്രസ്ഥാനം തെങ്ങ് കൃഷിക്ക് നൽകിയ പ്രോത്സാഹനം നമ്മുടെ നാളികേര കൃഷിയെ സംരക്ഷിച്ചിട്ടുണ്ട്. എന്നാലും തെങ്ങിന്റെ ഉല്പാദനക്ഷമത ഈ ഇടപെടലുകൾ അനുസരിച്ച് വർദ്ധിച്ചുവരുന്നതായി കാണുന്നില്ല. ഇത് പരിശോധനാവിധേയമാക്കേണ്ടതുണ്ട്. ഇതിന്റെ കാരണങ്ങൾ പരിശോധനാ വിധേയമാക്കുവാൻ കണ്ടെത്തുന്ന ചില കാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു.

- ശാസ്ത്രീയരീതിയിൽ തെങ്ങ്കൃഷി സമ്പ്രദായത്തെ കർഷകർ കാണുന്നില്ല.
- തെങ്ങിൻതോപ്പുകളിൽ ഇടവിളകൃഷികൾ ചെയ്യാൻ താല്പര്യക്കുറവ്
- ജലസേചന സൗക്രയമില്ലായ്മ.
- മണ്ണ് ജലസംരക്ഷണ പ്രവൃത്തി നടക്കുന്നില്ല.

- ആവശ്യമാകുന്ന സന്ദർഭങ്ങളിൽ സമീകൃത വളപ്രയോഗങ്ങൾ കാണുന്നില്ല.
- കീടരോഗ നിയന്ത്രണത്തിന്റെ അഭാവം
- നാളികേര ഉല്പന്നത്തിന്റെ വിലയിടിവ്
- തറവില നിശ്ചയിച്ച് കേരകർഷകരെ സംരക്ഷിക്കുന്നില്ല.

ലക്ഷ്യം 1: പാലുൽപ്പാദനത്തിൽ 1000 ലിറ്ററിൽ നിന്നും 2000 ലിറ്ററിലേക്ക് വർദ്ധനവ്

| ക്രമ നമ്പർ | പ്രോജക്ട് ആശയങ്ങൾ (പഞ്ചവത്സര പദ്ധതിക്കാലയളവിലേക്ക് | മുൻഗണന* | | | | |
|---|---|---|---|---|---|---|
| | | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 1 | കന്നുകുട്ടി വിതരണം | ✓ | | | | |
| 2 | ക്ഷീരവികസന ശൃംഖല ശക്തിപ്പെടുത്തൽ | | ✓ | ✓ | | |
| 3 | മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ | | | | ✓ | ✓ |

മേൽ ഉദാഹരണത്തിൽ സൂചിപ്പിച്ച 3 പ്രോജക്ട് ആശയങ്ങൾ മൂന്ന് പ്രോജക്ടുകളായി മാറും.

## നിർദ്ദേശങ്ങൾ

- പാലിന്റെ സബ്സിഡി വർദ്ധിപ്പിക്കണം – ജില്ലാ പഞ്ചായത്ത് + പഞ്ചായത്ത് വിഹിതം 4 രൂപയിൽ നിന്ന് 5 രൂപയായി വർദ്ധിപ്പിക്കണം
- കാലിത്തീറ്റ സബ്സിഡി വർദ്ധിപ്പിക്കുക – 500 രൂപ വർഷം മുഴുവൻ ലഭ്യമാക്കണം
- കാട വിതരണം മാറ്റി മുട്ടക്കോഴി വിതരണം തന്നെ കൊണ്ടുവരണം
- പോത്തു കുട്ടികളെ വിതരണം ചെയ്യുന്നപോലെ കന്നു കുട്ടികളെ വിതരണം ചെയ്യുന്ന പദ്ധതി വയ്ക്കണം
- കന്നുകാലികൾക്ക് സബ്സിഡി നിരക്കിൽ ഇൻഷ്വറൻസ് പരിരക്ഷ
- ചാണകം സംസ്കരണ യൂണിറ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങണമെന്ന് കഴിഞ്ഞ വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നിർദ്ദേശം വച്ചിരുന്നെങ്കിലും ഇതുവരെ നടപ്പിൽ വന്നിട്ടില്ല
- പശുഗ്രാമം പദ്ധതി തുടർന്നു പോകണമെന്ന് നിർദ്ദേശം വന്നിട്ടുണ്ട്
- ചാണകം, മൂത്രം എന്നിവ പരിശോധിക്കുന്നതിനുള്ള സൗകര്യം മൃഗാശുപത്രിയിൽ ലഭ്യമാക്കണം
- മൃഗാശുപത്രിയിൽ പ്ലംബിങ് ജോലി, ജലസംഭരണി നടപ്പിലാക്കണം
- മൃഗാശുപത്രി സബ് സെന്റർ എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം
- മൃഗാശുപത്രി കണ്ടിജൻസി ഫണ്ട് 50,000/– രൂപയാക്കി വർധിപ്പിക്കണം
- മൃ01 ഗാശുപത്രിയിലേക്ക് മരുന്നുവാങ്ങൽ 300000/– രൂപയിൽ നിന്നും 400000/– രൂപയായി വർദ്ധിപ്പിക്കണം
- തീറ്റ പുൽ കൃഷിക്ക് പദ്ധതി
- കന്നുകുട്ടി പരിപാലന പദ്ധതി പഞ്ചായത്തിലെ മുഴുവൻ ക്ഷീര കർഷകർക്കും ലഭ്യമാക്കാൻ വേണ്ട നടപടികൾക്ക് നിർദ്ദേശം
- ഗർഭിണി പശു, കറവ പശു കാലിത്തീറ്റ സബ്സിഡി അനുവദിക്കുക
- ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ വേണ്ട നിർദേശം

### മൃഗസംരക്ഷണം ക്ഷീരവികസനം

കൃഷിയും മൃഗസംരക്ഷണവും പരസ്പര ബന്ധിതമാണ്. കൃഷിക്കാർ കൃഷിയോടൊപ്പം മൃഗത്തെയും വളർത്തി ഒരു തൊഴിലായി സ്വീകരിച്ചുവന്നുയ ആദ്യകാലങ്ങളിൽ കന്നുകാലികളെ പാടത്തേയ്ക്കും മറ്റും മേയുവാൻ വിടുമായിരുന്നു. കന്നുകാലികളുടെ മലമൂത്രവിസർജ്ജനം നെൽവയലുകൾക്കും പറമ്പുകൾക്കും വിള വർദ്ധനവിന് കാരണമാകുമായിരുന്നു. കന്നുകാലികളെ മാത്രമല്ല, മറ്റു മൃഗങ്ങളെയും ഇണക്കി വളർത്തുന്ന സ്വഭാവമുണ്ടായിരുന്നു. കോഴി, താറാവ്, ആട്, പന്നി തുടങ്ങി പക്ഷികളെപ്പോലും തങ്ങളുടെ ആവശ്യങ്ങൾക്കും കാർഷിക ആവശ്യങ്ങൾക്കും പരിസ്ഥിതി സംതുലനത്തിനും ഉപയോഗിച്ചിരുന്നു. ജനകീയാസൂത്രണ കാലഘട്ടത്തിൽ ഈ മേഖലയിൽ വൻ ഇടപെടലുകളാണ് തദ്ദേശസഭകൾ നടത്തിയിരുന്നത്. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾ മുഖേനയും ഈ മേഖലയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരികയും കൃഷിയോടുള്ള അഭിരുചി കുറയുകയും ചെയ്തപ്പോൾ മൃഗസംരക്ഷണ മേഖലയോട് താല്പര്യമുള്ളവരും കുറഞ്ഞുവന്നു.

പഞ്ചായത്തിലെ ഒരുവിധം വീടുകളിൽ കന്നുകാലികളെയും വളർത്തുപക്ഷികളെയും വളർത്തിയിട്ടുണ്ട്. ജനകീയാസൂത്രണ കാലത്തെ പദ്ധതികൾ ഈ സംവിധാനത്തെ ശക്തിപ്പെടുത്തുകയുണ്ടായി. ജനങ്ങളുടെ തൊഴിൽമേഖലയുടെ വളർച്ചയ്ക്കായിരുന്നു പ്രാധാന്യം നൽകിയത്. വിവിധ പഞ്ചവത്സര പദ്ധതികളിലൂടെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി മുട്ടക്കോടി വിതരണം, ആട്മാടുകളെ വളർത്തൽ തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലാക്കിയെങ്കിലും ആയതിന്റെ ലക്ഷ്യത്തിലെത്തുവാൻ കഴിഞ്ഞിട്ടില്ല എന്നത് യാഥാർത്ഥ്യമാണ്. കൃത്യമായ ആസൂത്രണവും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ വന്ന വീഴ്ചകളും ഈ പോരായ്മയ്ക്ക് കാരണമായി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന പദ്ധതി സംബന്ധിച്ച് കൃത്യമായ ധാരണ ആവശ്യമായിരുന്നു. മുട്ടക്കോഴി വിതരണം നടത്തുമ്പോൾ അവരുടെ ഭൗതിക സാഹചര്യങ്ങൾ കൃത്യമായി പഠിക്കുവാൻ കഴിഞ്ഞിരുന്നില്ല.

### വളർത്തുമൃഗങ്ങളും പക്ഷികളും പട്ടിക വിശകലനം

| വളർത്തുമൃഗങ്ങളും പക്ഷികളും | 1996-97 | 2020-21 |
|---|---|---|

| | | |
|---|---|---|
| പശു | 2951 | 730 |
| കന്നുകുട്ടികൾ | 739 | 250 |
| എരുമ/പോത്ത് | 42 | 83 |
| ഉഴവുകാളകൾ | 64 | 2 |
| വിത്തുകാളകൾ | 11 | 2 |
| ആട് | 680 | 609 |
| കോഴികൾ | 12892 | 16000 |
| താറാവ് | 264 | 52 |

1991 ലെ മൃഗസംരക്ഷണ വകുപ്പിലെ സെൻസസും 2019 ലെ സെൻസസ് പ്രകാരവുമുള്ള പട്ടികയുമാണ് മേൽസൂചിപ്പിച്ചത്. പശുക്കളുടെ കുറവ് നമ്മുടെ പഞ്ചായത്തിലെ കാർഷിക ഭൂമിയുടെ കുറവു വന്നതിന്റെയും 5 സെന്റ് ഭൂമിയിൽ താഴെ വീട് വയ്ക്കുന്നവരുടെ എണ്ണത്തിലുണ്ടായ വർദ്ധനവും കാരണമാണെന്ന് മനസ്സിലാക്കാം. പശുവിനെ വളർത്തൽ ലാഭകരമാണെങ്കിലും അതിനൊരുക്കേണ്ട ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നതിൽ പോരായ്മകളുണ്ട്. പശുവളർത്തലിലുണ്ടായ കുറവ് കന്നുകുട്ടികളെ പരിപാലിക്കുന്നതിലും കാണുന്നു. ജനകീയാസൂത്രണം ആരംഭിച്ചപ്പോൾ 11,12,13 പഞ്ചവത്സര പദ്ധതി കാലയളവിൽ കന്നുകുട്ടി പരിപാലനം ഒരു പ്രധാന പദ്ധതിയായിരുന്നു. മൃഗാശുപത്രിയുടെ സേവനം, തദ്ദേശസഭയുടെ ഇടപെടൽ, കർഷകരുടെ ആത്മവീര്യം ഉയർത്തുന്നതിനുള്ള ഇടപെടലുകൾ, പാലുല്പാദന സഹകരണസംഘങ്ങളുടെ ഇടപെടലുകൾ എന്നിവയിലൂടെ പശുവളർത്തലും കന്നുകുട്ടി പരിപാലനവും കാർഷികഭൂമികളിൽ കുറവുണ്ടായിട്ടുപോലും ക്ഷീരകർഷകരെ പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ നേരത്തെ രണ്ടെണ്ണമായിരുന്നു ഉണ്ടായിരുന്നത്. അതിൽ കക്കോടി മിൽക്ക് സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചു. ഇപ്പോൾ ഒറ്റത്തെങ്ങിലും, കിഴക്കുംമുറിയിലും രണ്ട് ക്ഷീരോല്പാദകസംഘങ്ങളുണ്ട്.

| ക്ഷീരോല്പാദക സംഘം | ക്ഷീരകർഷർ | പാലളവ് | ചെലവാകുന്ന കാലിത്തീറ്റ |
|---|---|---|---|
| ഒറ്റത്തെങ്ങ് | | | |
| കിഴക്കുംമുറി | | | |

സങ്കരഇനം പശുക്കളാണ് പഞ്ചായത്തിൽ അധികമുള്ളത്. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി മൃഗാശുപത്രി അടിസ്ഥാന സൗകര്യവികസനവും ഡോക്ടറുടെ സേവനവും ക്ഷീരകർഷകരുടെ താല്പര്യവും ഈ മേഖലയെ നിലനിർത്തുന്നു. എന്നിരുന്നാലും കൂടുതൽ ആധുനിക സേവനങ്ങൾ നൽകുവാൻ കഴിയണം.

**കൃത്രിമ ബീജസങ്കലന വിവരം – ഒരു താരതമ്യം**

| വളർത്തുമൃഗങ്ങൾ | ആകെ | | കൃത്രിമബീജസങ്കലനം നടത്തിയവ | | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ | |
|---|---|---|---|---|---|---|
| | 1996-97 | 2025-26 | 1996-97 | 2025-26 | 1996-97 | 2025-26 |
| പശു | 2951 | 730 | 1680 | 1100 | 13 | 270 |
| കിടാരി | 739 | 65 | 192 | 212 | 4 | 35 |

ആധുനിക യന്ത്രവൽക്കരണവും വയലുകൾ കുറഞ്ഞതും വീടുകൾ വർദ്ധിച്ചതും കൃഷിയോടുള്ള താല്പര്യം കുറഞ്ഞതും വളർത്തുമൃഗങ്ങളുടെ എണ്ണത്തിലും പരിപാലനത്തിലും കുറവു വന്നിരിക്കുന്നു. എന്നാൽ ശാസ്ത്രീയമായ മൃഗപരിപാലനരീതി കടന്നുവന്നപ്പോൾ കൃത്രിമ ബീജസങ്കലന പ്രവർത്തനം വർദ്ധിച്ചുവന്നു എന്നു കാണാൻ കഴിയും. എന്നാൽ ക്ഷീരകർഷകർക്ക് ആധുനിക ചികിത്സാരീതികളിലുള്ള അജ്ഞതയും ശുചിത്വക്കുറവും അശാസ്ത്രീയമായ പശുവിൻ തൊഴുത്ത് നിർമ്മാണവും രോഗവർദ്ധനവ് ഉള്ളതായി കാണുന്നു. താഴെ ചേർത്ത പട്ടിക പരിശോധിച്ചാൽ ഇത് മനസ്സിലാകും.

| രോഗങ്ങൾ | പശു | ആട് | കോഴി |
|---|---|---|---|

| | 1996-97 | 2025-26 | 1996-97 | 2025-26 | 1996-97 | 2025-26 |
|---|---|---|---|---|---|---|
| ദഹനസംബന്ധമായ | 467 | 1400 | 204 | 100 | 31 | - |
| സാംക്രമിക രോഗങ്ങൾ | 97 | 15 | 31 | 10 | - | - |
| ശ്വാസകോശ സംബന്ധമായ | 238 | 30 | 42 | 30 | 64 | 960 |
| ചർമ്മസംബന്ധമായ | 220 | 125 | 12 | 70 | 6 | - |
| പ്രത്യുല്പാദന വ്യവസ്ഥാ സംബന്ധമായ | 296 | 170 | 15 | 10 | - | - |
| ധാതുലവണസംബന്ധമായ | 97 | 150 | 45 | 70 | | |
| പരാദരോഗ സംബന്ധമായ | 760 | 1270 | 84 | 110 | | 40 |

പഞ്ചായത്തിലെ 80% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. വിവിധ പഞ്ചവത്സര പദ്ധതികളിലൂടെ മുട്ടക്കോഴി വിതരണം, കോഴിവളർത്തൽ, മുട്ടഗ്രാമം പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മുട്ട വർദ്ധനവും, ഇറച്ചിയാഹാരം, വരുമാനമാർഗ്ഗം തുടങ്ങിയവ ലക്ഷ്യമിട്ടിരുന്നു. എന്നാൽ വ്യാവസായിക അടിസ്ഥാനത്തിൽ ഫാമുകൾ പദ്ധതികളിലൂടെ ലക്ഷ്യമിടുവാൻ കഴിഞ്ഞിരുന്നില്ല. ജനകീയാസൂത്രണ ആരംഭവേളയിൽ അയൽസംസ്ഥാനങ്ങളിൽ നിന്ന് ഇറച്ചിക്കോഴി വണ്ടികൾ വരുന്നത് മുമ്പത്തേക്കാൾ കൂടുതലാവുകയാണ് ഉണ്ടായത്. വ്യാവസായികാടിസ്ഥാനത്തിൽ ഉണ്ടാക്കുന്നില്ലെങ്കിലും പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ചെറിയ കോഴിഫാമുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. അതിലൂടെ വരുമാനമാർഗ്ഗം സംഘടിപ്പിക്കുന്നവരുമുണ്ട്. ഇതുപോലെ തന്നെയാണ് ആട് വളർത്തലും. വ്യക്തികൾക്ക് രണ്ടോ മൂന്നോ ആടുകളെ നൽകുകയും എന്നാൽ വരുമാന ഉണ്ടാക്കുന്നതിനായുള്ള പരിചരണം ചെയ്യുകാണുന്നുമില്ല. ഈ ന്യൂനത ഇന്നും തുടർന്നു പോരുന്നു. ആട് വളർത്തൽ ലാഭകരമായ ഒരു തൊഴിൽ ആയതിനാൽ ഇത് പ്രോത്സാഹിപ്പിക്കേണ്ടതാണ്. അതിന് ആകർഷകമായ പദ്ധതികൾ രൂപീകരിക്കാൻ കഴിയണം. ചിലയിടങ്ങളിൽ താറാവിനെ വളർത്തുന്നവരുണ്ട്. കേവലം ഒരു നേരമ്പോക്ക് എന്നതിലുപരി ഒരു തൊഴിൽ, ഒരു വരുമാനമാർഗ്ഗം എന്ന നിലയിലേക്ക് ഉയർന്നിട്ടില്ല. പന്നിവളർത്തൽ, തേനീച്ച വളർത്തൽ, Love Bird വളർത്തൽ, പട്ടികൾ-നായകൾ (സങ്കരയിനങ്ങൾ) വളർത്തൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതുണ്ട്.

ജനകീയാസൂത്രണം മൃഗസംരക്ഷണ മേഖലയുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തി കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേവലമൊരു നേരമ്പോക്ക് പ്രവർത്തനമല്ല എന്നും ഒരു വരുമാന ദായകമായ പ്രവൃത്തിയാണെന്നും കൂടുതൽ ആളുകളെ ഈ പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ എടുത്തു പറയത്തക്ക നേട്ടങ്ങൾ താഴെ ചേർക്കുന്നു.

- പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും മൃഗസംരക്ഷണ വകുപ്പിന്റെ സേവനം ലഭ്യമാകുന്നു.
- കന്നുകാലികളെ വളർത്തുവാനും കാലിത്തൊഴുത്ത് നിർമ്മിക്കുവാനും വ്യക്തികൾക്ക് സബ്സിഡി നിരക്കിൽ ധനസഹായം ലഭ്യമാകുന്നു.
- താല്പര്യമുള്ള എല്ലാ കുടുംബങ്ങൾക്കും മുട്ടക്കോടി കുഞ്ഞുങ്ങളെ നൽകുന്നു.
- കന്നുകുട്ടി പരിപാലന പദ്ധതി എല്ലാവർഷവും നടത്തുന്നു.
- പഞ്ചായത്തിൽ ഒരു കൃത്രിമബീജദാന ഉപകേന്ദ്രം പ്രവർത്തിക്കുന്നു.
- പഞ്ചായത്തിലെ മൃഗാശുപത്രിക്ക് സ്വന്തമായി ഒരു കെട്ടിടമുണ്ട്.
- മൃഗസംരക്ഷണവകുപ്പിന്റെ സംസ്ഥാനാധിഷ്ഠിത പദ്ധതികൾ കൂടുതൽ ജനങ്ങളിലെത്തിക്കുവാൻ കഴിഞ്ഞു.
- മൃഗകർഷകർക്ക് ആവശ്യമായ പരിശീലനം, വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിവ് പകർന്നുകൊടുക്കൽ തുടങ്ങിയവ ജില്ലാടിസ്ഥാനത്തിൽ നടത്തപ്പെടുന്നത് കർഷകരെ അറിയിക്കുവാനു പങ്കെടുപ്പിക്കുവാനും കഴിയുന്നു.

**പ്രധാന പ്രശ്നങ്ങൾ**

- നഗരവൽകൃത പഞ്ചായത്തായതിനാൽ കാലിവളർത്തലിന് സ്ഥലലഭ്യത കുറവാണ്.
- പുതിയ തലമുറ ക്ഷീരമേഖലയിൽ നിന്നും വിട്ടുനിൽക്കുന്നു.
- കാലിത്തീറ്റയുടെ അമിതവിലയും പാലുല്പാദന കുറവും.
- മുട്ട, ഇറച്ചി എന്നിവ സൂക്ഷിക്കുന്ന കോൾഡ് സ്റ്റോറേജ് നിലവിൽ ഇല്ല.
- അലഞ്ഞു നടക്കുന്ന തെരുവ് നായ്ക്കളെ വന്ധീകരിക്കുവാൻ ABC പദ്ധതിയുണ്ടെങ്കിലും ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയുന്നില്ല.
- മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യം കുറവാണ്.

- വാണിജ്യ അടിസ്ഥാനത്തിൽ കോഴി, ആട് വളർത്തലിന് സൗകര്യമൊരുക്കാൻ ഇതിനായി സഹകരണ സംഘങ്ങൾ രൂപീകരിക്കൽ.
- കുടുംബശ്രീയെ ഈ മേഖലയിലേക്ക് ആകർഷിക്കത്തക്ക പദ്ധതികൾ ഇല്ല.
- പരിശീലന-പഠന സൗകര്യങ്ങൾ ഈ മേഖലയിൽ വളരെ കുറവ്.
- ക്ഷീരോല്പാദക സംഘങ്ങൾ മാറുന്നില്ല.
- ആകർഷകമായ പക്ഷികളെ വളർത്തുവാനും വിപണനത്തിനും സൗകര്യമില്ല.

**പരിഹാരങ്ങൾ**

- കർഷകരെ ക്ഷീരമേഖലയിൽ നിലനിർത്താൻ ആവശ്യമായ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകൽ ഊർജ്ജിതമാക്കണം.
- പഞ്ചായത്തിലെ മൊത്തം കന്നുകുട്ടികളെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തുക.
- കന്നുകാലി ഇൻഷൂറൻസ് ഊർജ്ജിതമാക്കണം.
- വെറ്ററിനറി ഉപകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കണം.
- മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക.
- കുടുംബശ്രീ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയുന്നവിധം പദ്ധതികൾ ഒരുക്കണം.
- തൊഴുത്ത് നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയുമായി കൂട്ടിച്ചേർക്കണം.
- സാധ്യതകൾക്കനുസരിച്ച് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ക്ഷീരകർഷക മേഖലയിലേക്ക് യുവതയെ ആകർഷിക്കണം.
- ആകർഷകമായ പക്ഷിവളർത്തൽ പദ്ധതിയിലൂടെ കൊണ്ടുവരണം. അതിന്റെ വിപണന സാധ്യത കണ്ടെത്തണം.
- പുതിയ തരം നായകളെ വളർത്തലും വിപണനവും വർദ്ധിപ്പിക്കണം.
- കോഴിവളർത്തൽ, ആട് വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികളെ കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി കൂട്ടിയോജിപ്പിക്കണം. ഇതിനായി സ്ത്രീകളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതികാലത്ത് കൂടുതൽ ആളുകളിലേക്ക് എത്തിക്കാൻ കഴിഞ്ഞ പദ്ധതി
1.കന്നുകുട്ടി പരിപാലനപദ്ധതി -ജനകീയാസൂത്രണ പദ്ധതി
2.മുട്ടഗ്രാമം പദ്ധതി
3. കമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് (20 ആടുകൾക്ക് വാണിജ്യാടിസ്ഥാനത്തിൽ ആട് ഫാം നിർമ്മിക്കാൻ ഒരു ലക്ഷം രൂപ സബ്സിഡി)
4. ഗോട്ട് സാറ്റലൈറ്റ് യൂനിറ്റ് (ചെറുകിട ആടുവളർത്തൽ സംരംഭത്തിന് (ആറ് ആടുകളുടെ യൂണിറ്റ്) 25000 രൂപ സബ്സിഡി
(3, 4 എന്നിവ സംസ്ഥാനാവിഷ്കൃത പദ്ധതി)

2019 സെൻസസ് പ്രകാരം വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണം

| | | |
|---|---|---|
| 1. | പശു | 730 |
| 2. | കന്നുകുട്ടികൾ M +F | 250 |
| 3. | എരുമ/പോത്ത് | 7+76 |
| 4. | ഉഴവുകാളകൾ | 2 |
| 5. | വിത്തുകാളകൾ | 2 |
| 6. | ആട് | 609 |
| 7. | കോഴികൾ | 16,000 |
| 8. | താറാവ് | 52 |

2020-21 ലെ കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗങ്ങൾ | ആകെ | കൃത്രിമ ബീജനസങ്കലനം | രണ്ടിലധികം തവണ |
|---|---|---|---|

| | | നടത്തിയവ | ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 730 | 1100 | 270 |
| കിടാരി | 65 | 212 | 35 |

1. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും മൃഗസംരക്ഷണവകുപ്പിന്റെ സേവനം ലഭ്യമാക്കുന്നു.
2. കന്നുകാലികളെ വളർത്തുവാനും കാലിത്തൊഴുത്ത് നിർമ്മിക്കുവാനും വ്യക്തികൾക്ക് സബ്സിഡി നിരക്കിൽ ധനസഹായം ലഭിക്കുന്നുണ്ട്.
3. താൽപര്യമുള്ള എല്ലാ കുടുംബങ്ങൾക്കും മുട്ടക്കോഴി കുഞ്ഞുങ്ങളെ നൽകുന്നുണ്ട്.
4. കന്നുകുട്ടിപരിപാലന പദ്ധതി എല്ലാ വർഷവും നടത്തുന്നു.
5. പഞ്ചായത്തിൽ ഒരു കൃത്രിമ ബീജദാന ഉപകേന്ദ്രം പ്രവർത്തിക്കുന്നു.
6. മുട്ട, ഇറച്ചി എന്നിവ സൂക്ഷിക്കുന്ന കോൾഡ് സ്റ്റോറേജ് സംവിധാനം നിലവിൽ ഇല്ല.
7. അലഞ്ഞു നടക്കുന്ന നായ്ക്കളുടെ വന്ധീകരണത്തിനായി എ.ബി.സി പദ്ധതി ബ്ലോക്ക് തലത്തിൽ നടപ്പിലാക്കാൻ സർക്കാർ നിർദ്ദേശം നിലനിൽക്കുന്നു.
8. പഞ്ചായത്തിലെ മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടം ഉണ്ട്.
9. പഞ്ചായത്തിൽ രണ്ട് ക്ഷീരസംഘങ്ങൾ നിലവിൽ വന്നു.

**പ്രധാനപ്രശ്നങ്ങൾ**

1. നഗരവൽകൃത പഞ്ചായത്തായതിനാൽ കാലിവളർത്തലിനു സ്ഥലലഭ്യത കുറവാണ്.
2. പുതിയ തലമുറ ക്ഷീരമേഖലയിൽ നിന്നും വിട്ടുനിൽക്കുന്നു.
3. കാലിത്തീറ്റയുടെ അമിത വിലയും പച്ചപ്പുല്ല് ഉൽപാദനക്കുറവും.

| | രോഗങ്ങൾ | പശു | ആട് | കോഴി |
|---|---|---|---|---|
| 1 | ദഹനസംബന്ധമായ | 1400 | 100 | |
| 2 | സാംക്രമിക രോഗങ്ങൾ | 15 | 10 | |
| 3 | മെറ്റബോളിക് സംബന്ധമായ | 140 | | |
| 4 | പ്രത്യുൽപാദന വ്യവസ്ഥാ സംബന്ധമായ | 170 | 10 | |
| 5 | ശ്വസന സംബന്ധമായ | 30 | 30 | 960 |
| 6 | ചർമ്മസംബന്ധമായ | 125 | 70 | |
| 7 | രക്ത സംബന്ധമായ | 8 | 6 | |
| 8 | ഡെഫിസിഎൻസി സംബന്ധമായ | 150 | 70 | |
| 9 | പരാദജീവികൾ സംബന്ധമായ | 1270 | 110 | 40 |
| 10 | നാഡിവ്യവസ്ഥ സംബന്ധമായ | 10 | 4 | 10 |
| 11 | മറ്റുള്ളവ | 60 | 30 | 10 |

**പരിഹാരം**

1. കർഷകരെ ക്ഷീരമേഖലയിൽ നിലനിർത്താൻ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകൽ ഊർജ്ജിതമാക്കൽ
2. പഞ്ചായത്തിലെ മൊത്തം കന്നുകുട്ടികളെ കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തുക.

3.കന്നുകാലി ഇൻഷുറൻസ് ഊർജ്ജിതമാക്കുക
4.പശുവളർത്തൽ/ ആടുവളർത്തൽ ആകർഷണീയമാക്കുന്നതിന്റെ ഭാഗമായി ഹൈടെക് ഫാമിംഗ് പ്രോത്സാഹിപ്പിക്കുക.
5.വെറ്ററിനറി ഉപകേന്ദ്രത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുക.
6.മൃഗാശുപത്രിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുക.

കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതി കാലത്തെ എടുത്ത് കാണിക്കാൻ പറ്റുന്ന പ്രോജക്ടുകൾ

1. പഞ്ചായത്ത് പ്ലാൻ ഫണ്ട്
    (a) കന്നുകുട്ടി പരിപാലനപദ്ധതി (b) മുട്ടഗ്രാമം
2. ഡിപാർട്ട്മെന്റൽ പദ്ധതി
    (a) കമേഴ്സ്യൽ ഗോട്ടറി യൂണിറ്റ്
    20 ആടുകൾക്ക് (19+1) വാണിജ്യാടിസ്ഥാനത്തിൽ ആട് ഫാം നിർമ്മിക്കാൻ ഒരു ലക്ഷം രൂപ സബ്സിഡി.
    (b) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്

ചെറുകിട ആടുവളർത്തൽ സംരംഭത്തിന് (6 ആടുകളുടെ യൂണിറ്റ് ) 25,000/- രൂപ സബ്സിഡി.

# വർക്കിംഗ് ഗ്രൂപ്പംഗങ്ങളുടെ വിവരങ്ങൾ (2025-26)

## മൃഗസംരക്ഷണവും ക്ഷീര വികസനം

| ക്രമ നമ്പർ | പേരും വിലാസവും | ഫോൺ ,ഇമെയിൽ ഐ.ഡി | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം | എസ്.സി സി /മറ്റുള്ളവ | വിദ്യാഭ്യാസയോ യോഗ്യത | തൊഴിൽ |
|---|---|---|---|---|---|---|---|
| 1 | സി.ടി ശിവാനന്ദൻ,ശിവം ,കിഴക്കഞ്ചേരി-മെമ്പർ | 9037434299 | ചെയർമാൻ | | SC | B.A. L.L.B | Advocate |
| 2 | മാടിച്ചേരി ഗംഗാധരൻ | 9495160228 | വൈസ് ചെയർമാൻ | | | PRE-DEGREE | Artist |
| 3 | ഡോ: രാധിക- വെറ്ററിനറി സർജൻ | 9746743875 | കൺവീനർ | | | | |
| 4 | സദാനന്ദൻ നായർ മിൽമ പ്രസിഡണ്ട് | 9567842945 | അംഗം | GENERAL | | S S L C | |
| 5 | പ്രമോദ് മാമ്പറ്റ | 9633627531 | അംഗം | | | S S L C | .... |
| 6 | പവിത്രൻ കക്കോടി | | അംഗം | | | | |
| 7 | കെ.പി അപ്പുകുട്ടി കരിപ്പാകടവ് | 9747853434 | അംഗം | | SC | 7th Std | കൂലി |
| 8 | ബിന്ദു മാമ്പറ്റ | 8921989019 | അംഗം | | OBC | S S L C | |
| 9 | സിന്ധു എം പി സി ഡി എസ് | | അംഗം | | OBC | S S L C | |
| 10 | രഞ്ജിത്ത് | 9747758961 | അംഗം | | | | |
| 11 | രവീന്ദ്രൻ പെരാട്ടുമ്മൽ | 9539225688 | അംഗം | | | | |
| 12 | സതീശൻ കിഴക്കുംമുറി | 9539102448 | അംഗം | | | | |
| 13 | ശോഭന പണിക്കോട്ടിൽ | | അംഗം | | | | |
| 14 | ഷീബ ബാബു | | അംഗം | | | | |
| 15 | ഉണ്ണികൃഷ്ണൻ മുൻ് മെമ്പർ | | അംഗം | | | | |
| 16 | ശ്രീകേഷ് വെറ്റിനറി LSI | | അംഗം | | | | |
| 17 | ഷീബ ബി പി CDS Ward 19 | | അംഗം | | | | |
| 18 | അസീന സി കെ DFI | 9446052143 | അംഗം | | | | |

# (4)

# പ്രാദേശിക സാമ്പത്തിക വികസനം

പ്രാദേശിക സാമ്പത്തിക വികസനം

ഒരു ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയും വികസനവും പ്രധാനമായും കൃഷി, കൃഷി അനുബന്ധ മേഖലകൾ, വ്യവസായം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സാമൂഹ്യ സാഹചര്യങ്ങളും ഇതിൽ പ്രധാനമാണ്. ഇവയെ കൃത്യമായി പരിശോധിച്ച് പഠിച്ച് പ്രദേശത്തിന് അനുയോജ്യമാകുംവിധം പദ്ധതികൾ രൂപകല്പന ചെയ്യണം. തദ്ദേഹവിഹിതത്തിനു പുറമെ മറ്റെല്ലാ മാർഗ്ഗങ്ങളും ഇതിനായി ആരായേണ്ടതുണ്ട്. ധനകാര്യ സ്ഥാപനങ്ങൾ (പൊതു-സ്വകാര്യ-സഹകരണം) വ്യക്തികൾ, പുതുതലമുറകൾ ഇവയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു വികസന പരിപ്രേക്ഷ്യം സാമ്പത്തിക വികസനവുമായി സ്വീകരിക്കേണ്ടതുണ്ട്.
നമ്മുടെ ഗ്രാമപഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട-ചെറുകിട വ്യവസായ യൂനിറ്റുകൾ ഇല്ല. രണ്ടു കയർ സഹകരണ സംഘങ്ങൾ, രണ്ട് കൈത്തറി സഹകരണ സംഘങ്ങൾ നിലവിലുണ്ട്. കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കയർ നിർമ്മാണ യൂണിറ്റുകളുമുണ്ട്. ജനകീയാസൂത്രണത്തിനു മുമ്പ് കോഴിക്കോട് നഗരമേഖലയിലെ സ്ഥാപനങ്ങളെ ആശ്രയിച്ചുകൊണ്ടായിരുന്നു നമ്മുടെ പ്രദേശത്തെ ജനങ്ങൾ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോയിരുന്നത്. കാരപ്പറമ്പിലുണ്ടായിരുന്ന കശുവണ്ടി കമ്പനി, നഗരത്തിലെ ഓട് വ്യവസായം, വർക്ക് ഷോപ്പുകൾ തുടങ്ങി സ്വകാര്യ മേഖലയെ ആയിരുന്നു ആശ്രയിച്ചിരുന്നത്. പരമ്പരാഗത വ്യവസായങ്ങളിൽ കളിമൺ പാത്ര നിർമ്മാണ യൂനിറ്റ്, വീടുകളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള കൊട്ട, പായ നിർമ്മാണങ്ങൾ എന്നിവയും ഉണ്ടായിരുന്നു. ജനകീയാസൂത്രണത്തിന് മുമ്പും ശേഷവും നമ്മുടെ പഞ്ചായത്തിലെ വ്യവസായ യൂനിറ്റുകളുടെ വിവരപട്ടിക.

| യൂനിറ്റിന്റെ പേര് | സ്വകാര്യം | സഹകരണം | സർക്കാർ | തൊഴിലാളികളുടെ എണ്ണം | പു. | സ്ത്രീ |
|---|---|---|---|---|---|---|
| നാഷനൽ കയർ ഇൻഡസ്ട്രീസ്, ചെറുകുളം | | – | – | 50 | 30 | 20 |
| കൈരളി കയർ ഇൻഡസ്ട്രീസ് | | – | – | 100 | 65 | 35 |
| ചെറുകുളം കയർ ഇൻഡസ്ട്രീസ് | | – | – | – | – | – |
| കയർവ്യവസായ സഹകരണസംഘം | – | | – | – | – | – |
| കക്കോടി കയർ വ്യവസായ സഹകരണസംഘം | – | | – | 39 | 11 | 28 |
| കക്കോടി നെയ്ത്ത് പരസ്പര സഹായ സഹകരണ സംഘം | – | | – | 25 | 25 | |
| സ്റ്റാർ വീവേഴ്സ് വർക്കേഴ്സ് കോ-ഓപറേറ്റീവ് സൊസൈറ്റി | – | | – | 115 | | |

മുപ്പതോളം പ്രവർത്തിക്കുന്ന നവരത്ന കെമിക്കൽസ്, 25 തൊഴിലാളികളുള്ള പനാമ സോപ്പ് വർക്സ് എന്നിവ ചെറുകിട വ്യവസായ യൂനിറ്റുകളാണ്. അഞ്ഞൂറോളം പേർ ജോലി ചെയ്തിരുന്ന കിഴക്കുംമുറിയിലെ മാടത്തുപാറ, ചൂരക്കാട്ടുപാറ, പഞ്ചായത്ത് ക്വാറി, തീപ്പെട്ടി നിർമ്മാമ യൂനിറ്റ്, കല്ല് കൊത്തൽ തുടങ്ങിയവ നേരത്തെ തന്നെ നിശ്ചലമായിരുന്നു. ഇതിനെയെല്ലാം ആശ്രയിച്ച് 75 ഓളം വാഹനങ്ങളും 400 ലധികം തൊഴിലാളികളും ഉണ്ടായിരുന്നു. കൊപ്ര, കശുവണ്ടി, കുരുമുളക്, അടക്ക തുടങ്ങിയവ ശേഖരിച്ച് വ്യാപാരം ചെയ്യുന്നു. 450 ലധികം കച്ചവട സ്ഥാപനങ്ങൾ ഉണ്ട്. 1990 ൽ ആരംഭിച്ച കാലിക്കറ്റ് പ്രിന്റിംഗ് കോംപ്ലക്സ് ആധുനിക സാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഭാഗമായി ആരംഭിച്ചതായിരുന്നു. മാനേജ് മെന്റിന്റെ പിടിപ്പുകേടും, കെടുകാര്യസ്ഥതയും ഈ വ്യവസായം തകരുവാൻ കാരണമായി. ജനകീയാസൂത്രണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ പദ്ധതിവിഹിതത്തെയും ധനകാര്യ സ്ഥാപനങ്ങളെയും ഉപയോഗപ്പെടുത്തി 60 ലധികം സൂക്ഷ്മ -ചെറുകിട സംരംഭങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നു. വനിതാ ഹോട്ടൽ ഇതിൽ എടുത്തുപറയേണ്ട സ്ഥാപനമായിരുന്നു.

## ഇന്നത്തെ അവസ്ഥ

ജനകീയാസൂത്രണത്തിന്റെ 25 വർഷം പിന്നിടുമ്പോൾ ഈ മേഖലയിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിരുന്നില്ല. പദ്ധതി വിഹിതം ഉപയോഗിച്ച് ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾ ആരംഭിച്ചുവെങ്കിലും കൃത്യമായ മാനേജ് മെന്റിന്റെ അഭാവവും കോഴിക്കോട് നഗരത്തിന്റെ സാമീപ്യവും ഇവയെല്ലാം തകർത്തു കളഞ്ഞു. എന്നാലും ഈ മേഖലയിൽ നമുക്ക് പ്രതീക്ഷകളുണ്ട്. സഹകരണാടിസ്ഥാനത്തിലുള്ള കൂട്ടായ്മകൾ രൂപപ്പെടുന്നതും ഗവൺമെന്റിന്റെ പൊതു വികസന സമീപനവും ഈ മേഖലയിൽ വലിയ പ്രതിക്ഷകളുയർത്തിയിരുന്നു.

## ഇപ്പോഴത്തെ സംരംഭങ്ങൾ

10. ഫൂട്ട് വെയർ അപ്ഹോൾസ്റ്ററി സ്റ്റിച്ചിംഗ് യൂനിറ്റ്
11. ന്യൂട്രിമിക്സ് തൊഴിൽ യൂനിറ്റ്
12. വനിത ഹോട്ടൽ
13. വനിത ശിങ്കാരി മേളം
14. കുടുംബശ്രീയുടെ നേതൃത്വത്തിലുള്ള ഹോം ഷോപ്പിംഗ്
15. വനിത കാറ്ററിംഗ് യൂനിറ്റ്

## സ്വകാര്യ സംരംഭങ്ങൾ

- പനാമ സോപ്പ് വർക്സ്
- ഹോളോബ്രിക്സ് നിർമ്മാണ യൂനിറ്റുകൾ
- ഓട്ടോ മൊബൈൽ വർക്ക്ഷോപ്പുകൾ
- ഇൻഡസ്ട്രിയലുകൾ
- ഫ്ളോർ മില്ലുകൾ
- സോമിൽ
- ഗ്യാസ് ഏജൻസികൾ
- ആയുർവേദ മരുന്ന് ഉല്പാദന കേന്ദ്രം
- നീലാംബരി കറി പൗഡർ നിർമ്മാണ യൂനിറ്റ്
- സൂപ്പർ മാർക്കറ്റുകൾ
- ചെറുകിട ഷോപ്പുകൾ

## സഹകരണ മേഖല

- കയർ വ്യവസായ യൂനിറ്റുകൾ
- നെയ്ത്ത് പരസ്പര സഹായ സംഘം

## പ്രശ്നങ്ങൾ

- മാനേജ് മെന്റ് സംവിധാനത്തിന്റെ അപര്യാപ്തത
- ധനകാര്യസ്ഥാപനങ്ങളുടെ പൊതുസമീപനം
- വ്യവസായ മേഖലയിലെ പുതിയ രീതികളെക്കുറിച്ചുള്ള അറിവില്ലായ്മ
- ആവശ്യമായ പരിശീലനത്തിന്റെ അഭാവം
- ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന വൈജ്ഞാനിക മേഖലയിലെ സാധ്യതകൾ അറിയുന്നില്ല.
- കൃത്യമായ മോണിറ്ററിംഗ് സംവിധാനത്തിന്റെ അപര്യാപ്തത
- വിപണി അറിയാതെയുള്ള ഉല്പാദനം
- നൈപുണ്യ വികസന പരിശീലനത്തിന്റെ അഭാവം
- പരമ്പരാഗത വ്യവസായങ്ങളുടെ ആധുനികവൽക്കരണവും പുതുതലമുറയെ ആകർഷിക്കുവാനുള്ള പരിമിതികളും.

### സാധ്യതകൾ പരിഹാരങ്ങൾ

- തദ്ദേശസഭയുടെ മികച്ച പിന്തുണാ സംവിധാനം ഉറപ്പവരുത്തൽ
- മികച്ച മാനേജ് മെന്റ് സംവിധാനവും അതിനുള്ള പരിശീലനവും
- ഉല്പാദനത്തേയും ഉല്പന്നത്തെയും സംബന്ധിച്ചുള്ള ബോധവൽക്കരണം
- വിപണനം കണ്ടെത്തുവാനുള്ള മാർഗ്ഗങ്ങൾ മനസ്സിലാക്കൽ
- ധനകാര്യ സ്ഥാപനങ്ങൾക്ക് കൃത്യമായ പ്രൊജക്ട് സമർപ്പിക്കുവാൻ ആവശ്യമായ പിന്തുണാ സംവിധാനം
- ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന മോണിറ്ററിംഗ് സംവിധാനം
- MSME, Start up തുടങ്ങിയവയെ കുറിച്ചുള്ള നിരന്തര ആശയവിനിമയം
- വ്യക്തികൾ, ഗ്രൂപ്പുകൾ എന്നിവ രൂപീകരിക്കുമ്പോൾ തല്പരരായവരെ മാത്രം കണ്ടെത്തൽ
- പരമ്പരാഗത വ്യവസായങ്ങളിൽ ആധുനിക വൽക്കരണം കൊണ്ടുവരിക. ഇതിൽ സംരംഭകരെ പങ്കാളികളാക്കുക.

# (5)

# <u>ദാരിദ്ര്യ ലഘൂകരണം</u>

-

## ദാരിദ്ര്യലഘൂകരണം പാർപ്പിടം ഉൾപ്പെടെ

09/01/2024 ന് കക്കോടി ഗ്രാമപഞ്ചായത്ത് റൂബി ഓഡിറ്റോറിയത്തിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ നിന്നും വിവിധ മെമ്പർമാരിൽ നിന്നും സി.ഡി.എസിൽ നിന്നും ലഭിച്ച വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത്. കക്കോടി ഗ്രാമപഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 18.59 ചതുരശ്ര കിലോമീറ്ററാണ്. 1859 ഹെക്ടർ സ്ഥലമാണ് പഞ്ചായത്തിൽ ഉള്ളത്. 1991 ലെ കനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 30,024 ആണ്. 5422 കുടുംബങ്ങളാണ് അന്ന് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോഴത്തെ ജനസംഖ്യ 42,866 ഉം സ്ത്രീകൾ 21,533 ഉം, പുരുഷന്മാർ 21,333 ഉം പട്ടികജാതി 3,745 ഉം ആണ്.

ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ ഏകദേശം 300 കുടുംബങ്ങൾക്കാണ് വീടില്ലാത്തത്. മൈത്രി ഭവനശ്രീ പദ്ധതികൾ 350 ഓളം വീട്ടുകളും ഇ.എം.എസ് ഭവനപദ്ധതിയിൽ 600 ഓളം വീട്ടുകളും ഐ.എ.വൈ പദ്ധതിയിൽ 300 ഓളം വീട്ടുകളും പി.എം.എം.വൈ. പദ്ധതിയിൽ 6 വീട്ടുകളും ലൈഫ് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പദ്ധതിയിൽ 80 ഓളം വീട്ടുകളും ലൈഫ് ഭവനപദ്ധതിയിൽ 75 വീട്ടുകളും ലഭിച്ചതിന് ശേഷവും നിലവിൽ 1200 ഓളം പേർക്കാണ് വീടില്ലാത്തത്. അതിൽ 500 ഓളം പേർ ഭൂരഹിതരുമാണ്. കോർപറേഷൻ ബോർഡർ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് ആയതിനാലാണ് കുടിയേറി പാർക്കുന്നവരുടെ എണ്ണം കൂടുതലുമായതിനാലാണ് നിലവിൽ ഇത്രയും ഭൂരഹിതരെയും ഭവനരഹിതരെയും കാണാൻ സാധിക്കുന്നത്. ഇതിനു പുറമെ ലക്ഷംവീട് കോളനി ഇരട്ട വീട് ഒറ്റവീടാക്കൽ വിവിധ കാരണങ്ങളാണ് വീടുകൾ പലതും പണി പൂർത്തീകരിക്കാൻ കഴിയാത്തത്. ഇരട്ട വീട്ടിലെ രണ്ടു താമസക്കാർക്കും ഒരു സമയത്ത് വീട് പൊളിക്കാൻ സമ്മതം ഇല്ലായ്മാ വഴിയുള്ള അസൗകര്യം. നാലു സെന്റ് എന്നുള്ളത് കൃത്യമായി സർവേ ചെയ്ത് സംരക്ഷിക്കപ്പെടേണ്ട ആവശ്യകത നിലനിൽക്കുന്നുണ്ട്. എങ്കിൽ മാത്രമേ വഴി സൗകര്യം കൃത്യമായി ലഭിക്കുകയുള്ളൂ. പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ മറ്റൊരു കാരണം പുറണ്ടാടത്ത് കോളനി പോലുള്ള സ്ഥലങ്ങൾ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഇനത്തിൽപ്പെട്ടവയായതാണ്.

ദാരിദ്ര്യ ലഘൂകരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന വിവിധ ക്ഷേമ പെൻഷനുകൾ പഞ്ചായത്തിൽ പുതുതായി 800 ഓളം അനുവദിച്ചിട്ടുണ്ട്.

കേരള സാമൂഹിക സാംസ്കാരിക മേഖലകളിൽ വരുത്തിയ മാറ്റങ്ങളിൽ ജാതിവിരുദ്ധ പ്രസ്ഥാനങ്ങളും തൊഴിലാളി മുന്നേറ്റങ്ങൾ ഉൾപ്പെടെയുള്ള മാറ്റങ്ങൾ സാമ്പത്തിക വികസനത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടില്ല. എന്നാൽ ഗൾഫ് പണത്തിന്റെ ഒഴുക്കും അതിന്റെ ഫലമായുണ്ടായ തിളക്കത്തിലും ഒരു ഭാഗത്ത് കേവല ദാരിദ്ര്യം, സ്ത്രീകളുടെ പിന്നോക്കാവസ്ഥ, പാർശ്വവത്കരണ വിഭാഗങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, പരിസ്ഥിതി തകർച്ച ആരോഗ്യമേഖലയിലെ പ്രശ്നങ്ങളും വികസന മേഖലയിൽ പുതിയ ചർച്ചകൾക്കും സംവാദങ്ങൾക്കും വഴി തെളിച്ചു. പങ്കാളിത്ത ഭരണം പങ്കാളിത്ത വികസനം തുടങ്ങിയ മേഖലകളിൽ 1990 കളിൽ ഉണ്ടായ മുന്നേറ്റങ്ങൾ കേരളം നേരിടുന്ന പ്രശ്നങ്ങളെ പുതിയ രീതി ഉപയോഗിച്ച് നോക്കി കാണുന്നതിനും പരിഹരിക്കുന്നതിനും ആത്മാർത്ഥമായി പരിശ്രമിച്ചതിന്റെ സൃഷ്ടിയായി 1998 ൽ ഔപചാരികമായി ആരംഭിച്ച കുടുംബശ്രീ ദാരിദ്ര്യ ലഘൂകരണത്തിനും, സ്ത്രീ ശാക്തീകരണത്തിനുമായി പ്രവർത്തിച്ചു. ആരംഭത്തിൽ കക്കോടി പഞ്ചായത്തിൽ 16 വാർഡുകളിൽ 96 ഓളം അയൽക്കൂട്ടങ്ങൾ ഉണ്ടായിരുന്നു. ഇന്നത് 412 ഓളം ആയി വളർന്ന് പന്തലിച്ച് നിൽക്കുകയാണ്. ഇതിൽ എസ്.സി 3 എണ്ണം ഉള്ളത് 5 എണ്ണം ആയിട്ടുണ്ട്. വയോജന അയൽക്കൂട്ടങ്ങൾ 40 എണ്ണവും ഭിന്നശേഷി 13 എണ്ണവും ബാലസഭ യൂണിറ്റുകൾ 54 ഉം ഉൾപ്പെടെ ആകെ 2700 അയൽക്കൂട്ടങ്ങൾ ഉള്ളത് ഇപ്പോൾ 7268 അംഗങ്ങളുണ്ട്. ഇതിൽ 411 എസ്.സി കുടുംബങ്ങളാണ്. ലഘു സമ്പാദ്യം (ത്രിഫ്റ്റ്) 3,67,388 എന്നുള്ളത് 10, 21,50,185 ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആന്തരിക വായ്പ 29, 09,888 എന്നുള്ളത് 67,22,20,884 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ലിങ്കേജ് ലോൺ 1,14,00,000 എന്നുള്ളത് 18, 63,41,200 രൂപയായി. പിന്നോക്ക വായ്പ 3,25,00,000/- ഭവനശ്രീ വായ്പ 272 പേർക്ക് 1,80,00,000 ഉം പഞ്ചായത്ത് അനുവദിച്ച ഭവനശ്രീ സബ്സിഡി 4,00,000/- കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മൈക്രോ സംരംഭങ്ങൾ 10 ൽ നിന്നും 64 ജെ.എൻ.ജികളും അതിൽ 38,00,000 ജെ.എൽ.ജികൾക്ക് ലോൺ കൊടുക്കുവാനും ലിങ്കേജ് സബ്സിഡി 39 ,60,627/- ലിങ്കേജ് മാച്ചിംഗ് ഗ്രാന്റ് 7,67,571/- RKLS (പ്രളയം) വായ്പ 1,39,42,800 അതിൽ RKLS സബ്സിഡി കിട്ടിയത് 19,33,760/- RKLS ലോണിന് റീ റോളിംഗ് ഫണ്ട് നൽകിയത് 5,30,000/- KSSBY ഇൻഷൂറൻസ് 7689 പേരെയും തുക 2,52,000/- നൽകുകയും ചെയ്തു. വിദ്യാർത്ഥികൾക്ക് 13,42,000/- രൂപ സ്കോളർഷിപ്പ് നൽകാൻ കഴിഞ്ഞിട്ടുണ്ട്. സ്പെഷ്യൽ അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് വകയിൽ 80,000/-രൂപ, വയോജന അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് 40,000/- രൂപയും കുടുംബശ്രീ റിപ്പോർട്ടിംഗ് ഫണ്ട് വകയിൽ 5,50,000/- രൂപയും എസ്.സി കുടുംബശ്രീകൾക്ക് മാപ്പിംഗ് ഗ്രാന്റ് വകയിൽ 4,58,640/- മുഖ്യമന്ത്രിയുടെ സഹായ ഹസ്തം കോവിഡ് ലോൺ നൽകിയത് 3,37,50,000/- രൂപയും മുഖ്യമന്ത്രിയുടെ സഹായ ഹസ്തം ലോണിന് സബ്സിഡി നൽകിയത് 26,73,706/- രൂപയും ജെ.എൻ.ജി ലോണിന്റെ സബ്സിഡി തുക 1,54,870 രൂപയും K.S.F.E ചിട്ടി 349

അംഗങ്ങൾ 13 ലാപ്ടോപ്പ് CEF ലോൺ കൊടുത്തത് (4%) 21,00, 000/-, അഗതി രഹിത കേരളം ഗുണഭോക്താക്കൾ എണ്ണം 52 ഉം അഗതി രഹിത കേരളം ഫണ്ട് കിട്ടിയത് 5,57,159 രൂപയും പ്രളയത്തിന്റെ ഭാഗമായി കുടുംബശ്രീ മുഖ്യമന്ത്രിയുടെ നിധിയിലേക്ക് കൊടുത്തത് 3,22,470/- രൂപയും സ്നേഹനിധി അംഗങ്ങളിൽ നിന്ന് 10 രൂപ വീതം പിരിച്ചത് 29,73,130 രൂപയും സ്നേഹനിധി തുക അംഗങ്ങൾക്ക് കൊടുത്തത് 21,89,950 രൂപയും ആശ്രയ ചലഞ്ച് ഫണ്ട് ലഭിച്ചത് 8,38,586 രൂപയുമാണ്. മറ്റ് ഫണ്ടുകൾ കിട്ടിയത് NRLM, CEF 10,00,000 രൂപയും RKDP ഫണ്ട് 5,00,000 രൂപയും കിയോസ്കിസ് 2,00,000 രൂപയും കണക്ക് ട്ട വർക്ക് 2,10,000 രൂപയുമാണ്.

സാമാന്യ ജീവിതത്തിൻറെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയവ ആർജ്ജിക്കാനാവാത്ത അവസ്ഥയാണ് ദാരിദ്ര്യം. പ്രകൃതി ദുരന്തങ്ങൾ, അക്രമങ്ങൾ, സാമ്പത്തികവും രാഷ്ട്രീയവുമായ പ്രതിസന്ധികൾ എന്നിവയ്ക്ക് ദാരിദ്ര്യം അനുഭവിക്കുന്നവർ പ്രത്യേകിച്ചും ഇരയാകും. ദാരിദ്ര്യത്തിൽ നിന്ന് രക്ഷപ്പെട്ട ആളുകൾ, അതിൽ തിരിച്ചെത്തുന്നില്ലെന്ന് ഉറപ്പുവരുത്താൻ സാമൂഹ്യസുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ഉപജഠീവന മാർഗ്ഗങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് ഈ ലക്ഷ്യം വിഭാവനം ചെയ്തിരിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം എല്ലാ വിഷയഗ്രൂപ്പുകളുടെയും അടിസ്ഥാന ലക്ഷ്യം ദാരിദ്ര്യലഘൂകരണമാണ്. ദാരിദ്ര്യ ലഘൂകരണത്തിനാവശ്യമായ കാഴ്ചപ്പാടുകൾ, പദ്ധതികൾ ഈ വിഷയ ഗ്രൂപ്പുകളിൽ നിന്നുയർന്നുവരുന്നു. പ്രത്യേകിച്ചും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ കണ്ടെത്തുന്നതിനും, പരിഹരിക്കുന്നതിനും മുൻഗണന നൽകണം. നിലവിൽ കേരളത്തിലെ വിവിധ വികസനപദ്ധതികളായ ലൈഫ് മിഷൻ, പൊതുവിതരണ സമ്പ്രദായം, അംഗനവാടികളിലെ അനുബന്ധ പോഷകാഹാരം, പ്രീസ്കൂൾ അനൗപചാരിക വിദ്യാഭ്യാസം, പോഷകാഹാരവും ആരോഗ്യവും വിദ്യാഭ്യാസവും, സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി, വിധവയായ സ്ത്രീകൾക്ക് അഭയകിരണം, കുടുംബശ്രീ, ആശ്രയ പദ്ധതി, വയോമിത്രം പദ്ധതി, തുടങ്ങിയവയിലൂടെയാണ് ദാരിദ്ര്യ ലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ സംസ്ഥാന ഗവൺമെൻറ് വിവിധ വകുപ്പുകളിലൂടെ നടത്തിവരുന്നത്.

അടുത്ത 15 വർഷത്തിനുള്ളിൽ ലോകമെമ്പാടുമുള്ള പട്ടിണിയും എല്ലാതരം പോഷകാഹാരക്കുറവും പരിഹരിക്കുന്ന എന്നതാണ് മിഷൻ 2030 എന്ന ഐക്യരാഷ്ട്രസംഘടനയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, ചെറുകിട കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, തുടങ്ങിയ ആവശ്യങ്ങൾ ഉയർന്നുവരണം. കൂടാതെ സുസ്ഥിര കൃഷിയുടെ ആവശ്യകതയും നാം അറിയണം. വിശപ്പ് രഹിത സമൂഹം, എല്ലാവർക്കും ആരോഗ്യകരമായ ജീവിതം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, ലിംഗസമത്വം കൈവരിക്കുക, ശുദ്ധജലവും പൊതുശുചിത്വവും ഉറപ്പ് വരുത്തുക, ചെലവ് കുറഞ്ഞതും സുസ്ഥിരവുമായ ഊർജ്ജം എല്ലാവർക്കും ഉറപ്പുവരുത്തുക, മാന്യമായ തൊഴിലും സാമ്പത്തിക വളർച്ചയും ഉറപ്പുവരുത്തുക, വ്യവസായ മേഖലയിൽ നൂതനമായ അടിസ്ഥാന സൗകര്യവികസനം, അസമത്വത്തിന്റെ അന്തരം ലഘൂകരിക്കുക, മനുഷ്യ ആവാസ വ്യവസ്ഥകൾ സുസ്ഥിരമാക്കുക, സുസ്ഥിര ഉപഭോഗവും ഉത്പാദനരീതിയും ഉറപ്പുവരുത്തുക തുടങ്ങി നിരവധി പ്രവർത്തനങ്ങൾ ദാരിദ്ര്യലഘൂകരണ പ്രവർത്തനത്തിൽ ഉയർന്നു വരണം.

നിലവിൽ ഗ്രാമപഞ്ചായത്തിൽ വിവിധ പാർപ്പിട റിപ്പയർ പദ്ധതികളിലൂടെ നൽകിയ വീടുകളുടെ വിവരം. (1997-2025)

| ഇനം | 1997-2002 | 2002-2007 | 2007-2012 | 2012-2022 | 2022-2025 |
|---|---|---|---|---|---|
| പാർപ്പിടം | 50 | 60 | 70 | 180 | 210 |
| വീട് റിപ്പയർ | 21 | 21 | 21 | 21 | 21 |

**2024-25**

**ലക്ഷം വീടുകൾ / 4 സെന്റ് കോളനികൾ**

| ക്രമ നമ്പ്ര് | പേര് | വാർഡ് | ഭൂമിയുടെ അളവ് | ആകെ കെ വീട് | ജനറൽ | SC | ന്യൂനപ ക്ഷം | വൈദ്യുതി | കുടിവെ ള്ളം | കക്കൂസ് | പട്ടയം ലഭിച്ചവർ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | പുറണാടത്ത് താഴം | 1 | 1 ഏക്കർ | 20 | 18 | 2 | 7 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇരട്ടവീട് 10 |
| 2 | മേന്തലപ്പറമ്പ് മക്കട | 2 | 1 ഏക്കർ | 20 | 17 | 3 | 8 | „ | „ | „ | „ | 2 കുടുംബത്തിന് |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | ന്<br>പട്ടയം<br>ലഭിച്ചു |
| 3 | എടവലത്ത് പറമ്പ് | 4 | 50 Cent | 18 | 16 | 2 | 7 | „ | „ | „ | „ | ഇരട്ട<br>വീട്ടുകൾ |
| 4 | കുളിചാളക്കർ | 7 | 50 Cent | 10 | 7 | 3 | – | „ | „ | „ | „ | ഇരട്ടവീ<br>ട്ടുകൾ |
| 5 | കിഴക്കേടത്ത് പറമ്പ് | 16 | 50 Cent | 10 | 7 | 3 | 2 | „ | „ | „ | „ | പൊതു<br>കിണർ<br>അംഗൻവാ<br>ൻവാടി |
| 6 | എളേടത്ത് പറമ്പ് | 13 | 28.5 Cent | 3 | 2 | 1 | 1 | „ | „ | „ | „ | |
| 7 | അയിലാടത്ത് പറമ്പ് | 12 | | 9 | 5 | 4 | 1 | „ | „ | „ | „ | പഞ്ചാ<br>യത്ത്<br>പൈപ്പ്<br>ലൈൻ |
| 8 | എടക്കണ്ടി മോരിക്കര | 18 | 8 cent | 16 | 11 | 5 | 4 | „ | „ | „ | „ | 2<br>പൊതു<br>കിണർ |
| 9 | വടക്കെ എടോളി പറമ്പ് | 18 | 1 ഏക്കർ | 19 | 17 | 2 | – | „ | „ | „ | „ | |
| 10 | ചെമ്പോളിപറമ്പ് | 2 | 1 ഏക്കർ 10 cent | 21 | | | | „ | „ | „ | „ | |
| 11 | മുണ്ടകൻതൊടി പറമ്പ് | 11 | 65 cent | 10 | 9 | 1 | – | „ | „ | „ | „ | |
| 12 | കാരക്കുന്ന് (ചാലിൽ) | 2 | 55 cent | 10 | 9 | 1 | 1 | „ | „ | „ | „ | |
| 13 | ഒറ്റപ്പിലാക്കിൽ (SC) | 3 | 56.16 cent | 11 | | 11 | | „ | „ | „ | „ | |
| 14 | മനന്തല പറമ്പ് | 20 | 90 cent | 18 | 15 | 3 | 5 | „ | „ | „ | „ | |
| 15 | വളപ്പിൽ എന്ന കളത്തിൽ പറമ്പ് മക്കട | 6 | 73 cent | 15 | 15 | 3 | – | „ | „ | „ | „ | |
| 16 | മുപ്പറ്റമ്മൽ ക. മുക്ക് | 9 | 82 cent | 15 | 13 | 2 | 4 | „ | „ | „ | „ | |
| 17 | മലേമ്മൽ പറമ്പ് | 10 | 45 cent | 10 | 10 | – | – | „ | „ | „ | „ | പൊതു<br>കിണർ<br>ജലജീ<br>വൻ<br>പൈപ്പ് |
| 18 | എടോളി മീത്തൽ | 10 | | 15 | 6 | 10 | 1 | „ | „ | „ | „ | |
| 19 | കാരാളി പറമ്പ്, മക്കട | 19 | 99 cent | 20 | 16 | 6 | 1 | „ | „ | „ | „ | പൊതു<br>കിണർ |
| 20 | പനയത്തിങ്കൽ പറമ്പ് | 14 | 82 cent | 15 | 6 | 5 | 4 | „ | „ | „ | „ | 4 കുടും<br>ബങ്ങൾക്ക്<br>ൾക്ക്<br>മാത്രം<br>പട്ടയം |
| 21 | തടത്തിൽ | 11 | 39 cent | 8 | 6 | 2 | – | „ | „ | „ | „ | പൊതു<br>കിണർ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 22 | മൂത്തേടത്ത് പറമ്പ് | 15 | 52cent | 12 | 11 | 1 | – | „ | „ | „ | „ | അംഗൻവാൻവാടി ഉണ്ട്. |
| 23 | തയ്യമ്പാടിക്കണ്ടി | 3 | | 24 | | | | „ | „ | „ | „ | വീട്ടുകളുടെ അതിര് തിരിച്ചിട്ടിട്ടില്ല . |
| 24 | പൂരങ്ങോട്ട് കുന്ന് | 4 | 90cent | 12 | 10 | 2 | 1 | „ | „ | „ | „ | |
| 25 | കാരാട്ട് പറമ്പ് | 20 | 1 ഏക്കർ25.974 cent | 26 | 15 | 10 | 4 | „ | „ | „ | „ | അംഗൻവാൻവാടി ഉണ്ട് |
| 26 | കാലാത്തൂർ പറമ്പ് | 15 | 60.47 cent | 13 | 11 | 2 | 3 | „ | „ | „ | „ | പട്ടയം ലഭിച്ചിട്ടിട്ടില്ല . |
| 27 | ഒറ്റപ്പിലാക്കിൽ (ജനറൽ) | 3 | 99 cent | 15 | 9 | 2 | 4 | „ | „ | „ | „ | |
| 28 | പോവണാടത്ത് കോളനി ബദിരൂർ | 2 | | 9 | 3 | 1 | 5 | „ | „ | „ | „ | കുടിവെള്ളം, വൈദ്യുതി ഇല്ല. |
| 29 | EMS വില്ല ചെലപ്രം | 3 | | 38 | 14 | 6 | 3 | „ | „ | „ | „ | ആശ്രയ പദ്ധതിയിൽ 15 വീട്ടുകൾ നിർമ്മിച്ചു |
| 30 | പീച്ചങ്ങാളി | 5 | – | 8 | – | 8 | – | „ | „ | „ | „ | |
| 31 | ചിരട്ടാട്ട് കോളനി | 7 | | 11 | | 11 | | „ | „ | „ | „ | വാസയോഗ്യമായ 6 കുടുംബങ്ങൾ മാത്രം |
| 32 | പെരിഞ്ചിലമല | 8 | | 10 | | 10 | – | „ | „ | „ | „ | 3 വീട് വാസയോഗ്യമല്ല. |
| 33 | കൊടക്കപറമ്പത്ത് ത്ത് | 11 | | 15 | 3 | 12 | – | | | | | വൈദ്യുതി ഭാഗികംകം , 10 SC കുടുംബത്തിന് വാസയോഗ്യമായ വീട് ഇല്ല. കുടിവെ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | ള്ള പദ്ധതി ഉണ്ട്. |

ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ ഏകദേശം 300 കുടുംബങ്ങൾക്കാണ് വീടില്ലാതിരുന്നത്. ഇപ്പോൾ 1449 പേർക്ക് വീടില്ല. 467 കുടുംബങ്ങൾക്ക് വീട് വയ്ക്കാൻ സ്ഥലമില്ല. നേരത്തെ ധനസഹായം ലഭിച്ചിട്ടും വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തത് ഉണ്ടായിരുന്നു. കഴിഞ്ഞ പദ്ധതി കാലത്ത് അത്തരം വീടുകൾ കണ്ടെത്തി പൂർത്തീകരിക്കുന്ന നടപടികൾ പൂർത്തിയാക്കി. ഇപ്പോൾ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുടെ ഭാഗമായുള്ള ലൈഫ് പദ്ധതിയുടെ ലിസ്റ്റ് തയ്യാറായിരിക്കുന്നു.

ദാരിദ്ര്യലഘൂകരണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന ക്ഷേമപെൻഷനുകൾ പഞ്ചായത്തിൽ 6000-ൽ അധികംപേർക്ക് ലഭിച്ചുവരുന്നു.

**വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ**

| പേര് | എണ്ണം | തുക |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 4850 | 1200/- |
| വികലാംഗ പെൻഷൻ | 389 | 1200/- |
| വിധവാ പെൻഷൻ | 1850 | 1200/- |
| അവിവാഹിതർക്കുള്ള പെൻഷൻ | 258 | 1200/- |
| കർഷകത്തൊഴിലാളി പെൻഷൻ | 350 | 1200/- |

കേരളത്തിലെ ദാരിദ്ര്യലഘൂകരണ പ്രവർത്തനത്തിൽ ഏറ്റവും പ്രധാനപ്പെട്ട സ്ത്രീ ശാക്തീകരണ പ്രവർത്തനമാണ് കുടുംബശ്രീ ഏറ്റെടുത്തിരിക്കുന്നത്. മികച്ച സംഘടനാ സംവിധാനം, മികച്ച പ്രവർത്തന പദ്ധതികൾ എന്നിവകൊണ്ട് മറ്റു തദ്ദേശ സ്ഥാപനങ്ങളെന്നപോലെ കക്കോടിയും മുന്നിട്ടു നിൽക്കുന്നു. ആരംഭകാലഘട്ടത്തിലെ തദ്ദേശസ്ഥാപനം എന്ന നിലയ്ക്ക് കുടുംബശ്രീ ആരംഭിച്ചു. ഇപ്പോൾ 21 CDS അംഗങ്ങൾ, 11 ADS സമിതികൾ 100 ൽപരം അയൽക്കൂട്ടങ്ങൾ എന്നിവ ഉണ്ട്. ഇപ്പോൾ ആകെ നിക്ഷേപം 1 കോടി രൂപയാണ്. ലോൺ വ്യക്തിഗതം80 ലക്ഷം. രൂപയും, ലിങ്കേജ് പ്രകാരം ലോൺസംഖ്യ ഒരാൾക്ക് 1 ലക്ഷം

രൂപയും ആണ്. കുടുംബശ്രീ മിഷൻറെ എല്ലാ പദ്ധതികളും, ഗവൺമെന്റ് ആവശ്യപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളും കൃത്യമായി ചെയ്തുപോരുന്നു. എല്ലാ വാർഡുകളിലും 18 നും 40 നും ഇടയിൽ പ്രായമുള്ള യുവതികളുടെ ഓക്സിലറി ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു. ദാരിദ്ര്യലഘൂരണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിലും അവ സുസ്ഥിരമായി നിലനിർത്തുന്നതിനും പരമാവധി കുടുംബശ്രീകൾ ശ്രദ്ധിക്കുന്നുണ്ട്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ 1400 ലധികം പേർക്ക് വാസയോഗ്യമായ വീട് ഇല്ല.
2. വീട് വയ്ക്കുന്നതിന് സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾ
3. ലക്ഷംവീട് കോളനികളിലെ ഇരട്ടവീടുകൾ
4. ലക്ഷംവീട് 4 സെന്റ് കോളനിയിലേയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെയും ജീവിത പ്രയാസങ്ങൾ
5. പദ്ധതികളിലൊന്നിലും ഇല്ലാതെപോയ, പാതിവഴിയിൽ വീട്ടുപണി നിർത്തിയ കുടുംബങ്ങൾ
6. സ്വയം തൊഴിലുകളുടെ ആസൂത്രണമില്ലായ്മകൾ
7. മദ്യപാനം, ലഹരിമരുന്നുകളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത്.

**കാരണങ്ങൾ**

1. വീട് വയ്ക്കുന്നതിനും ഭൂമി വാങ്ങുന്നതിനുമുള്ള സാമ്പത്തികശേഷി ഇല്ലായ്മ
2. ജീവിതച്ചെലവ് വർദ്ധിക്കുന്നു
3. സുരക്ഷിതമായ ജോലി ഇല്ല
4. വീട് നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം
5. ലക്ഷംവീട്ടുകാർക്ക് മുഴുവനും പട്ടയം ലഭിക്കുന്നില്ല.

6. മദ്യപാനം, ലഹരി മരുന്ന് എന്നിവയുടെ ഉപയോഗം വർദ്ധിക്കുന്നു.

**പ്രശ്നപരിഹാര സാധ്യതകൾ**

1. ലൈഫ് മിഷനിലൂടെ അർഹതപ്പെട്ട മുഴുവൻ പേർക്കും, വീടിനുള്ള ആനുകൂല്യങ്ങൾ
2. പാതി പണിത വീടുകൾക്ക് പൂർത്തീകരിക്കുന്നതിനുള്ള പദ്ധതി
3. 4 സെൻ്റ് ലക്ഷംവീട്ടുകളിലെ കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുക.
4. ലക്ഷംവീട് ഒറ്റവീടാക്കുക.
5.കോളനി അളന്ന് തിട്ടപ്പെടുത്തി അധികം വരുന്ന ഭൂമി ഭൂരഹിതർക്ക് നൽകുക.
6. വിമുക്തി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക
7.ചെറുകിട-സൂക്ഷ്മ-ഇടത്തരം തൊഴിൽ യൂണിറ്റുകൾ വ്യാപകമാക്കുക.

ഫോറം 6

പതിനാലാം പഞ്ചവത്സര പദ്ധതി (2022 - 27)

പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

(ഖണ്ഡിക 3.3.6 (3) കാണുക )

തദ്ദേശ സ്ഥാപനത്തിൻറെ പേര്: കക്കോടി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: ദാരിദ്ര്യലഘൂകരണം, പാർപ്പിടമുൾപ്പെടെ വാർഷിക പദ്ധതി 2024-25

| ക്ര. ന. | പ്രശ്നങ്ങൾ | പ്രശ്നബാധി പ്രദേശം വിഭാഗം | പ്രശ്നത്തിൻറെ തീവ്രത (✓. ചെയ്യുക) | | | പ്രശ്നത്തിനുള്ള കാരണങ്ങൾ /വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാദ്ധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എടുക്കേണ്ട | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | ട്ട് പഞ്ചായത്ത് ത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | ഭവനനിർമ്മാണ സാമഗ്രികളുടെ വിലക്കൂടുതലും ലഭ്യതക്കുറവും | പഞ്ചായത്ത് | | P | | നിർമ്മാണയൂനിറ്റുകളുടെ ഇല്ലായ്മ | കുറഞ്ഞ വിലക്ക് നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കൽ | | | |
| 2 | ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത | പഞ്ചായത്ത് | | P | | റോഡുകളുടെ അഭാവവും തകർച്ചയും | റോഡുകൾ കാലോചിതമായി പുതുക്കിപ്പണിയൽ | | | |

* തദ്ദേശഭരണത്തിൻറെ അധികാരങ്ങൾ , ചുമതലകൾ , പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത , സാമ്പത്തിക ക്ഷമത , വിജയസാദ്ധ്യത , പ്രായോഗികത , പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയുംകണക്കിലെടുത്തുകൊണ്ടായിരിക്കണം സാദ്ധ്യതകൾ പരിഗണിക്കേണ്ടത് .

സ്ഥലം:

തീയതി: 

പേര്

കൺവീനർ

### മുൻകാല മാതൃകാ വിജയം കൈവരിച്ച പ്രോജക്ടുകൾ

തദ്ദേശ സ്ഥാപനത്തിൻറെ പേര് കക്കോടി                    വർക്കിംഗ് ഗ്രൂപ്പിന്റെ പേര് ദാരിദ്ര്യ ലഘൂകരണം

| ക്രമ നമ്പർ | മേഖല / ഉപമേഖല | പ്രോജക്ടിൻറെ പേര് | Gen/SCP/TSP | ചെലവഴിച്ച തുക | പ്രതീക്ഷിച്ച പ്രയോജനം (ഭൗതിക ലക്ഷ്യം ) | കൈവരിച്ച യഥാർത്ഥ പ്രയോജനം (ഭൗതിക നേട്ടം ) | കൈവരിച്ചതായി വിലയിരുത്തുന്നതിനുള്ള കാരണങ്ങൾ /നിഗമനങ്ങൾ ഉടങ്ങിയവ |
|---|---|---|---|---|---|---|---|
| 1 | | വീട് വാസയോഗ്യമാക്കൽ | Gen | 1400000 | 21 | 21 | |
| 2 | | ലൈഫ് ഭവനപദ്ധതി | Gen | 2260000 | 52 | 52 | |
| 3 | | ലൈഫ് ഭവനപദ്ധതി | SC | 4103909 | 15 | 15 | |
| 4 | | വീട് വാസയോഗ്യമാക്കൽ | SC | 525000 | 6 | 6 | |

## വർക്കിംഗ് ഗ്രൂപ്പംഗങ്ങളുടെ വിവരങ്ങൾ (2025-26)

**ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പെടെ)**

| ക്രമ നമ്പർ | പേരും വിലാസവും | ഫോൺ,ഇമെയിൽ ഐ | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം | എസ്.സി/മറ്റുള്ളവ | വിദ്യാഭ്യാസയോഗ്യത | തൊഴിൽ |
|---|---|---|---|---|---|---|---|
| 1 | കൈതമോളി മോഹനൻ | 9447633581 | ചെയർമാൻ | | | | |
| 2 | സി മാലതി സൈമന്തികം | 9605199821 | വൈസ് ചെയർമാൻ | | | | |
| 3 | വിജീഷ് വി.ഇ .ഒ | 9605694543 | കൺവീനർ | | | | |
| 4 | വൈശാഖ് (staff) | | അംഗം | | | | |
| 5 | ഹസ്സൻ | 9567670849 | അംഗം | | | | |
| 6 | അപ്പുക്കുട്ടി വട്ടോളിമീത്തൽ | | അംഗം | | | | |
| 7 | ഇന്ദിര മതിലിശ്ശേരി,മോരിക്കര | 7907898644 | അംഗം | | | | |
| 8 | അനിൽകൃഷ്ണ മോരിക്കര | 9947005522 | അംഗം | | | | |
| 9 | തങ്കമണി മുൻമെമ്പർ | | അംഗം | | | | |
| 10 | നന്ദസൂനു പി ആർ | 9048232180 | അംഗം | OBC | | PDC | ഇലക്ട്രീഷൻ |
| 11 | മോഹനൻ തെക്കേടത്ത് | | അംഗം | | | | |
| 12 | സജിത പുതിയേടത്ത് | 9388848430 | അംഗം | General | | Plus Two | |
| 13 | ഷിബു മേലാഞ്ചേരി | 9947306148 | | | | | |
| 14 | സജീവൻ കക്കടവത്ത് | | അംഗം | | | | |
| 15 | ശ്രീലത കണ്ടിയിൽ | 9846167765 | അംഗം | | SC | S.S.L.C | |
| 16 | ലക്ഷ്മി പി എൻ Ward 3 | | | | | | |
| 17 | അജിത Ward 6 | | | | | | |

## 2025-26 വർഷത്തെ വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ

- ഇരട്ട വീട് ഒറ്റ വീടാക്കൽ സാങ്കേതിക തടസ്സം മാറ്റി പദ്ധതികൾ നടപ്പിലാക്കുക
- ഭവന പദ്ധതിക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥലം കണ്ടെത്തി ഭവന പദ്ധതിയ്ക്ക് രൂപം കൊടുക്കുക
- അഗതിരഹിത കേരളം പദ്ധതിയിൽ നിലവിലുള്ള ആളുകൾ മരണപ്പെട്ടു പോയിട്ടുണ്ട്, അവരുടെ കുടുംബം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. അത് പരിശോധിക്കപ്പെടേണ്ടതുണ്ട്. അർഹതയുള്ളവരെ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.
- അതി ദരിദ്രരുടെ ലിസ്റ്റ് പരിശോധിച്ചു തൊഴിൽ ചെയ്യാൻ തയ്യാറായവർക്ക് ഉപജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി ആളുകളെ സഹായിക്കുന്നതിന് ഇടപെടൽ നടത്തണം.
- സംരംഭക മേഖലയിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിന് ടൂവീലർ വാങ്ങുന്നതിന് സബ്സിഡി നിരക്കിൽ വാഹനം ലഭ്യമാക്കേണ്ടതുണ്ട്.

- വാതിൽപ്പടി സേവനം – പെൻഷൻ ലിസ്റ്റ് പരിശോധിച്ച് മരണപ്പെട്ടവരെ ഒഴിവാക്കേണ്ടതാണ്.
- **21 വാർഡുകളിലെയും ദാരിദ്ര്യ ലഘൂകരണത്തിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ള മുഴുവൻ തൊഴിലാളികളെയും പ്രവർത്തനത്തിന് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.**

# (6)

# <u>സാമൂഹ്യനീതി</u>

ഫോറം 6

പതിനാലാം പഞ്ചവത്സര പദ്ധതി (2022 - 27)

പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും

(ഖണ്ഡിക 3.3.6 (3) കാണുക )

തദ്ദേശ സ്ഥാപനത്തിൻറെ പേര്: കക്കോടി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: സാമൂഹ്യനീതി വാർഷിക പദ്ധതി 2024-25

| ക്ര. ന. | പ്രശ്നങ്ങൾ | പ്രശ്നബാധിത പ്രദേശം വിഭാഗം | പ്രശ്നത്തിൻറെ തീവ്രത (✓ ചെയ്യുക) | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ /വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാദ്ധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾഎന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | ഭിന്നശേഷിക്കാക്കാരുടെ സ്കോളർഷിപ്പ് | പഞ്ചായത്ത് | | P | | സാമ്പത്തികം | P | | P | P |
| 2 | വയോജന കലോൽസവം | പഞ്ചായത്ത് | P | | | സാമ്പത്തികം | P | | | |
| 3 | ഭിന്നശേഷി കലോൽസവം | പഞ്ചായത്ത് | P | | | സാമ്പത്തികം | P | | | |
| 4 | വയോജന ക്ലബ്ബ് | പഞ്ചായത്ത് | P | | | സാമ്പത്തികം | P | | | |
| 5 | ഭിന്നശേഷിക്കാക്കാർക്ക് ഉപകരണങ്ങൾ | പഞ്ചായത്ത് | P | | | സാമ്പത്തികം | P | | | |
| 6 | പകൽവീട് | പഞ്ചായത്ത് | P | | | സാമ്പത്തികം | P | | | |
| 7 | | | | | | | | | | |
| 8 | | | | | | | | | | |

* തദ്ദേശഭരണത്തിൻറെ അധികാരങ്ങൾ , ചുമതലകൾ , പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത , സാമ്പത്തിക ക്ഷമത , വിജയസാദ്ധ്യത , പ്രായോഗികത , പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയുംകണക്കിലെടുത്തുകൊണ്ടായിരിക്കണം സാദ്ധ്യതകൾ പരിഗണിക്കേണ്ടത് .

സ്ഥലം:

തീയതി: പേര്

കൺവീനർ

## കോളനികൾ

കോളനികളുടെ പേരും കുടുംബങ്ങളുടെ എണ്ണവും കോളിനിയിലേക്ക് എത്തിച്ചേരുന്ന റോഡുകളും രേഖപ്പെടുത്തുക.

### പട്ടിക 1.18:ലോ ഇൻകം ഗ്രൂപ്പ്/കോളനികൾ/വാസസ്ഥലങ്ങൾ

| കോളനിയുടെ/വാസസ്ഥലത്തിന്റെ പേര് | സ്ഥലം, എത്തിച്ചേരാനുള്ള പ്രധാന റോഡും | കുടുംബങ്ങളുടെ എണ്ണം | കുടുംബാംഗങ്ങളുടെ എണ്ണം |
|---|---|---|---|
| പുറണാടത്ത് കോളനി | ചോയിബസാർ | 27 | 87 |
| കാരക്കുന്ന് കോളനി | ചോയിബസാർ | 10 | 40 |
| മേത്തല പറമ്പ് കോളനി | ബദിരൂർ | 28 | 112 |
| ഒറ്റപ്പിലാക്കിൽ കോളനി | കോട്ടുപാടം | 21 | 84 |
| തെയ്യമ്പാടികണ്ടി കോളനി | പറപ്പള്ളിത്താഴം | 11 | 44 |
| ഇ എം എസ് കോളനി | ഉണ്ണിമുക്കിൽ | 24 | 96 |

| | | | |
|---|---|---|---|
| പോവണ്ടാടത്ത് | | 38 | 152 |
| എടവലത്ത് പറമ്പ് കോളനി | ശശീന്ദ്രബാങ്ക് | 10 | 40 |
| പൂരങ്ങോട്ടുകുന്ന് | കോട്ടുപാടം | 14 | 56 |
| പീച്ചങ്ങാളി | | 8 | |
| വളപ്പിൽ കോളനി | പാർത്ഥസാരഥി | 15 | 60 |
| കുളിച്ചാളക്കൽ | കുളിച്ചാളക്കൽ റോഡ് | 10 | 40 |
| ചിരട്ടാട്ട് കോളനി | ചിരട്ടാട്ട് | 10 | 40 |
| പെരിഞ്ചില മല കോളനി | പെരിഞ്ചില റോഡ് | 10 | 40 |
| എടോളി മീത്തൽ കോളനി | കക്കോടി മുക്ക് റോഡ് | | |
| മലയമ്മ പറമ്പ് | മൂട്ടോളി പയമ്പ്ര റോഡ് | | |
| തടത്തിൽ കോളനി | ചാലിൽതാഴം ഊട്ടുകുളം റോഡ് | 17 | 68 |
| മുണ്ടകൻതൊടി പറമ്പ് | ചാലിൽതാഴം ഊട്ടുകുളം റോഡ് | | |
| കോടക്ക പറമ്പ് | ചാലിൽതാഴം ഊട്ടുകുളം റോഡ് കരോത്ത് താഴം | 17 | 68 |
| കുറുക്കൻ കുന്ന് | ചാലിൽതാഴം | 15 | 68 |
| അയിലാടത്ത് കോളനി | കനാൽ റോഡ് | 5 | 35 |
| ധർമ്മൻകുന്ന് കോളനി | വളപ്പിൽ വാഴം കനാൽ റോഡ് | 8 | 21 |
| എടോളി പറമ്പ് | കക്കോടി മുക്ക് | 36 | 44 |
| പനയത്തിങ്കൽ കോളനി | പടിഞ്ഞാറ്റുംമുറി | 15 | 60 |
| മൂത്തേടത്ത് കോളനി | കിരാലൂർ | 17 | 68 |
| കാലാഞ്ഞൂർ പറമ്പ് | കിരാലൂർ കോളനി | 13 | 52 |
| | | | |
| | | | |
| വടക്കെ എടോളി പറമ്പ് | | 19 | 12 |
| എടക്കണ്ടി | കോളനി റോഡ് | 16 | 64 |
| കാരാളി പറമ്പ് | മാളിക്കടവ് | 20 | 80 |
| കാരാട്ട് പറമ്പ് കോളനി | കാരാട്ട് പറമ്പ് കോളനി റോഡ് | 26 | 84 |
| മനന്തല കോളനി | മക്കട എ എൽ പി | 18 | 72 |

(സ്രോതസ്: കക്കോടി പഞ്ചായത്തിൽ 7 ലക്ഷം വീട് കോളനിയും 20 നാല്സെൻറ് കോളനിയും ഉണ്ട്. പല ലക്ഷം വീട് കോളനിയിലെയും ചില ഇരട്ട വീട് പദ്ധതിയില്പുൾപ്പെടുത്തി ഘട്ടം ഘട്ടമായി ഒറ്റ വീടാക്കിയിട്ടുണ്ട്. കൂടാതെ 5 സെൻറ് കുടുംബങ്ങൾ ഉൾപ്പെടുന്ന 6 കോളനികൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.1.

1. പോവണ്ടാടത്ത് മീത്തൽ കോളനി – ബദിരൂർ ((വാർഡ് 2)
2. ഇ. എം എസ് വില്ല ചെലപ്രം ഉണ്ണിമുക്ക് ( വാർഡ് 3)
3. പീച്ചങ്ങാളി കോളനി ( വാർഡ് 5)
4. ചിരട്ടാട്ട് കോളനി ( വാർഡ് 7)
5. പെരിഞ്ചില മല – മൂട്ടോളി (വാർഡ് 8)
6. കൊടക്കപ്പറമ്പത്ത് കിഴക്കുംമുറി (വാർഡ് 11)

വർക്കിംഗ് ഗ്രൂപ്പംഗങ്ങളുടെ വിവരങ്ങൾ (2025-26)

**സാമൂഹ്യനീതി (ഭിന്നശേഷിയുള്ളവർ ,വൃദ്ധർ,കുട്ടികൾ ,ട്രാൻസ്ജൻഡേർസ് )**

| ക്രമ നമ്പർ | പേരും വിലാസവും | ഫോൺ,ഇമെയിൽ ഐ.ഡി | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം | എസ്.സി സി /മറ്റുള്ളവ | വിദ്യാഭ്യാസയോ യോഗ്യത | തൊഴിൽ |
|---|---|---|---|---|---|---|---|
| 1 | സാഹിദ് കെ ടി | 8943703212 | ചെയർമാൻ | OBC | | Plus two | |
| 2 | മഹേശൻ കമ്മലാട്ട് | 9447008558 | വൈസ് ചെയർമാൻ | OBC | | S S L C | |
| 3 | അമിത എം കേളപ്പൻ ICDS സൂപ്പർവൈസർ | 8281066768 | കൺവീനർ | | | M & W | |
| 4 | അനിത ആശാവർക്കർ | 9495788121 | അംഗം | OBC | | Plus two | ആശ വർക്കർ |
| 5 | വിജയലക്ഷ്മി അംഗനവാടി ടീച്ചർ | 9645683347 | അംഗം | OBC | | PDC | അംഗൻവാടി ടീച്ചർ |
| 6 | എ.കെ ബാബു | 9447541868 | അംഗം | OBC | | S S L C | Business |
| 7 | ബാലാമണി കരിമ്പിലങ്ങോട്ട് | 9995428750 | അംഗം | General | | S S L C | ആശവർക്കർ |
| 8 | ഷീബ അംഗനവാടി ടീച്ചർ | 9048199520 | അംഗം | General | | S S L C | അംഗൻവാടി വർക്കർ |
| 9 | തുളസി ബഡ്സ് സ്കൂൾ ടീച്ചർ | 9048428745 | അംഗം | OBC | | Degree | ബഡ്സ് സ്കൂൾ ടീച്ചർ |
| 10 | പ്രജുഷ കെ പി മാമ്പറ്റ മൂട്ടോളി | 8281779514 | അംഗം | OBC | | Plus Two | |
| 11 | ദിനേശൻ വാർഡ് 6 | | അംഗം | OBC | | S S L C | |
| 12 | പ്രേമവല്ലി,കല്ലിട്ടപ്പാലം,കിരാലൂർ ,കിഴക്കുംമുറി | 9745905508 | അംഗം | General | | Pre-Degree | ആശവർക്കർ |
| 13 | നിഷ പിലാക്കാട്ട് -മെമ്പർ | 9539421024 | അംഗം | OBC | | Degree | Ward Member |
| 14 | വിനോദ്കുമാർ | 9496345814 | അംഗം | General | | Degree | Govt. Retired |
| 15 | ജലജ | 9895795890 | അംഗം | OBC | | S S L C | |
| 16 | റീജ വാർഡ്9 | | | | | | |

## 2025-26 വർഷത്തെ വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ

- ഭിന്നശേഷിക്കാരുടെ പഞ്ചായത്ത് തല സംഗമം വർഷത്തിൽ മൂന്ന് തവണയായി കുറയാതെ നടത്തുക.
- ഭിന്നശേഷിക്കാർക്കും ഭിന്നശേഷി വിദ്യാർഥികൾക്കും വിനോദയാത്ര സംഘടിപ്പിക്കുക.
- ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.

**വയോജനം**

- വയോജനങ്ങൾക്ക് മാസത്തിൽ ഒരിക്കൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കണം.
- വയോജന ക്ഷേമ പദ്ധതി വിനിയോഗത്തിൽ വയോജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി വാർഡ് തല വയോജന ക്ലബ്ബുകൾക്ക് പ്രഷർ, ഷുഗർ പരിശോധന ഉപകരണങ്ങൾ നൽകുക.
- ഒറ്റപ്പെട്ടു താമസിക്കുന്ന വയോജനങ്ങൾക്ക് ജീവസംരക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്യുക. അവർക്ക് ആവശ്യമായ മരുന്നുകൾ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കണം.

- പഞ്ചായത്തിൽ വയോജനങ്ങൾക്ക് എത്തിച്ചേരാൻ കഴിയുന്ന രീതിയിൽ പകൽവീടുകൾ നിർമ്മിക്കുക
- വയോജന ക്ലബ്ബുകളുടെ കൂട്ടായ്മ സംഘടിപ്പിക്കണം
- ക്ലബ്ബുകൾ ഇല്ലാത്തിടത്ത് രൂപീകരിക്കണം
- വയോജന സെൻസസ് കാര്യക്ഷമമായി നടപ്പിലാക്കണം
- ഓരോ വാർഡിലെയും ട്രാൻസ്ജെൻഡർമാരുണ്ടെങ്കിൽ അവരെ കണ്ടെത്തി അവർക്ക് വേണ്ട സേവനങ്ങൾ നൽകണം.

# (7)

# <u>പട്ടികജാതി വികസനം</u>

## പട്ടികജാതി

1991 ലെ സെൻസസ്സിൽ പഞ്ചായത്തിലെ ജനസംഖ്യയിൽ 3168 പേർ പട്ടികജാതി വിഭാഗമാണ്. ജനസംഖ്യയുടെ 10.55 % വരും. 5% വളർച്ചാനിരക്ക് കണക്കാക്കിയാൽ 1996 ൽ 4022 പോർ ഉണ്ടാകും

10 ഹരിജൻ കോളനികൾ ഉണ്ട്. 12 ലധികം കുടുംബങ്ങൾ ഓരോ കോളനിയിലും താമസിക്കുന്നു. ഇരട്ടവീട്ടുള്ള കോളനികൾ ഉണ്ട്.

| ഹരിജൻ കോളനികൾ | വാർഡ് | വൈദ്യുതി |
|---|---|---|
| ചിരട്ടാട്ട് താഴം കോളനി | 5 | ഇല്ല |
| മക്കട ഹരിജൻ കോളനി(അയ്യപ്പൻകുഴി) | 3 | ഇല്ല |
| പേരടിക്കുന്ന് തലാപ്പാത്തിൽ | 2 | ഇല്ല |
| പാലോറക്കുന്ന് ഹ.കോ | 7 | ഇല്ല |
| ധർമ്മംകുന്ന് ഹ.കോ | 7 | ഇല്ല |
| വാളറാട്കുന്ന് ഹ കോ | 8 | ഇല്ല |
| ചാലിക്കര ഹ കോ | 12 | 14 വീട് |
| കുറുക്കൻകുന്ന് ഹ കോ | 7 | 14 വീട് |
| കമ്മിളിത്താഴം ക്ന്ന് | 12 | 9 വീട് |

| | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | ഒറ്റത്തെങ്ങ് ഗവ. യു. പി സ്കൂളിൻറെ കെട്ടിടനിർമ്മാണവും വികസനവും | പഞ്ചായത്ത് | | | ✓ | സാമ്പത്തികം | | | | ഫണ്ട് ലഭ്യമാക്കൽ |
| 2 | കളിസ്ഥലങ്ങളുടെ നിർമ്മാണം | പഞ്ചായത്ത് | | ✓ | | സാമ്പത്തികം | സ്ഥലം ലഭ്യമാക്കൽ | | ഫണ്ട് ലഭ്യമാക്കൽ | ഫണ്ട് ലഭ്യമാക്കൽ |
| 3 | സ്മാർട്ട് ക്ലാസ്റൂം നിർമ്മാണം | ഗവ. എൽ.പി., യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ | | ✓ | | സാമ്പത്തികം | ബഹുവർഷ പ്രൊജക്ടുകൾ തയ്യാറാക്കൽ | | | ഫണ്ട് ലഭ്യമാക്കൽ |
| 4 | കലാ സാംസ്കാരിക പ്രവർത്തനങ്ങളുടെ അഭാവം | പഞ്ചായത്ത് | | ✓ | | കലാ സംസ്കാരിക കൂട്ടായ്മകൾ രൂപപ്പെടാത്തത് | കലാസാംസ്കാരിക വേദിയുടെ പ്രവർത്തനം ശക്തിപ്പെടുത്തൽ | | | |
| 5 | സ്പോർട്സ് & ഗെയിംസിൻറെ വളർച്ചയില്ലായ്മ | പഞ്ചായത്ത് | | ✓ | | സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങളില്ലായ്മ | സ്പോർട്സ് കൗൺസിലുകളുടെ രൂപീകരണം ക്യാംപുകൾ സംഘടിപ്പിക്കലും | | | |

* തദ്ദേശഭരണത്തിൻറെ അധികാരങ്ങൾ , ചുമതലകൾ , പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത , സാമ്പത്തിക ക്ഷമത , വിജയസാദ്ധ്യത , പ്രായോഗികത , പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയുംകണക്കിലെടുത്തുകൊണ്ടായിരിക്കണം സാദ്ധ്യതകൾ പരിഗണിക്കേണ്ടത് .

സ്ഥലം:

തീയതി: പേര്

## 2025-26 വർഷത്തെ വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ

- തുടർ വിദ്യാഭ്യാസം, എസ് എസ് കെ വിഹിതം നൽകൽ, കലാകായിക മത്സരങ്ങളിൽ പങ്കെടുക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ധനസഹായം, എസ് സി കുട്ടികൾക്ക് മേശയും കസേരയും നൽകൽ, കുട്ടികൾക്കുള്ള പഞ്ചായത്ത് തല കായികമേള, ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് നൽകൽ, കരാട്ടെ പരിശീലനം, പ്രതിഭകളെ ആദരിക്കൽ എന്നിവ 2025-26 സാമ്പത്തിക വർഷത്തിൽ തുടരണമെന്ന് നിർദ്ദേശിച്ചു.
- ലൈബ്രറി ശാക്തീകരണത്തിന് ഓരോ ക്ലാസ്സിലും ക്ലാസ് ലൈബ്രറികൾ സ്ഥാപിക്കുന്നതിന് സംവിധാനമൊരുക്കണമെന്ന് നിർദ്ദേശിച്ചു
- തെരഞ്ഞെടുക്കപ്പെട്ട നിർധന വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം നടത്തേണ്ടതാണ്
- പടിഞ്ഞാറ്റുമുറി യുപി സ്കൂൾ, കക്കോടി ജി എൽ പി സ്കൂൾ, ഒറ്റ തെങ്ങ് പഞ്ചായത്ത് യുപി സ്കൂൾ എന്നിവിടങ്ങളിൽ ഇൻവെർട്ടറോടുകൂടിയ സോളാർപാനൽ സ്ഥാപിക്കണമെന്ന് നിർദ്ദേശം നൽകി
- ഗവൺമെന്റ് സ്കൂളുകൾക്ക് പ്രഭാത ഭക്ഷണം നൽകണമെന്ന് നിർദ്ദേശിച്ചു
- രക്ഷിതാക്കൾക്കും കുട്ടികൾക്കും അധ്യാപകർക്കും മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പി ക്കണം എന്ന് നിർദ്ദേശിച്ചു
- സർക്കാർ യു പി സ്കൂളുകളിൽ ഒരു കൗൺസിലറെയും പി ഇ ടി അധ്യാപകനെയും നിയമിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി
- സ്കൂൾ പരിസരം കാടുവെട്ടി വൃത്തിയാക്കുക, കിണർ ശുചീകരണം നടത്തുക എന്നിവ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തണമെന്ന് നിർദ്ദേശിച്ചു,
- കക്കോടി ജി എൽപി സ്കൂളിന് സ്റ്റേജിനോട് അനുബന്ധിച്ച് ഡ്രസ്സിംഗ് ഏരിയ, വാഷിംഗ് റൂം, ഓഫീസ് റൂം, സ്റ്റാഫ് റൂം, എൽ.കെ.ജി, യു.കെ.ജി ക്ലാസ് റൂം, ലൈബ്രറി, കമ്പ്യൂട്ടർ റൂം, കിച്ചൺ എന്നിവ നിർമ്മിക്കുകയും മുറ്റം ഇന്റർലോക്ക് പാകുന്നതിനുമുള്ള ഫണ്ട് വകയിരുത്തണമെന്ന് ആവശ്യപ്പെട്ടു
- ഒറ്റ തെങ്ങ് ജി യു പി സ്കൂളിൽ ചുറ്റമതിൽ ഗ്രൗണ്ട് മണ്ണിട്ട് നികത്തൽ, കിണർ നിർമ്മാണം എന്നീ പ്രവർത്തികൾ നടത്തണമെന്ന് നിർദ്ദേശിച്ചു
- എല്ലാ ക്ലാസ് റൂമിലും ഒരു മേശയും കസേരയും നൽകണമെന്ന് നിർദ്ദേശിച്ചു
- പടിഞ്ഞാറ്റും മുറി ജിയുപി സ്കൂളിന് ചുറ്റമതിൽ നിർമിക്കുക, മുഴുവൻ ചുറ്റമതിലും പ്ലാസ്റ്ററിങ് നടത്തുക. ഓഫീസ് റൂം, സ്റ്റാഫ് റൂം, 4 ക്ലാസ് മുറികൾ എന്നിവ നിർമ്മിക്കുക. യുപി ക്ലാസിലെ കുട്ടികൾക്ക് ബെഞ്ചും ഡസ്കും നൽകുക. അടുക്കള നവീകരണം, ലാബ് നിർമ്മാണം, മാലിന്യനിർമാർജനം തുടങ്ങിയവക്ക് ഫണ്ട് നീക്കിവെക്കണമെന്ന് നിർദ്ദേശിച്ചു
- പ്രതിഭ ക്ലാസ്, ലാബ് പുഷ്ടീകരിക്കുക എന്നിവ നടത്തേണ്ടതാണ്

# (12)

# പൊതുമരാമത്ത്(വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ

# പൊതുമരാമത്ത്

70.6 km ദൈർഘ്യമുള്ളവയാണ് പഞ്ചായത്തിലെ റോഡുകൾ. ഇതിൽ 13.25km PWD ടാർ ചെയ്തവയാണ്. മെറ്റൽ ചെയ്ത റോഡുകൾ, മണ്ണിട്ട റോഡുകൾ, കോൺക്രീറ്റ് ചെയ്ത റോഡുകൾ എന്നിവ. 19KM റോഡുകൾ പൂർത്തീകരിക്കേണ്ടവയായുണ്ട്. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് കോൺക്രീറ്റിംഗ്, ദീർഘകാലം നിലനിൽക്കുന്ന ടാറിംഗ് എന്നിവയ്ക്ക് പൊതുമരാമത്ത് വകുപ്പിന്റെ രീതി പഞ്ചായത്തിലും ആവിഷ്കരിക്കേണ്ടതുണ്ട്. റോഡ് വികസനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് അതിവേഗത കൈവരിച്ചിട്ടുണ്ട്. ഉറവയുടെയും വെള്ളക്കെട്ടിൻറെയും പ്രശ്നങ്ങളാണ് റോഡിന്റെ നിർമ്മാണ, ആയുസ്സിന്റെ കാര്യത്തിൽ പ്രതിബന്ധമായി നിൽക്കുന്നത്. ഡ്രെയിനേജിനാവശ്യമായ സ്ഥലലഭ്യതയാണ് നേരിടുന്ന പ്രധാന പ്രശ്നം. വെള്ളക്കെട്ട് പരിഹരിക്കാൻ അത്യാവശ്യമായ പശ്ചാത്തലം ഊർജ്ജിതമാക്കി റോഡ് നിർമ്മാണം നടത്തുക എന്നത് മാത്രമാണ് പ്രശ്നപരിഹാരം.

ഡ്രെയിനേജ് ജോലി അത്യാവശ്യമായും നടപ്പിലാക്കിയില്ല എങ്കിൽ വർഷംതോറും ഒരേ റോഡിൽ ആവർത്തന പ്രവർത്തനം നടത്തേണ്ടി വരുന്നു. റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിൽ ഡ്രെയിനേജിനുള്ള ചെലവ് കൂടി ഉൾപ്പെടുത്തിവേണം നിർമ്മാണ അനുമതി നൽകൽ.

അനേകം ഫുട്പാത്തുകൾ പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. അവയുടെ മൂന്ന് മീറ്റർ വീതി തുടർവികസനങ്ങൾക്ക് പ്രതികൂലമായി നിലനിൽക്കുന്നു. ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ റോഡ് നിർമ്മാണ പ്രക്രിയക്ക് നിർദ്ദേശിച്ച വീതി 6 മീറ്ററായതിനാൽ ഫുട്പാത്തുകൾ വീതികൂട്ടി ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് പദ്ധതികളിൽ ഉൾപ്പെടുത്താനുള്ള പ്രോജക്റ്റ് നിർദ്ദേശിക്കാവുന്നതാണ്. നിലവിലുള്ള റോഡുകളിൽ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ജലനിധി, വൈദ്യുതി, ടെലിഫോൺ തുടങ്ങിയവയുടെ സംയുക്ത ഏകോപനത്തിൽ നിർമ്മാണപ്രവൃത്തികൾ തയ്യാറാക്കുന്ന പക്ഷം റോഡുകളിലെ അറ്റകുറ്റപ്പണികൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കും. സോളിംഗ് കഴിഞ്ഞ റോഡുകളുടെ പ്രവൃത്തികൾ ത്വരിതപ്പെടുത്തണം. കക്കോടി ബസാറിലെ ഡ്രെയിനേജ്/വെള്ളക്കെട്ടിന് ശാശ്വത പരിഹാരം ദീർഘകാലാടിസ്ഥാനത്തിൽ കണ്ടെത്തണം.

**വിദ്യുച്ഛക്തി:**

തെരുവ് വിളക്കുകൾ വൈദ്യുതി പ്രസരണനഷ്ടം വരുത്തുന്നു. അനാവശ്യമായ ചെലവുകൾ പരമാവധി കുറയ്ക്കുന്നതിന് ടൈമർ, ഓട്ടോമാറ്റിക് സ്വിച്ച് എന്നിവ സ്ഥാപിച്ച് മേൽനോട്ടം ഊർജ്ജിതമാക്കണം. തെരുവുവിളക്കുകൾ ഇല്ലാത്തിടങ്ങളിൽ ഏർപ്പെടുത്തണം.

**കെട്ടിടങ്ങൾ**

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. ശുചിമുറി/ ശൗചാലയങ്ങൾ നവീകരിക്കണം. ജലലഭ്യത ഉറപ്പുവരുത്തണം. ഹാൾ നവീകരിക്കണം.

പഞ്ചായത്ത് കെട്ടിട സമുച്ചയത്തിലെ കൃഷിഭവൻ, വില്ലേജ് ഓഫീസ് തുടങ്ങിയ അനുബന്ധ സ്ഥാപനങ്ങൾക്ക് കെട്ടിടം നവീകരിച്ച് കൂടുതൽ സ്ഥലലഭ്യത ഉറപ്പുവരുത്തണം. മുകളിലെ ഒഴിവു വന്ന സ്ഥലം ഇതിനായി നവീകരിക്കണം. റോഡിൽ നിന്നും കെട്ടിടത്തിലേക്ക് access നൽകുന്ന രീതിയിൽ പുനക്രമീകരിക്കണം. ജനസൗഹൃദ ഓഫീസുകളായി ഇവ മാറ്റപ്പെടണം. പഞ്ചായത്ത് പാർക്ക് cum ഓപൺ എയർ വേദി സൗകര്യപ്രദമായി ഉപയോഗിക്കാനുതകുന്ന രീതിയിൽ ഭംഗിയാക്കി നവീകരിക്കണം. കക്കോടി ഗ്രാമപഞ്ചായത്തിൽ മിനിസ്റ്റേഡിയത്തിന് സ്ഥലം കണ്ടെത്തേണ്ടതുണ്ട്.100% നികുതി പിരിവ് പ്രോത്സാഹിപ്പിക്കണം. പഞ്ചായത്തിൽ ഒരു ബസ് സ്റ്റാൻഡ് സ്ഥാപിക്കാൻ പദ്ധതി ആവിഷ്കരിക്കണം.

കെട്ടിട നികുതി ഓൺലൈൻ payment ൽ കൂടുതൽ ശ്രദ്ധ ചെലുത്തണം. പാർക്കിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തണം. കളിസ്ഥലത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കണം. കക്കോടി ഗ്രാമപഞ്ചായത്തിൽ മിനി സ്റ്റേഡിയത്തിന് സ്ഥലം കണ്ടെത്തേണ്ടതുണ്ട്.

**ദുരന്തനിവാരണം**

1946 മുതൽ പ്രളയബാധിത പ്രദേശമായി ലിസ്റ്റ് ചെയ്യപ്പെട്ട കക്കോടി പഞ്ചായത്തിന്റെ നിലവിലുള്ള പ്രശ്നം മണ്ണും മണലും അടിഞ്ഞുകൂടി പുഴയുടെ ആഴം കുറഞ്ഞതും വേണ്ടത്ര Drainage ഇല്ലായ്മയും തോടുകളുടെ Encroachment മൂലം ജലത്തിന്റെ ഒഴുക്ക് കുറഞ്ഞതുമാണ്. പരിസ്ഥിതി സൗഹൃദമായ രീതിയിൽ ഇവയ്ക്കുള്ള പരിഹാരം കണ്ടെത്തുന്ന project കൾ തയ്യാറാക്കി നടപ്പിൽ വരുത്തണം. ജലത്തിന്റെ ഒഴുക്ക് സുഗമമാക്കി വെള്ളക്കെട്ട് ഒഴിവാക്കണം. Encroachment സർവേ നടത്തി തിരിച്ചുപിടിച്ച് തോടുകൾ സംരക്ഷിക്കപ്പെടണം.

അംശക്കച്ചേരി - ചെറുകുലം റോഡ് ഡ്രെയ്നേജ് സംവിധാനത്തോടെ പ്രവൃത്തി നടത്തിയാൽ വെള്ളക്കെട്ട് ഒഴിവാക്കി പുഴയിലെ ജലനിരപ്പ് സംരക്ഷിക്കപ്പെടാൻ സഹായകമാകും.

ചിറ്റടിക്കടവ്-പീച്ചങ്ങാളി ഭാഗത്തെ ജലസമൃദ്ധിയും ചെറുകുളത്തേക്ക് ഗതിമാറ്റി വെള്ളക്കെട്ട് ഒഴിവാക്കാം. ചിറ്റടിക്കടവ് ഭാഗത്ത് പമ്പിംഗ് സിസ്റ്റം നടപ്പിലാക്കിയാൽ കൃഷിക്കുപയുക്തമായി പ്രദേശത്തെ മാറ്റാൻ സാധിക്കും. എരക്കുളം നവീകരണ പദ്ധതി ഏറ്റെടുത്ത് ജലക്ഷാമം പരിഹരിക്കുന്നതോടൊപ്പം അങ്ങാടിയിലെ വെള്ളക്കെട്ട് ഒഴിവാക്കാനും സാധിക്കും. പഞ്ചായത്തിലെ അനധികൃത മണ്ണെടുപ്പും മലകൾ ഇടിച്ചു നിരത്തലും അനിയന്ത്രിതമായ വെള്ളക്കെട്ടിനും പ്രകൃതി ദുരന്തങ്ങൾക്കും കാരണമാവുന്നുണ്ട്. വിശദമായ സർവേ നടത്തി ഇവ സംരക്ഷിക്കപ്പെടണം.

**ഊർജ്ജസംരക്ഷണം**

സോളാർ പാനലുകൾ പഞ്ചായത്ത് ഫണ്ടിൽ നിന്നും കണ്ടെത്തി സ്ഥാപിച്ചാൽ വർഷം തോറും വരുന്ന വൈദ്യുതി ചെലവ് നാലിലൊന്നായി കുറയ്ക്കാൻ സാധിക്കും.

**ടൂറിസം**

കക്കോടി പഞ്ചായത്തിനും ബഹുമുഖ സാധ്യതകൾ കൈവരിക്കാൻ കഴിയുന്ന മേഖലയാണ് ടൂറിസം. അകലാപ്പുഴ കേന്ദ്രീകരിച്ച് ടൂറിസം രംഗത്തേക്ക് പ്രവേശിക്കാവുന്നതാണ്. ചേളന്നൂർ-തലക്കുളത്തൂർ ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ചാൽ വിശാലമായ രീതിയിൽ ഈ മേഖലയിൽ നേട്ടങ്ങൾ കൈവരിക്കാം. മാമുണ്ടക്കരുവാര ക്ഷേത്ര പരിസരവും അവരുടെ ഉടമസ്ഥതയിലുള്ള പാറക്കുളവും ധർമ്മംകുന്ന്, മാടത്തുംപാറ പ്രദേശങ്ങളും പോലെ ടൂറിസം മേഖലയിൽ ജനങ്ങളെ ആകർഷിക്കാൻ കഴിയുന്ന വിവിധ പ്രദേശങ്ങൾ പഞ്ചായത്തിനകത്തുണ്ട്. ഇവ കണ്ടെത്തി പഞ്ചായത്തിന്റെ നികുതി വരുമാനം വർധിപ്പിക്കാനുള്ള project കൾ പ്രാവർത്തികമാക്കാവുന്നതാണ്.

**പൊതുഭരണം**

വികസനരേഖയിൽ പ്രാഥമിക-ദ്വിതീയ-തൃതീയ മേഖലകളിലെ പ്രശ്നങ്ങളും അവ പരിഹരിക്കാനുമുള്ള നിർദ്ദേശങ്ങളും പരാമർശിച്ചിട്ടുണ്ട്. അവയെല്ലാം യഥാസമയം നടപ്പിലാക്കണമെങ്കിൽ ആവശ്യമായ വിഭവസമാഹരണം പ്രധാനമാണ്. പഞ്ചായത്ത് തലത്തിൽ ലഭ്യമാകുന്ന വിഭവവും മറ്റു സർക്കാർ –ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസമാഹരണവും ലഭ്യമാക്കി ഫലപ്രദമായി വിനിയോഗിക്കപ്പെടണം. അതിന് ശക്തമായ കാര്യക്ഷമമായ ഭരണസംവിധാനം ആവശ്യമാണ്. ഒരു സാമൂഹ്യസ്ഥാപനം എന്ന നിലയിൽ തദ്ദേശ ഭരണസംവിധാനത്തെ മുന്നോട്ട് കൊണ്ടുപോകുവാൻ വിഭവസമാഹരണം നടത്തേണ്ടത് പൊതുഭരണ സംവിധാനമാണ്. 73- ഭരണഘടനാ ഭേദഗതി പൊതുഭരണ സംവിധാനത്തെ ശക്തമാക്കി. ഗ്രാമപഞ്ചായത്ത് ഓഫീസ് ഭരണം, ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം, അടിസ്ഥാന സൗകര്യവികസനം എന്നിവ കാര്യക്ഷമമാക്കണം. പഞ്ചായത്തിന് ലഭ്യമാകേണ്ട തനത് ഫണ്ട് ഏതൊക്കെ മാർഗ്ഗത്തിലൂടെ ലഭ്യമാക്കണമെന്നും എങ്ങനെ വിനിയോഗിക്കണമെന്നും ഉള്ള വ്യക്തമായ കാഴ്ചപ്പാട് ഉണ്ടായിരിക്കണം. പഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.

1996 ലെ ചെലവ് ഒറ്റനോട്ടത്തിൽ

| | |
|---|---|
| ഭരണം | 40% |
| മരാമത്ത് | 31.1% |
| വിദ്യാഭ്യാസം | 2.51% |
| കുടിവെള്ളം | 3% |
| തെരുവ് വിളക്ക് | 49% |
| മറ്റുള്ളവ | 18.49% |

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ 1996

| വ്യവസായം /വ്യാപാ□□□ | ഹോട്ടൽ | സാധാരണസ്ഥാ□പനങ്ങ□ | മറ്റു□വ | ആകെ |
|---|---|---|---|---|
| 20 | 21 | 100 | 60 | 201 |

ഈ പട്ടികപ്രകാരം പഞ്ചായത്തിൽ 201 സ്ഥാപനങ്ങൾ മാത്രമേ 2024-25 കാലയളവിൽ ലൈസൻസിന് അപേക്ഷിച്ചിട്ടുള്ളൂ. എന്നാലിത് അയഥാർത്ഥമാണ്. നാമമാത്രമായ നികുതി ചുമത്തിയാൽ തന്നെ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

വരവുകൾ 1996-97

| ഇനം | **2024-25** |
|---|---|
| കെട്ടിട നികുതി | 2,63,600 |
| തൊഴിൽ നികുതി | 96,800 |
| വിനോദനികുതി | 12,22,700 |
| അഡി. ടാക്സ് | 73,260 |
| ഷോ ടാക്സ് | 3,500 |
| അഡി. ഷോ ടാക്സ് | 800 |
| ലൈസൻസ് ഫീ | 12,300 |
| വസ്തു കൈമാറ്റ നികുതി | 1,76,300 |
| ഗ്രാന്റ് & കോൺട്രിബ്യൂഷൻ | 5,22,800 |
| മറ്റുള്ളവ | 3,98,600 |
| ആകെ | 17,70,660 |

| ചെലവുകൾ | 1996-97 |
|---|---|
| ഭരണം | 7,48,300 |
| പൊതുമരാമത്ത് | 5,69,200 |
| വിദ്യാഭ്യാസം | 46,000 |
| ഡ്രെയ്നേജ് | 54,600 |
| തെരുവുവിളക്ക് | 73,200 |
| മറ്റുള്ളവ | 3,38,500 |
| ആകെ | 18,29,800 |

2024-25
വരവ് ചെലവ്

ജനകീയാസൂത്രണം 25 വർഷം പിന്നിടുമ്പോൾ ഗ്രാമപഞ്ചായത്ത് തലത്തിൽ ഉണ്ടായ വരുമാനവർധനവ് (Plan fund and others) ചൂണ്ടിക്കാണിക്കണം. കൂടാതെ ചെലവുകൾ
To compare the above statements, source of income, and expenditure details.
തീർത്തും പ്രാദേശിക സർക്കാർ ആയി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറിയതായി ഇതിൽ നിന്നും വ്യക്തമാവും. അതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പൊതുഭരണം ഒരു സുപ്രധാനമായ വിഷയമാണ്.

പഞ്ചായത്ത് ഓഫീസ് (ഭരണ സിരാകേന്ദ്രം), കൃഷിഭവൻ, കുടുംബ ആരോഗ്യകേന്ദ്രം - അനുബന്ധ ആരോഗ്യസ്ഥാപനങ്ങൾ, ഹോമിയോ-ആയുർവേദ ഡിസ്പെൻസറികൾ, മൃഗാശുപത്രി, എൽ.പി. യു.പി സ്കൂൾ, എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ്, ഐ.സി.ഡി.എസ്, കുടുംബശ്രീ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ്, അംഗൻവാടികൾ, ബഡ്സ് സ്കൂൾ, വയോജനകേന്ദ്രം, എന്നിങ്ങനെ ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിൽ വരുന്ന സ്ഥാപനങ്ങളുടെ ആകെയുള്ള ഭരണമാണ് പൊതുഭരണം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ സ്ഥാപനങ്ങളെല്ലാം പൊതുജനങ്ങൾക്ക് വേണ്ടിയാണ്. ജനങ്ങളുടെ ആവശ്യങ്ങൾ കൃത്യമായി ലഭ്യമാക്കിയാൽ മാത്രമേ പഞ്ചായത്തിനെ സംബന്ധിച്ചുള്ള ജനങ്ങളുടെ വിലയിരുത്തൽ ഗ്രാമപഞ്ചായത്തിന് അനുകൂലമാവുകയുള്ളൂ എന്ന യാഥാർത്ഥ്യം നാം കാണുന്നു.

**പഞ്ചായത്ത് ഓഫീസ്**

1964-68 കാലഘട്ടത്തിൽ ആണ് കക്കോടി ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് കെട്ടിടം പ്രവർത്തനമാരംഭിച്ചത്. ആ കാലഘട്ടത്തിലെ ഏറ്റവും മികച്ച ഓഫീസ് സംവിധാനമായിരുന്നു ആ കെട്ടിടം. പഞ്ചായത്തിൽ ആകെ എക്സിക്യൂട്ടീവ് ഓഫീസർ അടക്കം സ്റ്റാഫ് ആണ് ഉണ്ടായിരുന്നത്. 1996-97 ൽ ജനകീയാസൂത്രണപ്രസ്ഥാനം ആരംഭിച്ചപ്പോൾ ഇതേ കെട്ടിടം ആയിരുന്നു ഉണ്ടായത്. ഈ കാലയളവിൽ പഞ്ചായത്തിൻറെ ഭരണരൂപത്തിൽ മാറ്റം വന്നു. 73 ഭരണഘടന ഭേദഗതി ഭരണമാകെ മാറ്റിമറിച്ചു. പ്രസിഡണ്ട്, എക്സിക്യൂട്ടീവ് അധികാരിയായി മാറി. എക്സിക്യൂട്ടീവ് ഓഫീസർ സെക്രട്ടറിയായി മാറി. സംസ്ഥാനബജറ്റ് വിഹിതത്തിന്റെ 25 മുതൽ 30% വരെ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയപ്പോൾ ഭരണപരമായ ഘടനയാകെ മാറുകയുണ്ടായി. ഓഫീസ് സ്റ്റാഫിന്റെ എണ്ണം വർദ്ധിച്ചു. പദ്ധതി ആസൂത്രണം തൊട്ട് നിർവ്വഹണം വരെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തപ്പോൾ, വിവിധ ഘടകസ്ഥാപനങ്ങൾ കൈമാറി കിട്ടിയപ്പോൾ പ്രവർത്തനരീതിയിലും മാറ്റം വന്നു. ഇത് ഓഫീസ് നടത്തിപ്പ് സംവിധാനത്തെ ഇന്നുള്ളതിലേക്ക് ഉയർത്തുകയുണ്ടായി. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, JS എന്നിങ്ങനെ തൊട്ട് എഫ്.ടി.എസ് സംവിധാനം വരെ ഓഫീസിലുണ്ടായി. ഭരണപരമായ ചുമതലകൾ വർദ്ധിച്ചു., ജനകീയാസൂത്രണത്തിന്റെ ആദ്യ അഞ്ചുവർഷം അവസാനിക്കുന്നതിന് മുമ്പ് തന്നെ എല്ലാ സൗകര്യങ്ങളോടുകൂടിയ ഓഫീസ് കെട്ടിടം ആവശ്യമാണ് എന്ന് ഭരണസിമിതി തീരുമാനിച്ച് ഇപ്പോഴുള്ള ഓഫീസ് കെട്ടിടനിർമ്മാണം ആരംഭിച്ചത്. പുഴയുടെ സമീപത്തായതിനാൽ ഈ കെട്ടിട നിർമ്മാണം യാതൊരു പോരായ്മയോ പ്രശ്നങ്ങളോ ഉണ്ടാകുവാൻ പാടില്ലെന്ന ഭരണസമിതിയുടെ കാഴ്ചപ്പാടിന്റെ ഭാഗമായി ഇതിന്റെ Structural Design ചെയ്തത് റീജ്യനൽ എഞ്ചിനീയറിംഗ് കോളജിലെ (ആർ.ഇ.സി) ആർക്കിടെക്ടുകൾ ആയിരുന്നു. വിവിധ ഫണ്ടുകളുടെ ഏകോപനം വഴിയാണ് ഈ കെട്ടിടം നിർമ്മാണം നടന്നത്. എല്ലാ ഘടകസ്ഥാപനങ്ങളും ഒരു കുടക്കീഴിൽ എന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണ് കെട്ടിടനിർമ്മാണം നടന്നത്. 2001-06 ഭരണസമിതിയുടെ കാലയളവിൽ ഓഫീസ് പ്രവർത്തനം ഈ പുതിയ കെട്ടിടത്തിലേക്ക് മാറി. ശ്രീമതി. സുജ അശോകൻ പ്രസിഡണ്ടും KCK ഉണ്ണി വൈസ് പ്രസിഡണ്ടുമായ കാലഘട്ടത്തിലാണ് ഈ ഓഫീസ് മാറ്റം ഉണ്ടായത്. ഈ 25 വർഷം പിന്നിടുമ്പോൾ ഈ ഓഫീസ് സ്ഥലമില്ലായ്മകൊണ്ട് വീർപ്പുമുട്ടുന്നു. ഇതിന്റെ പരിമിതിക്കുള്ളിലാണ് പഞ്ചായത്ത് മീറ്റിംഗ് ഹാൾ പ്രവർത്തിച്ചുവരുന്നത്. എല്ലാ സൗകര്യങ്ങളോടുകൂടിയ ഓഫീസ് - സൗകര്യപ്രദമായി ഇരുന്ന് ജോലിചെയ്യാനുള്ള സൗകര്യം പൊതുഭരണം വിജയപ്രദമാക്കുവാൻ സാധിക്കുന്ന ഘടകങ്ങളിൽ ഒന്നാണ്.

**പ്രൈമറി ഹെൽത്ത് സെന്റർ**

കക്കോടി ബസാറിന്റെ ഹൃദയഭാഗത്ത് 1974 ൽ പ്രവർത്തനമാരംഭിച്ചു. ജനകീയാസൂത്രണം ആരംഭിച്ചപ്പോഴാണ് അടിസ്ഥാന സൗകര്യവികസനത്തിന് വഴിതുറന്നത്. കെട്ടിടത്തിൻറെ പഴക്കം, മഴക്കാലം വെള്ളം കയറുന്ന വഴികൾ തുടങ്ങിയവ പ്രശ്നം സൃഷ്ടിക്കുന്നുണ്ടായിരുന്നു. ആദ്യകാലത്ത് ഒ.പിയും പിന്നീട് ചെറിയ ഒരു സമയത്തേക്ക് ഐ.പിയും ഒരുക്കിയിരുന്നു. ആയത് പിന്നീട് എടുത്തുകളയുകയായിരുന്നു. കക്കോടി പഞ്ചായത്തിൽ നിന്നു മാത്രമല്ല കാരപ്പറമ്പ് മുതൽ ചേളന്നൂരുവരെയും കുരുവട്ടൂർ പഞ്ചായത്തുകാരും ഉപയോഗപ്പെടുത്തുന്ന ഹെൽത്ത് സെന്ററായി കാലക്രമേണ മാറുകയായിരുന്നു. ജനകീയാസൂത്രണത്തിന്റെ വിവിധ ഘട്ടങ്ങളിൽ മരുന്ന് സംഭരണം, ഒ.പി വിഭാഗം മെച്ചപ്പെടുത്തൽ, രോഗികൾക്ക് ഇരിക്കാനും, കാത്ത് നില്ക്കാനും ഉള്ള സൗകര്യങ്ങൾ, നഴ്സ് ഉൾപ്പെടെയുള്ള സ്റ്റാഫിന്റെ മുറികൾ ഒരുക്കൽ എന്നിവ ഓരോ ഘട്ടങ്ങളിലും പഞ്ചായത്ത് ഏറ്റെടുത്തു.

1996-97 ന്റെ സ്റ്റാഫ് പാറ്റേൺ ഘടന

| മെഡിക്കൽ ഓഫീസർ | HI | JHI | JPHN | Office Staff | Others |
|---|---|---|---|---|---|

ഉർവ്വശി ശാപം ഉപകാരം എന്ന പഴമൊഴി പോലെ 2018-19 ൽ ഉണ്ടായ വെള്ളപ്പൊക്കം ആശുപത്രിയുടെ രൂപവും ഭാവവും മാറ്റുകയുണ്ടായി. അതിനുമുൻപ്പെ PHC കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിരുന്നു (PHC). കേരള ഗവൺമെന്റിന്റെ അഭ്യർത്ഥനയനുസരിച്ച് അപ്പോളാ ആശുപത്രി 3 കോടി രൂപ ചെലവിൽ ഇന്നത്തെ രീതിയിലുള്ള ആശുപത്രി കെട്ടിടം പണിതു.

2020-21 ലെ staff pattern

Sub Centre വിശദവിവരം

**ഹോമിയോ-ആയുർവേദ ഡിസ്പൻസറി**

FHC യുടെ കൈവശമുള്ള സ്ഥലത്ത് ആയുർവേദം, ഹോമിയോ മറ്റ വൈദ്യകേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുത്തി ആരോഗ്യ കംപ്ലക്സ് എന്നത് ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യമായിരുന്നു. ഇന്നത് നേടുവാൻ കഴിഞ്ഞു. ആയുർവേദം, ഹോമിയോ എന്നീ ഡിസ്പൻസറികൾക്ക് സ്വന്തമായ ഒരു കെട്ടിടം എല്ലാ സൗകര്യത്തോടെ ജനകീയാസൂത്രണത്തിന്റെയും ഗവൺമെന്റിന്റെയും സഹായത്തോടെ പണിയുവാൻ കഴിഞ്ഞു.

| ഫണ്ടിന്റെ വിശദവിവരം | staff pattern |
|---|---|
| ഹോമിയോ ഡിസ്പൻസറി | 5 |
| ആയുർവേദ ഡിസ്പൻസറി | 4 |

**കൃഷിഭവൻ**

ശ്രീ. ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന ..കാലഘട്ടത്തിൽ ശ്രീ വി.വി.രാഘവൻ കൃഷിമന്ത്രിയായിരുന്ന കാലയളവിൽ കൃഷിവികസനം തഴെതട്ടിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി (വർഷം ചേർക്കണം) കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കൃഷിഭവൻ സ്ഥാപിച്ചു. ജനകീയാസൂത്രണം ആരംഭിച്ചപ്പോൾ കൃഷിഭവനുകൾ ജനകീയമായിത്തീർന്നു. വിവിധ ഘട്ടങ്ങളിലെ പദ്ധതികൾ ഭൂരിഭാഗവും ഉല്പാദന മേഖലയിൽ വിനിയോഗിച്ചപ്പോൾ 80% വും കൃഷിഭവൻ മുഖേനയാണ് ചിലവഴിച്ചത്.

2024-25 ൽ ചെലവഴിച്ചതുക +സംസ്ഥാന അധിഷ്ഠിത ഫണ്ട്

ഇപ്പോൾ കെട്ടിടം പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സൗകര്യങ്ങൾ ഏറെ കുറവാണ്.

**മൃഗാശുപത്രി**

ഗ്രാമപഞ്ചായത്ത് മൃഗാശുപത്രി ഒറ്റത്തെങ്ങിൽ  പ്രവർത്തനമാരംഭിച്ചു. സൗകര്യങ്ങൾ വളരെ പരിമിതമാണ്. ഇന്നത്തെ രീതിയിലുള്ള കെട്ടിടമാക്കി ഉയർത്തിയത് ജനകീയാസൂത്രണ ഫണ്ട് ഉപയോഗിച്ചാണ്.

**LSGD എഞ്ചിനീയറിംഗ് വിഭാഗം**

ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടത്തിലാണ് LSGD ക്ക് എഞ്ചിനീയറിംഗ് വിഭാഗം ആരംഭിച്ചത്. പഞ്ചായത്താപ്പീസ് കെട്ടിടത്തിനു മുകളിൽ പരിമിത സൗകര്യത്തോടെ എഞ്ചിനീയറിംഗ് വിഭാഗം പ്രവർത്തിക്കുന്നു

**ICDS**

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ICDS ബ്ലോക്ക് CDPO ക്ക് കീഴിലാണ് പ്രവർത്തിക്കുന്നത്. ICDS ഓഫീസ് ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

**കുടുംബശ്രീ**

ജനകീയാസൂത്രണത്തിന്റെ ഭാഗമായി കുടുംബശ്രീ ആരംഭിച്ചപ്പോൾ ആദ്യഘട്ടത്തിൽ നടപ്പിലാക്കിയ പഞ്ചായത്തിൽ ഒന്നാണ് നമ്മുടേത്. ആരംഭകാലയളവിൽ ICDS ഓഫീസിന് ചുമതല നൽകി. എന്നാൽ കുടുംബശ്രീയുടെ അത്ഭുതപൂർവ്വമായ വളർച്ച ഒരു പ്രത്യേക ഓഫീസ് തന്നെ ആരംഭിക്കേണ്ടത് ആവശ്യമായി വന്നു. ഇപ്പോൾ പഞ്ചായത്ത് ഓഫീസിനു മുകളിൽ കുടുംബശ്രീ മിഷന്റെ CDS ഓഫീസ് പ്രവർത്തിച്ചുവരുന്നു. 21 CDS മെമ്പർമാരും, ഒരു അക്കൗണ്ടന്റും ആണ് ഇതിൻറെ പ്രവർത്തന ഘടന. കുടുംബശ്രീ മിഷന്റെ ഗ്രാന്റ്, വിവിധ ധനസഹായങ്ങൾ, പഞ്ചായത്ത് പദ്ധതിവിഹിതം എന്നിവയാണ് പ്രധാന വരുമാനസ്രോതസ്സ്. ഓഫീസിന്റെ സൗകര്യം പരിമിതമാണ്.

**അംഗൻവാടികൾ**

2000 ൽ ചേളന്നൂർ ബ്ലോക്ക് കേന്ദ്രീകരിച്ച് ആരംഭിച്ചു. ഇപ്പോൾ എല്ലാവാർഡിലും അംഗനവാടികൾ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ആദ്യകാലങ്ങളിൽ പഞ്ചായത്ത് പദ്ധതിവിഹിതവും ജനകീയ സഹായവും കൊണ്ടാണ് കെട്ടിടം പൂർത്തീകരിച്ചത്. പിന്നീട്

എം.എൽ.എയുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കെട്ടിടവും മറ്റ് അടിസ്ഥാന സൗകര്യവികസനവും ഒരുക്കിയിട്ടുണ്ട്. ചേളന്നൂർ ബ്ലോക്കിലെ മാതൃകാ അംഗൻവാടി നമ്മുടെ പഞ്ചായത്തിലാണ് (വാർഡ് 14) പ്രവർത്തിക്കുന്നത്.

അംഗൻവാടികളുടെ വിശദവിവരം

ആകെ33 അംഗൻവാടികൾ

വർക്കർമാർ 33

ഹെൽപർമാർ 33

കുട്ടികളുടെ എണ്ണം 2921

2024-25 ൽ ചെലവഴിച്ച പദ്ധതിവിഹിതം 35 ലക്ഷം രൂപ

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

ഹൈസ്കൂളുകളില്ലാത്ത യു.പിയും എൽ.പിയും (ഗവൺമെന്റ്) ഗ്രാമപഞ്ചായത്തിന് നൽകപ്പെട്ടതാണ്. രണ്ട് യു.പി സ്കൂളും (എൽ.പിയോടുകൂടിയത്) ഒരു എൽ.പി സ്കൂളുമാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ജനകീയാസൂത്രണം സ്കൂളിന്റെ അടിസ്ഥാന വികസന സൗകര്യത്തിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കി. നവകേരളമിഷന്റെ ഭാഗമായുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം കൂടിയായപ്പോൾ ഇവിടെയുണ്ടായ മാറ്റങ്ങൾ അത്ഭുതാവഹമാണ്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്നുകൊണ്ട് എയിഡഡ് സ്കൂളുകളെ സഹായിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ബഡ്സ് സ്കൂൾ , വയോജന കേന്ദ്രം**

13- പഞ്ചവത്സര പദ്ധതികാലത്താണ് Buds സ്കൂളും വയോജനകേന്ദ്രവും ആരംഭിച്ചത്. ഭിന്നശേഷിക്കാരായ കുട്ടികളെ നമ്മുടെ പഞ്ചായത്തിൽ തന്നെ സംരക്ഷിക്കുവാനുള്ള പദ്ധതിയുടെ ഭാഗമാണ് ഗ്രാമപഞ്ചായത്തിലെ (ഒമ്പതാം വാർഡ്) ബഡ്സ് സ്കൂൾ. ജനസംഖ്യയിൽ 20% ഓളം വരുന്ന വിഭാഗമാണ് വയോജനങ്ങൾ ഇവർക്ക് മാനസിക ഉല്ലാസം പകരുന്നു. "ഉല്ലാസ ഭവൻ' വയോജനകേന്ദ്രം പതിമൂന്നാം പദ്ധതികാലത്ത് പ്രവർത്തനമാരംഭിച്ചു.

**ഗ്രാമപഞ്ചായത്താപ്പീസ്:**

- ഗ്രാമപഞ്ചായത്ത് ഓഫീസിനെ ജനസൗഹൃദ ഓഫീസാക്കി മാറ്റുക.
- നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വെച്ചുകൊണ്ട് ഓഫീസ് സൗകര്യം ക്രമപ്പെടുത്തുക
- അതിനായി മുകൾഭാഗം ഓഫീസ് പ്രവർത്തനത്തിനായി മാറ്റിവയ്ക്കുക.
- നിലവിലുള്ള ഓഫീസുകളുടെ ഇരിപ്പിടം ക്രമപ്പെടുത്തുക.
- ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽ ഓഫീസിനെ പങ്കാളികളാക്കുക.
- ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പിലും ഉദ്യോഗസ്ഥന്മാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
- പഞ്ചായത്താപ്പീസിന്റെ പഴയ കെട്ടിടം പൊളിച്ചുമാറ്റി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക.
- ഗ്രാമപഞ്ചായത്തും ഘടകസ്ഥാപനങ്ങളുമെല്ലാം ഒരു കുടക്കീഴിൽ എന്നത് അന്വർത്ഥമാക്കുക (മിനി സിവിൽസ്റ്റേഷൻ)
- പഞ്ചായത്തിന്റെ തനത് വരുമാനത്തുക വർദ്ധിപ്പിക്കുവാനാവശ്യമായ പുതിയ കണ്ടെത്തലുകൾ
- പഞ്ചായത്തിലെ വീട്, കെട്ടിടം എന്നിവ സംബന്ധിച്ച് ഒരു പരിശോധന നടത്തുക. യഥാർത്ഥ കെട്ടിട നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക. (പ്ലാൻ നൽകാതെ Rennovation നടത്തിയ വീടുകൾ കണ്ടെത്തി യഥാവിധിയുള്ള tax ചുമത്തുക.)
- പഞ്ചായത്തിലെ പരസ്യബോർഡുകൾക്ക് നികുതി ചുമത്താവുന്നതാണ്.
- പഞ്ചായത്തിൽ ഹെൽപ് ഡെസ്ക് ആരംഭിക്കുക.
- ഗ്രാമപഞ്ചായത്തിലെ വാർഡുതലത്തിലുള്ള സേവാഗ്രാം വാർഡ് ഓഫീസാക്കി മാറ്റുക. പഞ്ചായത്ത് സേവനം ഓൺലൈനിലൂടെ ലഭ്യമാക്കാൻ സാഹചര്യമൊരുക്കുക. ILGMS മുഖേന പൊതുജനങ്ങൾക്കുള്ള സേവനം കൃത്യമായി ഉറപ്പുവരുത്തുക.
- പഞ്ചായത്തിന്റെ പിറകിലുള്ള പാർക്ക് ഇൻഡോർ ഓപ്പൺ തിയറ്ററായി മാറ്റുക. പരിപാടികൾക്ക് നിശ്ചത ഫീസ് ഈടാക്കുക.
- പഞ്ചായത്ത് ജീപ്പ് സ്റ്റാൻഡിൽ നിന്ന് നിശ്ചിത ഫീസ് വാടക ഇനത്തിൽ പിരിച്ചെടുക്കുക.
- പഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയുപം പ്രവർത്തനത്തെ സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് നിർബന്ധമാക്കുക.
- ഗ്രാമസഭാ പ്രവർത്തനം കാര്യക്ഷമമാക്കുക.

- പഞ്ചായത്ത് ലൈബ്രറി ഒറ്റത്തെങ്ങിൽ നിന്ന് മാറ്റി ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തനമാരംഭിക്കുക.
- പഞ്ചായത്തിലെ വിപണനമൂല്യമുള്ള നായ, പൂച്ചകൾ എന്നിവയ്ക്ക് ലൈസൻസും, ടാക്സും ഏർപ്പെടുത്തുക.
- പഞ്ചായത്ത് ഓഫീസ് സൗരോർജ്ജ പദ്ധതിയിലേക്ക് മാറ്റുക.
- പഞ്ചായത്ത് ഓഫീസ്, ഘടകസ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച് പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കൽ.
- പഞ്ചായത്ത് ഓഫീസിലേക്ക് ഇന്റർകോം സൗകര്യം ഏർപ്പെടുത്തൽ.

**കൃഷിഭവൻ**
- കൃഷിഭവൻ അടിസ്ഥാന സൗകര്യം വികസിപ്പിക്കുക
- കാർഷിക വികസനസമിതി കാര്യക്ഷമമാക്കുക.
- കാർഷിക പദ്ധതികളെ (സംസ്ഥാനം, ഗ്രാമപഞ്ചായത്ത്) കർഷകവികസന സമിതിയുമായി ബന്ധപ്പെടുത്തുക
- സോഷ്യൽ ഓഡിറ്റിംഗിന് കൃഷിഭവൻ പ്രവർത്തനം വിധേയമാക്കുക.
- കൃഷിക്കാരോടൊപ്പം കൃഷിഓഫീസും കാർഷിക ഭൂമിയിലേക്ക് എന്ന പദ്ധതി പ്രാവർത്തികമാക്കുക.

**വെറ്ററിനറി ഹോസ്പിറ്റൽ**
- വെറ്ററിനറി ഓഫീസ് മുകൾനിലയിലേക്ക് മാറ്റുക.
- താഴെനില പൂർണ്ണമായും മൃഗപരിപാലനത്തിനും പരിചരണത്തിനുമായി മാറ്റുക.
- വെറ്ററിനറി ആശുപത്രിയിലെ മുകൾഭാഗത്തുള്ള പഞ്ചായത്ത് ലൈബ്രറി പഞ്ചായത്ത് ഓഫീസിലേക്ക് മാറ്റുക.
- വെറ്ററിനറി ഹോസ്പിറ്റലിൽ വെറ്ററിനറി ഫാർമസി ഒരുക്കുക.

**FHC, ആയുർവേദം, ഹോമിയോ (ആരോഗ്യ കോംപ്ലക്സ്)**
- ഇവിടങ്ങളിലെ സൗകര്യങ്ങൾ പരമാവധി വർദ്ധിപ്പിക്കുക
- സേവനസമയം ദീർഘിപ്പിക്കുക
- ഇ-ഹെൽത്ത് കാർഡ് സമ്പ്രദായം ഉടൻ നടപ്പിലാക്കുക.

**വിദ്യാഭ്യാസ സ്ഥാപനങ്ങൾ**
- കംപ്യൂട്ടർലാബ് ഉൾപ്പെടെയുള്ള വിവിധ വിഷയ ലാബുകൾ എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുക.
- സ്കൂളുകളിൽ സോഷ്യൽ ഓഡിറ്റ് നിർബന്ധമാക്കുക

**അംഗൻവാടികൾ**
- അംഗൻവാടികൾ ശിശുസൗഹൃദമാക്കുക
- കാര്യക്ഷമത വർദ്ധിപ്പിക്കുക
- വയോജന കേന്ദ്രങ്ങളാക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുക
- പഞ്ചായത്ത് അറിയിപ്പുകൾ പ്രസിദ്ധീകരിക്കുക
- സോഷ്യൽ ഓഡിറ്റ് നിർബന്ധമാക്കുക.

**കുടുംബശ്രീ ഓഫീസ്**
- കൂടുതൽ സൗകര്യമൊരുക്കുക
- മീറ്റിംഗ് ഹാൾ സൗകര്യം ആധുനികവൽക്കരിക്കുക
- സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കുക

**ICDS**

- സ്വന്തമായി ഓഫീസ് ഉറപ്പുവരുത്തുക
- സാമൂഹ്യനീതി വകുപ്പിന്റെ വിവിധ പദ്ധതികളുടെ പരപിചയപ്പെടുത്തൽ

**തൊഴിലുറപ്പ് പദ്ധതി**
- ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുക
- ഓഫീസിൽ ഹെൽപ് ഡെസ്ക് ആരംഭിക്കുക

- വാർഡ് കേന്ദ്രങ്ങളിൽ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ എത്തിക്കുവാൻ സൗകര്യമൊരുക്കൽ
- സോഷ്യൽ ഓഡിറ്റ് നിർബന്ധമാണ്.

**LSGD എഞ്ചിനീയറിംഗ്**

- ഓഫീസ് സൗകര്യം വർദ്ധിപ്പിക്കുക
- ടെണ്ടർ, എസ്റ്റിമേറ്റ് തുടങ്ങിയവ മലയാളവൽക്കരിക്കുക
- സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുക

**പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളുടെ വിവരം**

സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലം / വാർഡ്, തൊഴിലാളികളുടെ എണ്ണം, ഓഫീസ് സൗകര്യങ്ങൾ, ഗുണഭോക്താക്കൾക്കുള്ള സൗകര്യം

1. ധനകാര്യ സ്ഥാപനങ്ങൾ പൊതു/ സ്വകാര്യം/സഹകരണം
2. ചെറുകിട വ്യവസായ സംരംഭങ്ങൾ
3. പ്രിന്റിംഗ് പ്രസ്സുകൾ
4. സൂപ്പർ മാർക്കറ്റുകൾ

# <u>വർക്കിംഗ് ഗ്രൂപ്പംഗങ്ങളുടെ വിവരങ്ങൾ (2025-26)</u>

## <u>പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ )</u>

| ക്രമ നമ്പർ | പേരും വിലാസവും | ഫോൺ ,ഇമെയിൽ ഐ .ഡി | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം | എസ്. /മറ്റുള്ളവ | വിദ്യാഭ്യാസയോ ത | തൊഴിൽ |
|---|---|---|---|---|---|---|---|
| 1 | ജുമൈലത്ത് താഴത്തയിൽ, ചെയർപേഴ്സൺ വികസന സ്റ്റാൻറിംഗ് കമ്മിറ്റി | 9995438731 | ചെയർമാൻ | | | | |
| 2 | പി.എം ധർമ്മരാജൻ | 9633931774 | വൈസ് ചെയർമാൻ | | | S S L C | |
| 3 | ഐശ ര്യ എൽ എസ് ജി ഡി അസിസ്റ്റൻറ് എഞ്ചിനീയർ കക്കോടി | 7358332053 | കൺവീനർ | | | | |
| 4 | പ്രസാദ് മേയനമണ്ണിൽ , വാർഡ് 2 | 9447632994 | അംഗം | OBC | | S S L C | ഇലക്ട്രീഷൻ |
| 5 | ഉദയൻ എടോളി | 9446784531 | അംഗം | General | | Diploma -Civil Engineering | Retire-Govt. |
| 6 | രജി കോതാടത്ത് | 9497672030 | അംഗം | General | | PDC | ഇലക്ട്രീഷൻ |
| 7 | എം.ടി പ്രസാദ്,മണ്ടോത്ത് താഴത്ത്, വാർഡ് 7 | 9446258914 | അംഗം | OBC | | S S L C | കൂലി |
| 8 | ഷാജി എടോളിപറമ്പത്ത് | 9847515009 | അംഗം | OBC | | S S L C | Private firm (Retd) |
| 9 | ബീന ചാലിൽ | 9497645765 | അംഗം | General | | S S L C | |
| 10 | മലയിൽ സുധീർ | 8943612186 | അംഗം | OBC | | Degree | Fisherman |
| 11 | സി.ബി സതീശൻ കക്കോടി മുക്ക് | 8075981026 | അംഗം | OBC | | S S L C | കൂലി |
| 12 | രൂപേഷ് ശ്രീകൃഷ്ണ | 8943958952 | അംഗം | OBC | | S S L C | Business |
| 13 | ടി.എം ചിത്രകാരൻ | 9495411621 | അംഗം | OBC | | | കൂലി |
| 14 | ബാബു വടക്കയിൽ | 9400465776 | അംഗം | | | | |
| 15 | പ്രിയ Overseer | | | | | | |
| 16 | ആശാരേഖ CDS Ward 1 | | | | | | |

ഫോറം 3

പതിനാലാം പഞ്ചവത്സര പദ്ധതി (2022 - 27)

**പ്രശ്നവിശകലനവും പ്രശ്നപരിഹാര സാധ്യതകളും**

**(ഖണ്ഡിക 3.3.6 (3) കാണുക )**

തദ്ദേശ സ്ഥാപനത്തിൻറെ പേര്: കക്കോടി ഗ്രാമപഞ്ചായത്ത്

വർക്കിംഗ് ഗ്രൂപ്പിൻറെ പേര്: പൊതുമരാമത്ത്, ഊർജ്ജം വാർഷിക പദ്ധതി 2024-25

| ക്ര. ന. | പ്രശ്നങ്ങൾ | പ്രശ്നബാധി പ്രദേശം വിഭാഗം | പ്രശ്നത്തിൻറെ തീവ്രത (✓. ചെയ്യുക) | | | പ്രശ്നത്തിനുള്ള കാരണങ്ങ[illegible] /വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾഎന്തെല്ലാം | | | |
|---|---|---|---|---|---|---|---|---|---|---|
| | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിൽ | കീഴ്ത്തട്ട് പഞ്ചായത്ത് തലത്തിൽ | മുകൾത്തട്ട് പഞ്ചായത്ത് തലത്തിൽ | സർക്കാർ തലത്തിൽ |
| 1 | വെള്ളക്കെട്ടുള്ള റോഡുകൾ പെട്ടെന്ന് തകരുന്നു | പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങൾ | | ✓ | | ഗ്രൗണ്ട് വാട്ടർ ടേബിൾ മുകളിലാണ് | | | | റോഡ് ഉയർത്തി നിർമ്മിക്കുന്നതിനു[illegible] പ്രൊജക്ടുകൾ ഉൾപ്പെടുത്തുക |
| 2 | റോഡ് നിർമ്മാണം മൂലം വെള്ളക്കെട്ടുണ്ടാകുന്നു | താഴ്ന്ന ഭൂപ്രദേശം | | ✓ | | സ്ഥലലഭ്യതക്കുറ[illegible] | ഡ്രൈയ്നേജ് നിർമ്മിക്കൽ | | | |
| 3 | ഉറവയുള്ള സ്ഥലത്തെ റോഡ് ടാറിംഗ് തകരുന്നു | താഴ്ന്ന ഭൂപ്രദേശം | | ✓ | | ഫണ്ട് ലഭ്യതക്കുറവ് | കോൺക്രീറ്റ് റോഡ് നിർമ്മാണം | | | |
| 4 | തെരുവുവിളക്കുക[illegible] അവസ്ഥ | പഞ്ചായത്ത് | | ✓ | | ഫണ്ട് ലഭ്യതക്കുറവ് | പുതിയ ലൈൻ സ്ഥാപിക്കൽ | | | |
| | | | | | | | | | | |

* തദ്ദേശഭരണത്തിൻറെ അധികാരങ്ങൾ , ചുമതലകൾ , പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയും സാങ്കേതിക ക്ഷമത , സാമ്പത്തിക ക്ഷമത , വിജയസാദ്ധ്യത , പ്രായോഗികത , പൊതുപണം വിനിയോഗിക്കുന്നതിലെ സാമൂഹ്യ പ്രസക്തി എന്നിവയുംകണക്കിലെടുത്തുകൊണ്ടായിരിക്കണം സാദ്ധ്യതകൾ പരിഗണിക്കേണ്ടത് .

സ്ഥലം:

തീയതി: പേര്

2025-26 വർഷത്തെ വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ

- പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പുതുക്കി പണിയുന്നത് സംബന്ധിച്ച് കെട്ടിടം പൊളിച്ചുമാറ്റി പുതിയ സംവിധാനത്തോടെ ബസ് ബേ അടക്കമുള്ള കെട്ടിടം നിർമ്മിക്കണം.
- പഞ്ചായത്തിലെ റോഡുകൾ സഞ്ചാരയോഗ്യമാക്കൽ
- കൃഷി ഓഫീസ് കെട്ടിടം പുതുക്കി പണിയണം
- കൂടത്തുംപൊയിൽ പഴയ ഹോമിയോ ഡിസ്പെൻസറി കെട്ടിടം പൊളിച്ചുമാറ്റി മറ്റു സംവിധാനങ്ങൾ കൊണ്ടുവരണം
- തെക്കണ്ണി താഴം അങ്കണവാടി പുതുക്കി പണിയണം
- സ്ട്രീറ്റ് ലൈൻ ഉള്ളതും ലൈൻ ഇല്ലാത്തതും ആയ സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക
- ഇലക്ട്രിക് ലൈൻ ഇല്ലാത്ത റോഡുകളിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്ന സംവിധാനം
- മാർച്ച് മാസത്തിനു മുന്നോടിയായി ഓറഞ്ച് ക്ലീനിങ് പ്രവർത്തി നടത്തണം
- ചിറ്റടിക്കടവ് പാലം യാഥാർത്ഥ്യമാക്കൽ
- ബാലുശ്ശേരി റോഡിന്റെ നിലവിലുള്ള പദ്ധതി പൂർത്തീകരിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കണം
- കക്കോടി ബസാറിൽ ചെറുകുളം ചെലപ്രം റോഡ് ബസ്സ്റ്റോപ്പ് നിർമിക്കണം
- മൺ റോഡുകൾ മുഴുവൻ ടാർ ചെയ്ത് സഞ്ചാര യോഗ്യമാക്കൽ
- പടിഞ്ഞാറ്റുമുറി യുപി സ്കൂൾ ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കണം ,ചുറ്റുമതിൽ നിർമ്മിക്കുകയും പ്ലാസ്റ്ററിങ് ചെയ്യുകയും ചെയ്യണം

# (13)

# ജൈവവൈവിധ്യ മാനേജ്മെൻറ്,കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം

കോഴിക്കോട് താലൂക്കിൽ, കോഴിക്കോട് കോർപ്പറേഷന് തൊട്ട് വടക്കുള്ള കക്കോടി ഗ്രാമപഞ്ചായത്ത് മക്കട, പടിഞ്ഞാറ്റുംമുറി എന്നീ റവന്യൂ വില്ലേജുകളെ സംയോജിപ്പിച്ച് രൂപം കൊടുത്തതാണ്. മക്കട, ബദിരൂർ, മോരീക്കര, മൂട്ടോളി, കിരാലൂർ, പടിഞ്ഞാറ്റുംമുറി,, കിഴക്കുംമുറി എന്നീ ദേശങ്ങൾ ഉൾപ്പെട്ട പ്രദേശം. കുന്നുകളും താഴ്വാരങ്ങളും വയൽപ്രദേശങ്ങളും 42 ഓളം ജലാശയങ്ങളും (കുളം) നിറഞ്ഞ 18.59 ച. കി. മീറ്റർ വിസ്തീർണ്ണമുള്ള ഒരു പ്രദേശമാണിത്. ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 42,866 ആണ്. അനുകൂല ഘടകങ്ങൾ ഉണ്ടെങ്കിലും പറയത്തക്ക വ്യവസായ സംരംഭങ്ങളൊന്നുമില്ലാത്ത ഗ്രാമപഞ്ചായത്ത് പൊതുവെ കാർഷികപ്രധാനമായ പ്രദേശമാണ്. ഇപ്പോൾ നഗരവൽക്കരണം സാരമായി ഈ ഗ്രാമപഞ്ചായത്തിനെ ബാധിച്ചതിനാൽ കാർഷിക ഭൂപ്രദേശങ്ങൾ കുറയുകയും പലയിടങ്ങളിലും വയൽ നികത്തപ്പെടുകയും ചെയ്തിട്ടുണ്ട്. പൂനൂർപുഴ തെക്ക് പടിഞ്ഞാറായി അതിരിട്ടൊഴുകുന്നു. ആദ്യകാലങ്ങളിൽ വളരെയേറെ ഗതാഗതപ്രാധാന്യമുള്ള പുഴയായിരുന്നു ഇത്. നേരത്തെ കക്കോടി പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും കാർഷികവിളകളുടെ നേട്ടകോട്ടങ്ങൾ നിർണ്ണയിക്കുവാൻ പൂനൂർ പുഴയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കരകവിഞ്ഞ് ഒഴുകാത്ത ഒരു മഴക്കാലവും കടന്നുപോകാറില്ല. ഓരോ വർഷവും താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തി നടിയിലാകുമ്പോൾ നിക്ഷേപിക്കപ്പെടുന്ന എക്കൽമണ്ണ് പ്രദേശത്തെ ഫലപുഷ്ടിയുള്ളതാക്കിയിട്ടുണ്ട്. 1941 ൽ ഉണ്ടായ വെള്ളപ്പൊക്കംമൂലം കക്കോടി ബസാറിൽ നിരത്തിൽ നിന്നും ആറ് അടി ഉയരത്തിൽ വെള്ളം പൊങ്ങിയതായും മനുഷ്യരടക്കം കന്നുകാലികളും ചത്തൊടുങ്ങിയതായും ചരിത്രരേഖകളുണ്ട്. 1961 ൽ കക്കോടി ബസാറിന് പിന്നിൽ പൂനൂർ പുഴയോരത്തു കൂടി ഒരു ബണ്ട് പണിതതിനു ശേഷമാണ് വെള്ളപ്പൊക്കം നിയന്ത്രണവിധേയമായത്. ബണ്ട് കെട്ടിയതിനു ശേഷമാണ് മരക്കാട്ട് താഴം, തച്ചറപ്പുഴ, പെരവത്ത് കടവ്, ബകുളാർ തോട് തുടങ്ങിയ സ്ഥലങ്ങൾ കൃഷിയോഗ്യമായതും താമസയോഗ്യമായതും. ഇതിനു ശേഷം 1918, 1919 കാലയളവിൽ ഉണ്ടായ വെള്ളപ്പൊക്കമാണ് കുറെ ദുരിതങ്ങൾ നമുക്ക് സൃഷ്ടിച്ചത്. ദുരിതാശ്വാസ ക്യാമ്പുകൾ പലയിടങ്ങളിലായി തുറക്കേണ്ടി വന്നു. ജനകീയ കൂട്ടായ്മയും യുവജന പങ്കാളിത്തവും കൊണ്ട് ഈ ദുർഘട അവസ്ഥയെ മറികടക്കുവാൻ നമുക്ക് കഴിഞ്ഞു. വീടുകൾ, കൃഷിയിടങ്ങൾ, കെട്ടിടങ്ങൾ എന്നിവ നാശോന്മുഖമായി മാറിയിരുന്നു. 1943 ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ മലബാറിൽ 30,000 ത്തിലധികം ആളുകളെ കൊന്നൊടുക്കിയ കോളറ കക്കോടി പ്രദേശത്തും മരണം വിതച്ചിരുന്നു.

പോർലാതിരിമാരും, പിന്നീട് സാമൂതിരിമാരുടെയും കീഴിൽ 19 ജന്മിമാരുടെ വാഴ്ചയിലായിരുന്നു മക്കട-പടിഞ്ഞാറ്റുംമുറി പ്രദേശം. ജന്മിത്വം അരക്കിട്ടുറപ്പിക്കപ്പെടുമ്പോൾ, കുടിയാന്മാർ മൊത്തം കാർഷികോല്പാദനത്തിന്റെ 60% ജന്മിമാർക്ക് പാട്ടമായി കൊടുക്കേണ്ടി വന്നു. 40% കൊണ്ടാണ് ഉല്പാദനചെലവും ജീവിതച്ചെലവും നിർവഹിച്ചിരുന്നത്. പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്ത് ഉപ്പ് വെള്ളം കയറുന്ന പുഴതീരം ഉള്ളതുകൊണ്ട് ചകിരിമുട്ടി അഴുക്ക തൊണ്ടാക്കി കയറുല്പാദിപ്പിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരുന്ന ധാരാളം പേർ ഉണ്ടായിരുന്നു. പായ നെയ്ത്ത്, ഓല മടയൽ തുടങ്ങിയവ സ്ത്രീകളുടെ കൈത്തൊഴിലായിരുന്നു. കോഴിക്കോട് നഗരം വ്യവസായവൽക്കരിക്കപ്പെട്ടതോടെ ധാരാളം ആളുകൾ ഓട്ടുകമ്പനി, നെയ്ത്ത് കമ്പനി, അണ്ടിക്കമ്പനി തുടങ്ങിയ മേഖലകളിൽ തൊഴിൽ തേടിപ്പോയി. തലച്ചുമടായി ചരക്ക് കോഴിക്കോട്ടേക്കും തിരിച്ച് കക്കോടി പ്രദേശത്തേയ്ക്കും കൊണ്ടുവന്നിരുന്നു. ഈ തലച്ചുമടുകാർക്ക് വഴിയോരത്ത് തലച്ചുമട് ഇറക്കി വിശ്രമിക്കാൻ "അത്താണികൾ" ഉണ്ടാക്കിവെച്ചിരുന്നതായി പഴയ ചരിത്രരേഖകളിൽ കാണുന്നു.

ഓണം, പെരുന്നാൾ, വിഷു, തിരുവാതിര, ക്ഷേത്രോത്സവങ്ങൾ എന്നിവ സന്തോഷത്തോടെയും, ഒത്തൊരുമയോടെയും ആഘോഷിച്ചു. കാവും തിറയും മന്ത്രവാദവും മിത്തുകളും എല്ലാം കൂടിച്ചേർന്ന ഒരു അന്ധവിശ്വാസ ജടിലമായ ഒരു സമൂഹം ക്രമേണ കേരളീയ നവോത്ഥാനത്തിന്റെ ആശയങ്ങളിൽ ആകൃഷ്ടരായി. 1935 ലെ കർഷക സംഘത്തിന്റെ പ്രവർത്തനം, കർഷക ജാഥകൾ, കർഷക സമരങ്ങൾ തുടങ്ങിയവയിൽ ജനപങ്കാളിത്തവും അതിലൂടെ മാറ്റങ്ങളും ഉണ്ടാകാൻ തുടങ്ങി. ദേശീയസ്വാതന്ത്ര്യത്തിന്റെ അലയൊലികളും കക്കോടിയിലുണ്ടായി. 1932 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രാദേശിക ഘടകം രൂപീകരിച്ചു. സി.പി. രാമൻനായർ, കൂടത്തിൽ ഗോവിന്ദൻ, അബൂബക്കർ മാസ്റ്റർ, കണ്ടിയിൽ ഉണ്ണീരി എന്നിവർ ആദ്യകാല പ്രവർത്തകരായിരുന്നു. കക്കോടിയിലെ കലാ സാംസ്കാരിക പ്രവർത്തനത്തിന് നെടുനായകത്വം വഹിച്ചത് 1935 ൽ രൂപീകരിച്ച കക്കോടി ഗ്രാമീണ വായനശാലയായിരുന്നു. ശ്രീ. കാളിൽ നാരായണൻ നായരുടെ പ്രവർത്തനം അവിസ്മരണീയമാണ്. 1989 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപംകൊണ്ടപ്പോൾ ശ്രീ. തളിയിൽ കൃഷ്ണൻനമ്പൂതിരിയുടെ നേതൃത്വത്തിൽ വാളക്കാട് എസ്റ്റേറ്റ് കേന്ദ്രീകരിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം നടത്തിയിരുന്നു. അഖിലേന്ത്യാ പ്രമുഖരായ പല നേതാക്കളും ഒളിവ് ജീവിതം നയിച്ച് ഇവിടെ പാർട്ടി പ്രവർത്തനം നടത്തിയിരുന്നു. രണ്ടാം ലോകമഹായുദ്ധത്തിന് ശേഷമുണ്ടായ കടുത്ത ഭക്ഷ്യക്ഷാമത്തെ തുടർന്ന് 1946 ൽ ചേളന്നൂർ-താമരശ്ശേരി ഉപഭോക്തൃ സഹകരണ സംഘം രൂപീകരിച്ചു. ഇതാണ് പിന്നീട് ചേളന്നൂർ -കക്കോടി സർവീസ് കോ-ഓപറേറ്റീവ് ബാങ്കുകളായി മാറിയത്. 1957 ൽ തിരഞ്ഞെടുപ്പ് നടന്നപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വരികയും 1959 ൽജന്മിത്വം അവസാനിപ്പിച്ചുകൊണ്ടുള്ള നിയമം കൊണ്ടുവന്നു. അതിനെത്തുടർന്നുള്ള പ്രവർത്തനത്തിന്റെ

ഫലമായി 19 ജന്മിമാരിൽ കേന്ദ്രീകരിച്ചിരുന്ന 18.59 ച. കി.മീ വിസ്തീർണ്ണമുള്ള ഭൂമി 5522 പേർക്കായി വീതിക്കപ്പെട്ടു. 5 ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവർ ഇന്ന് കക്കോടി ഗ്രാമപഞ്ചായത്തിൽ നാമമാത്രമാണ്. ഉല്പാദനരീതിയിലും ഉല്പാദനബന്ധങ്ങളിലും വമ്പിച്ച മാറ്റങ്ങൾ ജനകീയാസൂത്രണ കാലഘട്ടത്തിലുണ്ടായി. കഴിഞ്ഞ 25 വർഷത്തെ ജനകീയ ഇടപെടൽ നമ്മുടെ പഞ്ചായത്തിനെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

## പരിസ്ഥിതി പ്രശ്നങ്ങൾ–അവലോകനം

ഒരു സമൂഹത്തിന് താങ്ങാനാവുന്നതിലും വലിയ അപകടഘട്ടങ്ങളെയാണ് ദുരന്തമായി കണക്കാക്കുന്നത്. അതിനാൽ തന്നെ ഒരോ ദുരന്തവും അത് നേരിട്ട സമൂഹത്തിന്റെയും അവർ അധിവസിക്കുന്ന പരിസ്ഥിതിയുടെയും വികാസപരിണാമങ്ങളെ ആഴത്തിൽ സ്വാധിനിക്കുന്ന വനനശീകരണം ,ജൈവവൈവിധ്യശോഷണം , സുസ്ഥിരമല്ലാത്ത വികസനം തുടങ്ങി പാരിസ്ഥിതിക ആഘാതത്തിന് വഴി വെക്കുന്ന പ്രവർത്തികളെല്ലാം ഒരോ പ്രദേശത്തിന്റെയും ദുരന്ത സാധ്യത ഉയർത്തുന്നു. ജൈവവൈവിധ്യത്തിന്റെ ഈറ്റില്ലമായ "ഹോട്ട് സ്പോട്ടുകൾ" ഏറെ ഉള്ള തെക്കെ ഏഷ്യ പ്രകൃതിദുരന്ത സാധ്യതക്കുകൂടി പേരു കേട്ട പ്രദേശമാണ്. ഇവിടെ അധിവസിക്കുന്ന 50 കോടിയോളം ദരിദ്രരുടെ സാമൂഹിക സാമ്പത്തിക അവസ്ഥകൂടി പരിഗണിക്കുമ്പോൾ ഭൂമിയിലെ ഏറ്റവും അപകടം കൂടിയ പ്രദേശമായി നമ്മുടെ രാജ്യം മാറും.

കഴിഞ്ഞ മൂന്ന് ദശകങ്ങളിലായി താപനിലയിലും മഴയുടെ ക്രമത്തിലും ദ്രുതഗതിയിലുള്ള മാറ്റങ്ങൾക്ക് രാജ്യം സാക്ഷ്യം വഹിച്ചു. ദുരന്തങ്ങളുടെ ആഘാതം ലഘൂകരിക്കാനും എളുപ്പത്തിൽ പ്രതികരിക്കാനും സദാ തയ്യാറായിരിക്കുക എന്ന പാഠമാണ് , നാം കണ്ട ദുരന്തങ്ങളുടെ എണ്ണവും വലിപ്പവും സങ്കീർണതകളും നമ്മെ പഠിപ്പിക്കുന്നത്. പ്രകൃതി ദുരന്തങ്ങളും മനുഷ്യനിർമ്മിത ദുരന്തങ്ങളും വർത്തമാനകാല നഗരജിവിത യാഥാർത്ഥ്യങ്ങളായി ഈ രാജ്യത്ത് മാറിയിരിക്കുന്നു.

ദുരന്തങ്ങൾ സൃഷ്ടിക്കുന്ന അനിശ്ചിതത്വങ്ങളെ നേരിടാനായി പ്രകൃതിദത്ത പരിഹാരമാർഗ്ഗങ്ങൾ ആരായുന്നത് അന്താരാഷ്ട്രതലത്തിൽ ഏറെ പിന്തുണക്കപ്പെടുന്നുണ്ടെങ്കിലും രാജ്യത്തെ ദുരന്തനിവാരണ നയങ്ങളിൽ ഇനിയും ഇടം കണ്ടെത്തിയിട്ടില്ല. ദുരന്തങ്ങളും കാലാവസ്ഥാവ്യതിയാനങ്ങളും സൃഷ്ടിക്കുന്ന ആഘാതങ്ങളെ നേരിട്ടുകൊണ്ട് ഇരകൾക്ക് ആശ്വാസം എത്തിക്കുന്നതിലും നല്ലത് അവയെ ലഘൂകരിക്കുന്നതിന് മുൻകൂട്ടി തയ്യാറാക്കുന്നതാണെന്ന തിരിച്ചറിവ് പ്രകൃതിദത്ത പരിഹാരമാർഗ്ഗങ്ങളിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിന് കാരണമായി. കാലാവസ്ഥാ വ്യതിയാനങ്ങളോ ഭക്ഷ്യ/ജല സുരക്ഷ അപകടത്തിലാക്കുന്നതോ പ്രകൃതി ദുരന്തങ്ങളോ കാരണം ജനജിവിതം ദുസ്സഹമായ, സ്വാഭാവികമോ പരിഷ്കരണവിധേയമോ ആയ ആവാസ വ്യവസ്ഥകളുടെ സംരക്ഷണത്തിനും സുസ്ഥിരപരിപാലനത്തിനും പുനസ്ഥാപനത്തിനും ഉതകുന്ന പ്രവർത്തനങ്ങളെ പ്രകൃതിദത്ത പരിഹാരമാർഗ്ഗങ്ങളായി നിർവചിക്കുന്നു.

കാലാവസ്ഥാ വ്യതിയാന അനുബന്ധിയായ പ്രകൃതി ദുരന്തങ്ങളെ ചെറുക്കുന്നതിനും അവയുടെ അപായ സാധ്യത ലഘൂകരിക്കുന്നതിനും ദാരിദ്ര്യനിർമാർജ്ജനത്തിനും ഹരിതസമ്പദ് വ്യവസ്ഥ സ്ഥാപിക്കുന്നതിനും മുഖ്യ ഘടകമായി ജൈവ വൈവിധ്യ സംരക്ഷണവും ആവാസവ്യവസ്ഥ നൽകുന്ന സേവനങ്ങളുടെ തുടർച്ചയും നിലനിർത്തേണ്ടതുണ്ട്. പ്രകതിദത്ത പരിഹാരമാർഗ്ഗങ്ങൾ നിരവധി നയപരമായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതോടൊപ്പം ചെലവ് ചുരുക്കൽ, ജിവിതോപാധികൾ സൃഷ്ടിക്കൽ ഹരിത സമ്പദ്ഘടന നിർമ്മാണം തുടങ്ങിയ ഗുണങ്ങളും പ്രദാനം ചെയ്യുന്നു.

2018–19 കാലയളവിൽ ഉണ്ടായ വെള്ളപ്പൊക്കം പൂനൂർപുഴക്ക് അടുത്തുകിടക്കുന്ന വാർഡുകളെ പൂർണ്ണമായും ബാധിച്ചു. നേരത്തെതന്നെ മഴയൊന്ന് കനത്താൽ ഈ വാർഡുകളിലെ താഴ്ന്ന നിലങ്ങൾ പൂർണ്ണമായും വെള്ളത്തിലാകുമായിരുന്നു. പഞ്ചായത്തിന്റെ മറ്റ് ഇടങ്ങളിലും ഇതുതന്നെയാണ് സംഭവിച്ചിരുന്നത്. പക്ഷെ വലിയ ദുരിതങ്ങളും ദുരന്തങ്ങളും ഇതിന്റെ ഭാഗമായി ഉണ്ടായിരുന്നില്ല. എരക്കുളം എന്ന തണ്ണീർത്തടം ചളി, പായൽ എന്നിവ കൊണ്ട് മൂടിയതും കക്കോടി ബസാറിൽ വെള്ളം കയറുന്നതിന് കാരണമാകാറുണ്ട്. പക്ഷെ രൂക്ഷത കുറവായിരുന്നു. എന്നാൽ ആകസ്മികമായ 2018–19 ലെ വെള്ളപ്പൊക്കം കേരളത്തിലെ മറ്റു പ്രദേശങ്ങളെ പോലെ കക്കോടി ഗ്രാമപഞ്ചായത്തും ദുരിതത്തിലായി. കിരാലൂർ (വാർഡ് 15) മോരീക്കര, ഒറ്റതെങ്ങ് , കരിപ്പാക്കടവ്, ചെറുകുളം പോലുള്ള പ്രദേശങ്ങളിലാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. നിരവധി കുടുംബങ്ങളെ സ്കൂൾ, ഓഡിറ്റോറിയം എന്നീ പൊതുസ്ഥാപനങ്ങളിലേക്ക് മാറ്റി പാർപ്പിക്കുകയാണ് ചെയ്തത്. വെള്ളം ഇറങ്ങിയാൽ വീട്ടിലേക്ക് തിരിച്ചുപോകുമ്പോൾ ഉണ്ടാവുന്ന പ്രശ്നങ്ങളാണ് കൂടുതൽ രൂക്ഷമാകുന്നത്. വസ്തുവഹകളുടെ നാശനഷ്ടം ഒരു പ്രധാന വിഷയമാണ്. ഇവയിൽ നിന്നെല്ലാം കരകയറുവാൻ ഏറെ ദിവസങ്ങൾ പിടിക്കും. ഈയൊരവസ്ഥയിലാണ് ഇതിനായി ദുരന്തനിവാരണവും അതിജീവനവും എന്ന പ്രക്രിയ കേരളം ആരംഭിച്ചത്. ആയതിനെ അതീവ ഗൗരവത്തോടെ ഗ്രാമപഞ്ചായത്ത് കാണുകയുണ്ടായി.

ദുരന്തസാഹചര്യമുണ്ടായാൽ മുഴുവൻ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു ദുരന്തനിവാരണ ടിം വിവിധ സന്നദ്ധ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പങ്കാളിത്തത്തോടെ പ്രവർത്തനമാരംഭിച്ചു. ഇതിൻറെ ഭാഗമായി റസ്പോൺസ് പ്ലാനും, അതിന്റെ ഭാഗമായി അന്വേഷണ-രക്ഷാപ്രവർത്തന-ഒഴിപ്പിക്കൽ ടിം, ഷെൽട്ടർ മാനേജ്മെന്റ് ടിം, പ്രഥമ ശുശ്രൂഷ/ബേസിക്ക് ലൈഫ് സപ്പോർട്ട് ടിം എന്നിവ ഉണ്ടാക്കി രക്ഷാപ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടും. ഇതിൽ തദ്ദേശഭരണതലത്തിൽ പ്രവർത്തിക്കുന്ന ഹയർസെക്കണ്ടറി സ്കൂളിലെ എൻ എസ് എസ് , സ്കൗട്ട്&ഗൈഡ്സ് കൂടാതെ യുവജനക്ഷേമ ബോർഡ്, നെഹ്റു യുവകേന്ദ്ര മുതലായ സ്ഥാപനങ്ങളിൽ അംഗത്വമുള്ള യുവജനങ്ങൾ എന്നിവരെ ഉൾപ്പെടുത്തി ദുരന്ത നിവാരണ ടീം പ്രവർത്തനം പഞ്ചായത്തിൽ ആരംഭിച്ചു. ഇവർക്ക് ആവശ്യമായ പരിശീലനം ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നേടുകയുണ്ടായി.

ഈ ടീമിനാവശ്യമായ സാധനസാമഗ്രികൾ പഞ്ചായത്ത്തലത്തിൽ പദ്ധതിവിഹിതം ഉപയോഗിച്ചും സംഭാവനകളിലൂടെയും ശേഖരിച്ചു.ഇതുപോലെ തന്നെ കോവിഡ് മഹാമാരി വന്നപ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യവിഭാഗവും പഞ്ചായത്ത് ഭരണസമിതിയും കൈകോർത്ത് ഈ ദുരന്തത്തെയും നേരിട്ടു. വാർഡ്തലങ്ങളിൽ ആർ ആർ ടി വളണ്ടിയർമാരെ സംഘടിപ്പിച്ച് പരിശീലനം നൽകി കോവിഡ് ബാധിച്ച വ്യക്തികളെയും കുടുംബങ്ങളെയും പരിചരിക്കുവാനും ആവശ്യമുള്ള സഹായങ്ങൾ നൽകുവാനും കഴിഞ്ഞു. നമ്മുടെ പഞ്ചായത്തിൽ എഫ് എൽ ടി സി സ്ഥാപിച്ച് കൊണ്ട് കോവിഡ് രോഗികളെ താമസിപ്പിച്ച് പരിചരിക്കുന്ന കേന്ദ്രംതന്നെ തുറന്നു. വാർഡ് 9 ലുള്ള എം ഇ എസ് ആർക്കിടെക് കോളേജ് ഈ കേന്ദ്രത്തിനായി ബന്ധപ്പെട്ടവർ അനുവദിച്ച് തരുകയും ചെയ്തു. ആരോഗ്യപ്രവർത്തകരുടെയും ആർ ആർ ടി വളണ്ടിയർമാരുടെയും നിസ്വാർത്ഥസേവനങ്ങൾ ഈ മഹാമാരിയെ നിയന്ത്രിക്കുന്നതിനും മറ്റ് ശുചീകരണപ്രവർത്തനങ്ങൾ നടത്തുന്നതിനും സഹായകമായി.

മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി ദുരന്തസാധ്യത ഏറെയുള്ള വാർഡുകളും, ഈ പ്രദേശത്തേക്ക് എത്തിച്ചേരുവാനുള്ള വഴികളും, ഈ മേഖലയിലേക്കുള്ള നീരൊഴുക്ക് ഗതാഗതം സുഗമമാക്കുന്നതിനുള്ള നടപടികളും, കയർ ഭൂവസ്ത്രം എന്നിങ്ങനെ ജൈവസാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തനങ്ങൾ ചെയ്യുന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനോടൊപ്പം ജലസ്രോതസ്സുകളും, ജലാശയങ്ങളുടെ പരിപാലനവും, നവീകരണ സ്വഭാവം കണ്ടെത്തി രേഖപ്പെടുത്തിയിരിക്കുന്നു.

ദുരന്തം നേരിടുന്ന പ്രദേശത്തെ മണ്ണും ജലവും തോടും അരുവികളും എല്ലാം സംരക്ഷിക്കുക എന്നതാണ് ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ പ്രധാന പ്രവർത്തനം. ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ കൂടുതലും പ്രദേശവാസികളെ പ്രതിരോധപ്രവർത്തനങ്ങളിൽ പരമാവധി ഉൾപ്പെടുത്തേണ്ടതാണ്. ജലസംരക്ഷണം, ജലാശയ പുനർജീവനം, മണ്ണ് സംരക്ഷണം, ഭൂജല സംരക്ഷണം, നീർത്തട പരിപാലനം എന്നങ്ങനെയുള്ള പ്രവർത്തനങ്ങളാണ് സമിതി നേതൃത്വം നൽകുന്നത്.

സാമൂഹിക ശാക്തീകരണത്തിന് മുന്നോടിയായി സാമൂഹ്യ ബോധവത്കരണവും ജനകീയ പ്രതിരോധ വളർത്തലും പരിശീലനങ്ങളുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി സാമൂഹ്യ അധിഷ്ഠിത സംഘടനകൾ ജനകീയ സാംസ്കാരിക സാമൂഹ്യ സംഘടനകൾ പാടശേഖര സമിതികൾ, രാഷ്ട്രീയ പാർട്ടികൾ എന്നിങ്ങനെയുള്ള സംഘടനകൾ പ്രയോജനപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

- പൂന്തൂർ പുഴയുടെയും അകലാപ്പുഴയുടെയും തീരത്ത് മുളങ്കാടുകൾ വെച്ചുപിടിപ്പിക്കാൻ തൊഴിലുറപ്പ് പദ്ധതിയെ സംയോജിപ്പിച്ചുകൊണ്ട് നടപ്പിൽ വരുത്താവുന്നതാണ്
- ജൈവവൈവിധ്യ രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യൽ
- ഇ ആർ ടി ശക്തിപ്പെടുത്തുക, ഇ ആർ ടി ക്ക് പരിശീലനം നൽകുക
  ദുരന്തനിവാരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങി നൽകുക
- ശ്മശാനത്തിന്റെ ചുറ്റുമുള്ള സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുക
- കാർബൺ ന്യൂട്രൽ പഞ്ചായത്ത് ആക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങുക ഓരോ വാർഡും കാർബൺ ന്യൂട്രൽ പ്രഖ്യാപനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക

• പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മാലിന്യം വലിച്ചെറിയാൻ സാധ്യതയുള്ള സ്ഥലങ്ങൾ ചെടികൾ വെച്ചുപിടിപ്പിച്ച സ്നേഹാരാമങ്ങൾ ആക്കി മാറ്റൽ

## വർക്കിംഗ് ഗ്രൂപ്പംഗങ്ങളുടെ വിവരങ്ങൾ (2025-26)

## ജൈവവൈവിധ്യ മാനേജ്മെൻറ് ,കാലാവസ്ഥാ വ്യതിയാനം , പരിസ്ഥിതി സംരക്ഷണം ,ദുരന്ത നിവാരണം

| ക്രമ നമ്പർ | പേരും വിലാസവും | ഫോൺ ,ഇമെയിൽ | പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെ സ്ഥാനം | ഉൾപ്പെടുന്ന വിഭാഗം | എസ്.സി/മറ്റുള്ളവ | വിദ്യാഭ്യാസയോഗ്യത | തൊഴിൽ |
|---|---|---|---|---|---|---|---|
| 1 | ഷീബ കെ. പി, പ്രസിഡണ്ട്, കക്കോടി ഗ്രാമപഞ്ചായത്ത് | 9847997286 | ചെയർപേഴ്സൺ | | | | |
| 2 | നിഷാന്ത് ആർ സെക്രട്ടറി കക്കോടി ഗ്രാമപഞ്ചായത്ത് | 9446161787 | കൺവീനർ | | | | |
| 3 | ഹേമചന്ദ്രൻ | 9746532908 | വൈസ് ചെയർമാൻ | | | | |
| 4 | ശുഭ-മെമ്പർ | 9995615494 | അംഗം | General | | S S L C | Member |
| 5 | ബിജു കുരാട്ട് | 7994588778 | അംഗം | General | | S.S.L.C | കൂലി |
| 6 | പ്രശോഭ് മലയിൽ | 9744743561 | അംഗം | | | | |
| 7 | അഭിജിത്ത് | | അംഗം | | | | |
| 8 | അപർണ്ണ | 9544600978 | അംഗം | OBC | | Plus Two | |
| 9 | സുരേഷ് ടി.കെ ഹെൽത്ത് ഇൻസ്പെക്ടർ | | അംഗം | | | | |
| 10 | നിതിൻ ചെറുകുളം | | അംഗം | | | | |
| 11 | കെ ടി രഞ്ജുൽ | 9946776674 | അംഗം | General | | Plus Two | Driver |
| 12 | സുനിൽകുമാർ പൂന്നോളി | | അംഗം | | | | |
| 13 | ധനേഷ് ടി ടി | | അംഗം | | | | |
| 14 | സനേഷ് ,പാറമ്മൽ ,കിരാലൂർ | | അംഗം | | | | |
| 15 | സജിൻ സി | | അംഗം | | | | |
| 16 | കെ പി രാജേഷ് | 9895175071 | അംഗം | | | | |
| 17 | പ്രജിത ഇ വാർഡ് 8 | | | | | | |

## 2025–26 വർഷത്തെ വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ

- പൂനൂർ പുഴയുടെയും അകലാപ്പുഴയുടെയും തീരത്ത് മുളങ്കാട്ടുകൾ വെച്ചുപിടിപ്പിക്കാൻ തൊഴിലുറപ്പ് പദ്ധതിയെ സംയോജിപ്പിച്ചുകൊണ്ട് നടപ്പിൽ വരുത്താവുന്നതാണ്
- ജൈവവൈവിധ്യ രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യൽ
- ഇ ആർ ടി ശക്തിപ്പെടുത്തുക, ഇ ആർ ടി ക്ക് പരിശീലനം നൽകുക
  ദുരന്തനിവാരണത്തിനുള്ള ഉപകരണങ്ങൾ വാങ്ങി നൽകുക
- ശ്മശാനത്തിന്റെ ചുറ്റുമുള്ള സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കുക
- കാർബൺ ന്യൂട്രൽ പഞ്ചായത്ത് ആക്കി മാറ്റുന്നതിനുള്ള ശ്രമങ്ങൾ തുടങ്ങുക ഓരോ വാർഡും കാർബൺ ന്യൂട്രൽ പ്രഖ്യാപനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക
- പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മാലിന്യം വലിച്ചെറിയാൻ സാധ്യതയുള്ള സ്ഥലങ്ങൾ ചെടികൾ വെച്ചുപിടിപ്പിച്ച സ്നേഹാരാമങ്ങൾ ആക്കി മാറ്റൽ

അധ്യായം 6

പ്രൊജക്ടുകളും അവയുടെ വിശദാംശങ്ങളും